## 3.501 മഞ്ഞിൻ മാമല മോളിലേറി. . . (ഉമേഷ്)[100]

ശാർദ്ദൂലവിക്രീഡിതം

മഞ്ഞിൻ മാമല മോളിലേറി, യുടലിൽ വെണ്ണീറു പൂശി, സ്സദാ
നഞ്ഞും മോന്തിയിരുന്ന പുള്ളിയെയുടൻ സർവ്വജ്ഞനാക്കുന്നൊരാ
കുഞ്ഞിക്കണ്ണു തുറന്നു, ഞങ്ങൾ വിഷമിച്ചെന്തൊക്കെയോ ചെയ്തു വെ–
ച്ചഞ്ഞൂറാക്കിയൊരീ സദസ്സിനെയുമേ! നന്നായ് കടാക്ഷിക്കണേ!

കവി : **ഉമേഷ് നായർ**

## 3.502 കാടേറുന്ന മനുഷ്യർ തൻ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കാടേറുന്ന മനുഷ്യർ തൻ ഹൃദയമേതാരണ്യജന്തുക്കൾതൻ
കൂടാണെന്നു കഥിക്കുവാൻ പണി, യെനിക്കാശ്ചര്യമില്ലായതിൽ,
നാടേ, നിൻ രഥമോട്ടുവോർക്കുടയ നെഞ്ചിന്നുള്ളിൽ നാറുന്ന വൻ–
തോടേ കണ്ട കവിക്കുമിങ്ങടവിയുണ്ടെന്നാൽത്തപസ്സേ വരം!

കവി : **യൂസഫലി കേച്ചേരി**

## 3.503 നിന്നാദ്യസ്മിത, മാദ്യചുംബനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നിന്നാദ്യസ്മിത, മാദ്യചുംബന, മനുസ്യൂതസ്സ്വരന്മാധുരീ–
മന്ദാക്ഷം, പുളകാഞ്ചിതസ്തനയുഗം, പ്രേമാഭിരാമാനനം,
കുന്ദാസ്തോത്സവചഞ്ചലത്പൃഥുനിതംബശ്രീസമാശ്ലേഷസ–
മ്പന്നാനന്ദമഹോ മനോഹരി! മരിപ്പിക്കും സ്മരിപ്പിച്ച നീ!

കവി : **വി. കെ. ജി.**

## 3.504 കാക്കപ്പുള്ളിയൊരെണ്ണമുണ്ടു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കാക്കപ്പുള്ളിയൊരെണ്ണമുണ്ടു കവിളിൻ കാന്തിത്തഴപ്പിൽ, ക്കണ–
ക്കാക്കാനില്ലതൊരൂനമായി, മധുരസ്മേരപ്രഭം നിന്മുഖം;
നോക്കും പെൺകൊടിമാരസൂയയിലെരി, ഞ്ഞെയ്യും കരിങ്കണ്ണവ–
ന്നേൽക്കായ്‌വാൻ പണി തീർന്നവാറൊരു മഷിക്കുത്തിട്ടു പൊൽത്താർമകൻ!

കവി : **എൻ.കെ. ദേശം.**

## 3.505 നീരാട്ടം ജട, നീറണിഞ്ഞ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നീരാട്ടം ജട, നീറണിഞ്ഞ തിരുമെയ്, നീറുന്ന തൃക്ക, ണ്ണമാ–
നീരന്ധ്രപ്രണയാഭിഷിക്തഹൃദയം, നഞ്ഞാണ്ട കണ്ഠസ്ഥലം,
കാളാഹിച്ചുരുൾ കങ്കണം, ശില ഗൃഹം, കാളപ്പുറം തേർത്തടം,
കാലാരേ! ചുടലക്കളക്കളരിയാശാനേ! നമിക്കുന്നു ഞാൻ!

കവി : **വി. കെ. ജി.**

## 3.506 കിരാതവേഷം പരിചോടണിഞ്ഞ. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

കിരാതവേഷം പരിചോടണിഞ്ഞ–
ക്കിരീടിതൻ ദർപ്പമൊഴിച്ചൊരീശൻ
മരിക്കുവോളം മമ ഹൃത്തിൽ ദർപ്പം
സ്ഫുരിച്ചിടായ്‌വാൻ തുണയേകിടേണം.

കവി : **ബാലേന്ദു**

## 3.507 മഞ്ജീരം മഞ്ജുനാദൈരിവ. . . (ഋഷി)[101]

സ്രഗ്ദ്ധര

മഞ്ജീരം മഞ്ജുനാദൈരിവ പദഭജനം ശ്രേയ ഇത്യാലപന്തം
പാദാഗ്രം ഭ്രാന്തിമജ്ജത്പ്രണതജനമനോമന്ദരോദ്ധാരകൂർമ്മം
ഉത്തുംഗാതാമ്രരാജന്നഖരഹിമകരജ്യോത്സ്നയാ ചാശ്രിതാനാം
സന്താപധ്വാന്തഹന്ത്രീം തതിമനുകലയേ മംഗലാമംഗലീനാം

കവി : **മേൽപത്തൂർ** , കൃതി : *നാരായണീയം* (100:9)

## 3.508 ഊണിന്നാസ്ഥ കുറഞ്ഞു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഊണിന്നാസ്ഥ കുറഞ്ഞു, നിദ്ര നിശയിങ്കൽപോലുമില്ലാതെയായ്
വേണന്നോരോരോടൊരാഭിമുഖ്യമൊരുനേരം നാസ്തി നക്തം ദിവം,
കാണും, പോന്ന പുറത്തുനിന്ന കരയും ഭൈമീ - നളന്നന്തികേ
താനും പുഷ്കരനും തദീയ വൃഷവും നാലാമതില്ലാരുമേ

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.509 കാന്തൻ കനിഞ്ഞു പറയുന്നൊരു. . . (ബാലേന്ദു)

വസന്തതിലകം

കാന്തൻ കനിഞ്ഞു പറയുന്നൊരു ചാടുവാക്യം
പൂന്തേൻ തൊഴും മൊഴി നിശമ്യ വിദർഭകന്യാ
ധ്വാന്തം ത്രപാമയമപാസ്യ നിശേന്ദുനേവ
സ്വാന്തർമ്മുദാ പുരവരേ സഹ തേന രേമേ.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.510 ധന്യൻ ചേന്നാസു നമ്പൂതിരി. . . (സുനിൽ)

സ്രഗ്ദ്ധര

ധന്യൻ ചേന്നാസു നമ്പൂതിരിയതിമതിമാൻ കണ്ടകക്കൈതതൻ പൂ–
വിന്നോ ചേരുന്നതുണ്ടോ സുലഭതയഴകിത്യാദിയാത്താരിനോർത്താൽ?
മാന്യശ്രീമൽ ബുധേന്ദ്രൻ കവിമണി നിഗമക്കാതലദ്ദേഹമേറ്റം
മിന്നും നൽച്ചമ്പകത്തിൻ നറുമണിമലരാസ്ഥർക്കമില്ലൊക്കമല്ലോ

[100] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 500 ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയത്.

[101] [*ഉമേഷ്*] **ശ്ലോകം 3.507 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി):
ശ്രേയസ്സുണ്ടാം ഭജിപ്പോർക്കിതു മധുരമുരയ്ക്കുന്ന നിൻ കാൽച്ചിലമ്പും
മായാമഗ്നസ്വഭക്തോദ്ധരണകമഠമായുള്ള പാദാഗ്രവും ഞാൻ
ചെന്താർച്ചെമ്മാർന്ന മിന്നും നഖമതികൾ പെറും പാലൊളിപ്പൂനിലാവാൽ
സന്താപദ്ധ്വാന്തമോർപ്പോർക്കറ, മതു വിധമാം കാൽവിരൽച്ചാർത്തുമോർക്കാം.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.511 മുക്കാൽക്കാശിനു ബീഡി പോലെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

മുക്കാൽക്കാശിനു ബീഡി പോലെ സുകൃതം വാങ്ങാനു, മാ സ്ത്രീകളെ–
ത്തിക്കാനും തരമാവുമെന്നു കരളിൽ കണ്ടീടുമാണുങ്ങളും
മുക്കാം പണ്ടമണിഞ്ഞു, മേനി മുഴവൻ കാട്ടി, ക്കുളിക്കാതെയാ
മുക്കാസ്സാരിയുടുത്ത പെണ്മണികളും - നന്നല്ലയിന്നമ്പലം!

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.512 മാനം മേ ഭൂതലം മേ. . . (ബാലേന്ദു)

സ്രശ്ധര

മാനം മേ ഭൂതലം മേ വരതനുരുചി മേ കീർത്തി മേ നത്സുഖം മേ
ജ്ഞാനം മേ വിക്രമം മേ തരുണപദവി മേ സാഹിതീകൗശലം മേ
ഗാനം മേ സദ്ഗുണം മേ ഭുജബലമതു മേ സൽക്കുലം മേ ധനം മേ
നൂനം മേ സർവ്വമിത്ഥം നൃപരജനിരപോലങ്ങു "മേ മേ" കരഞ്ഞാർ.

കവി : **ഉള്ളൂർ**

## 3.513 ഗൃഹിണിമാർ നരനായിരമായിടാം. . . (ഹരി)

ദ്രുതവിളംബിതം

ഗൃഹിണിമാർ നരനായിരമായിടാം
മഹിള ചാവൊളമേകപതിവ്രത
മഹിയിതിൽപ്പുരുഷന്റെ മനുഷ്യതാ–
രഹിതമാം ഹിതമാമിതു നീതിയോ ?

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.514 മടിയിൽ മോടിയിൽ. . . (ബാലേന്ദു)

ദ്രുതവിളംബിതം

മടിയിൽ മോടിയിൽ മോഹിനി ഗൗരിയും
മുടിയിൽ മാടിയിൽ മാനിനി ഗംഗയും
ചിടയുമാടയുമാർന്നിടുമീശ! നി–
ന്നടിതലോടി തലോപരി വീണിടാം.

## 3.515 ചിതമൊടാ മധുഗന്ധം. . . (ഉമേഷ്)[102]

ദ്രുതവിളംബിതം

ചിതമൊടാ മധുഗന്ധമെഴും സുമ–
സ്മിതമണിഞ്ഞ തളിർച്ചൊടി മോടിയാൽ
സുതരു ചേർന്നെവനും നവമല്ലികാ–
ലത രസാൽ തരസാ മദമേറ്റി പോൽ.

---

[102] [*ഉമേഷ്*] ശ്ലോകം **3.515 :** മൂലശ്ലോകം (കാളിദാസൻ):

അമദയന്മധുഗന്ധസനാഥയാ
കിസലയാധരസങ്ഗതയാ മനഃ
കുസുമസംഭൃതയാ നവമാലികാ
സ്മിതരുചാ തരുചാരുവിലാസിനഃ

കവി : കുണ്ടൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ (9:40)*

## 3.516 സാ കവിതാ, സാ വനിതാ. . . (സുനിൽ)

ഗീതി

സാ കവിതാ, സാ വനിതാ
യസ്യാഃ ശ്രവണേന ദർശനേനാപി
കവിഹൃദയം, യുവ ഹൃദയം
സരളം തരളം ച സത്വരം ഭവതി

## 3.517 കരകൾ കവിയുമാറായ്. . . (ജീവി)

മാലിനി

കരകൾ കവിയുമാറായ് വെള്ളമേന്തും കുളത്തി–
ന്നൊരുവഴി പരിരക്ഷയ്ക്കോവു വെക്കുന്നതല്ലോ;
തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെ–
ക്കരയുകിലതുതന്നേ തെല്ലൊരാശ്വാസഹേതു

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.518 തൃക്കയ്യിൽ കബളാന്നവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തൃക്കയ്യിൽ കബളാന്നവും വിരൽകളിൽ സാരോപദംശങ്ങളും
പോത്തും കൊമ്പുമുദാരപത്രവുമിടംകക്ഷേ വഹൻ കൗതുകാൽ
വസ്ത്രാന്തേ മടിയിൽദ്ധരിച്ച മുരളീം ഗോപാലരും താനുമായ്
സ്വർഗ്ഗത്തുള്ളവർ നോക്കിനിൽക്കെ യജനാദ്ധ്യക്ഷൻ ഭുജിച്ചീടിനാൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

## 3.519 വെണ്ണസ്മേരമുഖീം വറത്തു. . . (സുനിൽ)

ശാർദ്ദൂലവിക്രീഡിതം

വെണ്ണസ്മേരമുഖീം വറത്തു വരളും വൃന്താകദന്തച്ഛദാം
ചെറ്റോമൽമധുരക്കറിസ്തനഭരാമപ്പോപദംശോദരീം
കെൽപ്പാർന്നോരെരുമത്തയിർകടിതടാം ചിങ്ങമ്പഴോരുദ്വയീ–
മേനാം ഭുക്തിവധൂം പിരിഞ്ഞയി സഖേ! ലോകഃ കഥം ജീവതി?

കവി : തോലൻ

## 3.520 കണ്ണേ മടങ്ങുക. . . (ജീവി)

വസന്തതിലകം

കണ്ണേ മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്വു കിനാവു കഷ്ടം!

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

## 3.521 എൻ കർമ്മച്ചെടി പൂത്തു. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

എൻ കർമ്മച്ചെടി പൂത്തു കായ്കകിലതെൻ സാമർത്ഥ്യ, മെൻബുദ്ധി, യെൻ
മുൻകയ്യിങ്ങു പുരോഗതിക്കു പുലരാൻ പൂങ്കോഴിതൻ കൂജനം
സങ്കൽപസ്വരരാഗസാന്ദ്രസുധ ഞാനേവം സ്വദിക്കേ ഭവ–
ച്ഛംഖസ്വാന, മഹംകൃതിത്തകിലടിക്കുമ്പോൾ ചെവിക്കൊള്ളുമോ?

കവി : **വി. കെ. ജി.**

## 3.522 സൗന്ദര്യം, സുകുമാരതാ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സൗന്ദര്യം, സുകുമാരതാ, മധുരതാ, കാന്തിർ, മനോഹാരിതാ
ശ്രീമത്താ, മഹിമേതി സർഗ്ഗവിഭവാൻ നിശ്ശേഷനാരീഗുണാൻ
ഏതസ്യാമുപയുജ്യ ദുർവിധതയാ ദീനഃ പരാമാത്മഭൂ–
സ്സൃഷ്ടും വാഞ്ഛതി ചേത് കരോതു പുനരപ്യത്രൈവ ഭിക്ഷാടനം.

കവി : **കുലശേഖര വർമ്മൻ**, കൃതി : *സുഭദ്രാധനഞ്ജയം നാടകം*

## 3.523 ഏവം തത്ത്വങ്ങളോർത്താൽ. . . (കർത്താ)

സ്രഗ്ദ്ധര

ഏവം തത്ത്വങ്ങളോർത്താൽ കദനമൊഴിയുവാൻ ന്യായമുണ്ടെങ്കിലും ഞാൻ
ഭുവിൽപ്പെട്ടീ പ്രപഞ്ചസ്ഥിതിയിലിഹ വസിക്കുന്നൊരാളാകമൂലം
താവും താപം ഹൃദന്തേ ദഹനസദൃശമാം ദുഃഖമുണ്ടാക്കിടുന്നു–
ണ്ടാവൂ, ഞാനെന്തു ചെയ്‌വൂ? സഹനപടുതയില്ലാതെ വല്ലാതെയായേൻ.

കവി : **കെ. എം. കൊച്ചീപ്പൻ മാപ്പിള**

## 3.524 താരിൽത്തന്വീകടാക്ഷാഞ്ച. . . (ഉമേഷ്)

സ്രഗ്ദ്ധര

താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിൽത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളകായ്കെന്നമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ ഹന്ത! കൽപാന്തതോയേ.

കവി : **പൂനം നമ്പൂതിരി**

## 3.525 ന്‌ലാവെൻ കണ്ണിന്നു നീ താൻ. . . (കർത്താ)

സ്രഗ്ദ്ധര

“ന്‌ലാവെൻ കണ്ണിന്നു നീ താൻ, മമ തനുവിനു നീ നല്ല പീയൂഷമാ, ണെൻ
ജീവൻ നീ താൻ, ദ്വിതീയം മമ ഹൃദയമതാകുന്നു നീ സുന്ദരാംഗി!”
ഏവം നീയിഷ്ടവാക്യം പലതുമനുസരിച്ചോതിയൊന്നിച്ചു വാണ–
പ്പാവത്തെത്തന്നെ - കഷ്ടം! ശിവ ശിവ! ഇനി ഞാനെന്തിനോതുന്നു ശേഷം?

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമ ചരിതം തർജ്ജമ*

## 3.526 എമ്പാട്ടും സംഭ്രമത്തോടൊരു. . . (ബാലേന്ദു)

സ്രഗ്ദ്ധര

എമ്പാട്ടും സംഭ്രമത്തോടൊരുകയർമുറിയോടോട്ടമമ്മയ്ക്കുമമ്മ–
ട്ടൻപോലും നാരദാദിത്രിദശമുനിമനസ്സിന്നുമജ്ഞാതമായി
അമ്പോ! മായം കളിക്കും കപടനര! ഭവാനെപ്പടിക്കുൾപ്പെട്ടും പാ–
ഴമ്പാടിപ്പെൺകിടാങ്ങൾക്കുടയ ചട്ടലമാം നേത്രജാലാന്തരത്തിൽ!

കവി : **വി. കെ. ജി**

## 3.527 അമ്മാമൻ തന്റെ നെഞ്ഞത്ത്. . . (ഉമേഷ്)

സ്രഗ്ദ്ധര

അമ്മാമൻ തന്റെ നെഞ്ഞത്തമരിലമരവേ പോർമിടുക്കിൻ തിളപ്പാൽ,
നിർമ്മായം കാളിയൻ തൻ തലയിൽ വിലസവേ ലാസ്യമേളക്കൊഴുപ്പാൽ,
സമ്മോദം ഗോപകന്യാരതികളിൽ വിഹരിച്ചീടവേ കാമവായ്പാൽ,
ചെമ്മേ തത്തിപ്പുളച്ചോരിടയനടെയരക്കെട്ടുറക്കട്ടെ ദുഃഖം!

കവി : **വി. കെ. ജി.**

## 3.528 സേവിക്കു ഗുരുഭൃതരെ. . . (ബാലേന്ദു)[103]

ശാർദ്ദൂലവിക്രീഡിതം

സേവിക്കു ഗുരുഭൃതരെ, പ്രിയസഖിക്കൊപ്പം സപത്നീജനേ–
മേവിക്കൊൾ, കരിശം കലർന്നിടയൊലാ കാന്തൻ കയർത്തീടിലും,
ആവും മട്ടു തുണയ്ക്ക ഭൃത്യതതിയെ, ബ്ഭാഗ്യത്തിൽ ഗർവ്വിച്ചിടാ;
ഏവം നാരികൾ നല്ലനാരികളതാം; വംശാധിയേ വാമമാർ!

കവി : **പയ്യമ്പള്ളി ഗോപാലപിള്ള / കാളിദാസൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.529 അണ്ണാക്കിൽ തങ്ങി വെണ്ണക്കഷണം. . . (ഋഷി)

സ്രഗ്ദ്ധര

"അണ്ണാക്കിൽ തങ്ങി വെണ്ണക്കഷണ,മതലിവാൻ തെല്ലു പാ"ലെന്നു കള്ള–
ക്കണ്ണീരോടും യശോദയ്ക്കടയൊരുട്ടുകിൽത്തുമ്പു തൂങ്ങിപ്പിടിച്ച്
തിണ്ണം ശാഠ്യം പിടിക്കും കപടമനജനാം കണ്ണനണ്ണിക്കെഴും തൃ–
ക്കണ്ണിൻ കാരുണ്യപൂരം കവിത പൊഴിയുമെൻ നാക്കു നന്നാക്കിടട്ടെ!

കവി : **ശീവൊള്ളി**

## 3.530 തിരുവുള്ളമിങ്ങു. . . (കർത്താ)

മഞ്ജുഭാഷിണി

തിരുവുള്ളമിങ്ങു കറവില്ല നമ്മിലെ–
ന്നൊരു ഭള്ളുകൊണ്ടു ഞെളിയായൊരിക്കലും,
പരസ്പൃഷ്ടരന്ധ്രമതു നോക്കി നിൽക്കണം
നരപാലകന്നു ചെവി കണ്ണു നിർണയം

കവി : **ഇരയിമ്മൻ തമ്പി**, കൃതി : *രാജസേവാക്രമം*

[103] [*ഉമേഷ്*] ശ്ലോകം **3.528 :** മൂലശ്ലോകം (കാളിദാസൻ):

ശുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

## 3.531 പെണ്മണിവദനം കണ്ടാൽ. . . (ഉമേഷ്)

ഗീതി

പെണ്മണിവദനം കണ്ടാൽ
വെണ്മതി രണ്ടെന്നു മേവിടുന്ന മനം
ഉണ്മ നിനച്ചിതിലെല്ലാം
വെണ്മ തിരണ്ടെന്നു മേ വിടും നമനം?

കവി : **എ. ആർ. രാജരാജവർമ്മ**

## 3.532 ഉപത്യകാസ്വദ്യ. . . (കർത്താ)

വംശസ്ഥം

ഉപത്യകാസ്വദ്യ ഭവന്തമാഗതം
സഹ്യസ്യ ചൈലാമരിചൈകവാസസഃ
ഫലൈശ്ച പുഷ്പൈർഭൃശമർഘ്യപാണയോ
നമന്തി ഭ്രമംസ്തരുഗല്മസമ്പദഃ

കവി : **കുമാരനാശാൻ**, കൃതി : *സ്വാഗതപഞ്ചകം*

## 3.533 ഫലഭരേണ തരുക്കൾ. . . (ഉമേഷ്)[104]

ദ്രുതവിളംബിതം

ഫലഭരേണ തരുക്കൾ നമിച്ചിടും,
ജലഭരേണ ഘനങ്ങളുമങ്ങനെ,
അലഘുസംപദി സജ്ജനവും തഥാ
വിലസിടുന്നു - ഗുണം ഗുണികൾക്കിതു്.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.534 അടവിയതിലനല്പം. . . (കർത്താ)

മാലിനി

അടവിയതിലനല്പം വേരുറച്ചും, പഴക്കം
തടവിയു, മളവില്ലാതുള്ള മാഹാത്മ്യമാർന്നും
സ്ഥൂടതരബഹുശാഖാലംബിതുഷ്യദ്വിജേന്ദ്ര–
ച്ഛടയൊടു വിലസുന്നു വേദമട്ടായ് മരങ്ങൾ

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.535 സ്ഖലിതഭാഗ്യമണഞ്ഞൊരു. . . (ഉമേഷ്)[105]

ദ്രുതവിളംബിതം

സ്ഖലിതഭാഗ്യമണഞ്ഞൊരു നാളിലും
നില മറക്കരുതാരുമൊരിക്കലും;
ഫലഗണം പൊഴിയും പൊഴുതേറ്റവും
തലയുയർത്തുകയാണു തരുവ്രജം.

---

[104] [*ഉമേഷ്*] ശ്ലോകം **3.533** : മൂലശ്ലോകം (കാളിദാസൻ / ഭർത്തൃഹരി):

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ–
നവാംബുഭിർദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സത്പുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം.

[105] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം (സ-ഫ ശ്ലോകം).

കവി : ഉമേഷ് നായർ

## 3.536 ഫാലേ നീലാളകങ്ങൾക്കിടയിൽ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ഫാലേ നീലാളകങ്ങൾക്കിടയിലഴകെഴും ചില്ലിതൻ മേൽവശം ത–
ന്മാലേയസ്നിഗ്ദ്ധരേഖയ്ക്കിടയിൽ നടുവിൽ നീ തൊട്ടതാം കുങ്കുമാങ്കം
കാലേ സഹ്യാചലത്തിൻ കുടിലവലലതാശ്യാമസീമാഞ്ചലത്തിൻ
മേലേ പൊന്തും വിഭാതദ്യുമണിയൊടെതിരായ്, സുഭ്രു, ശോഭിച്ചിരുന്നു.

കവി : കെ. എൻ. ഡി.

## 3.537 കുറളയുളർ പറഞ്ഞോർ. . . (കർത്താ)

മാലിനി

കുറളയുളർ പറഞ്ഞോർ ചാലവും കോപതാമ്രം
മുഖമിതി കൃതമൗനം നൂനമച്ചീസുതായാഃ
ഝടിതി തൊഴുതു വീഴ്വോം തോഴരേ, ഹന്ത ക്ലേ്ശ–
നരിയരി നവസന്ധ്യാപാടലം ചന്ദ്രബിംബം

കൃതി : *ചെറിയച്ചീവർണനം*

## 3.538 ഝഷകേതന, നിൻ സുതൻ. . . (ഉമേഷ്)

വസന്തമാലിക

ഝഷകേതന, നിൻ സുതൻ വരിച്ചോ–
രുഷയാണീ സതി, യെന്നെയീ വിധത്തിൽ
വിഷമത്തിലകപ്പെടുത്തൊലാ നീ,
വിഷയം ത്വത്സ്നുഷ തന്റെയെന്നുമോർക്ക.

കവി : ഉമേഷ് നായർ

## 3.539 വരാദ്ഭുതവപുസ്സതിൽപ്പകുതി. . . (കർത്താ)

പൃഥ്വി

വരാദ്ഭുതവപുസ്സതിൽപ്പകുതി വാങ്ങിവാഴുന്നൊരാ
വരാവരവലാന്തകാദ്യമരവർഗ്ഗവന്ദ്യേ! ശിവേ!
വരാംഗി! വലയാലയേ വിലസീടുന്ന വാമാക്ഷി! മാൽ
വരാതെ വരുവാൻ വരം വിരവിൽ നൽക വിശ്വേശ്വരീ!

കവി : കുണ്ടൂർ നാരായണ മേനോൻ

## 3.540 വേണുവിൻ ശ്രുതിയൊടൊത്തു. . . (ഉമേഷ്)[106]

കുസുമമഞ്ജരി

വേണുവിൻ ശ്രുതിയൊടൊത്തു പാടി മധുരസ്വരത്തി, ലതിനൊത്തുടൻ

---

[106] [*ഉമേഷ്*] ശ്ലോകം **3.540 :** മൂലശ്ലോകം (**മേൽപ്പത്തൂർ**):

വേണുനാദകൃതതാനഗാനകളഗാനരാഗഗതിയോജനാ-
ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം

ചേണിയന്ന പടി താളമിട്ടു, തള കൊഞ്ചിടുന്ന പദമൂന്നിയും,
പാണി കൊണ്ടു ചുമലിൽപ്പിടിച്ചു, മിളകുന്ന പൊൻവള കിലുങ്ങിയും
ശ്രോണി തന്നിലിളകുന്ന ചേലയൊട്ടു ചെയ്തൊരാ നടനമോർക്കുവിൻ!

കവി : **സി. വി. വാസുദേവഭട്ടതിരി / മേൽപ്പുത്തൂർ**, കൃതി : *നാരായണീയം തർജ്ജമ*

## 3.541 പുഞ്ചിരിപ്പൂതുമ തഞ്ചുമഞ്ചിത. . . (ബാലേന്ദു)

കുസുമമഞ്ജരി

പുഞ്ചിരിപ്പൂതുമ തഞ്ചുമഞ്ചിതവിലാസസഞ്ചയരസം തരും
ചഞ്ചലാക്ഷികളണഞ്ഞു കൊഞ്ചുവതുകണ്ടു കിഞ്ചന മയങ്ങൊലാ
കഞ്ജവൈരികലചേർന്ന ചെഞ്ചിടയിലൊത്ത മുണ്ഡശകലം ശിവം
പഞ്ചബാണമദശോഷണം ദുരിതശോഷണം കരുതു ചേതനേ.

## 3.542 കാമകേളികളനേകമാർന്നു. . . (ഉമേഷ്)[107]

കുസുമമഞ്ജരി

കാമകേളികളനേകമാർന്നു രസമേകിയിട്ടവരുമൊത്തുടൻ
യാമുനോദകവിഹാരമൻപൊടു തുടർന്നിതേറ്റമഴകോടു നീ.
പൂമണം വിതറി വീശിടുന്ന കുളിരാർന്ന തെന്നലിയലുന്നതാ–
മാ മനോജ്ഞവനഭൂമിയിങ്കൽ മധുവാണിമാർക്കു മദമേറ്റി നീ.

കവി : **സി. വി. വാസുദേവഭട്ടതിരി**, കൃതി : *നാരായണീയം തർജ്ജമ*

## 3.543 പൊട്ടാക്കിപ്പാലവട്ടത്തിരുമിഴി. . . (ജീവി)

സ്രഗ്ദ്ധര

പൊട്ടാക്കിപ്പാലവട്ടത്തിരുമിഴി, ജടയെക്കാറൊളിച്ചാരുകുന്തൽ–
ക്കെട്ടാക്കി, ക്കേതകിപ്പൂവതിനുടെ വടിവാക്കിപ്പുരം ചന്ദ്രഖണ്ഡം,
മട്ടൊക്കെത്തന്നെ മാറി, പൃഥയുടെ സുതനായ് കാട്ടിലുൾപ്പുക്കു വൈര–
പ്പെട്ടുക്കാൽ ജന്യമിട്ടാ മഹിതകപടകാട്ടാളനെക്കൈതൊഴുന്നേൻ!

കവി : **വള്ളത്തോൾ**

## 3.544 മറവാമറവായ് മറവാ. . . (കർത്താ)[108]

ഗീതി

മറവാമറവായ് മറവായ്
മറവാവല്ലാത മണിവിളക്കായി
നിറവാനിറവായ് നിറവായ്
നിറവായമൃതായ നിലയെ വന്ദിക്കാം

കവി : **കുമാരനാശാൻ**, കൃതി : *പരമപഞ്ചകം*

[107] [*ഉമേഷ്*] **ശ്ലോകം 3.542 :** മൂലശ്ലോകം (**മേൽപ്പുത്തൂർ**):
കേളിഭേദപരിലാളിതാഭിരതിലാളിതാഭിലബലാളിഭിഃ
സ്വൈരമീശ, നനു സൂരജാപയസി ചാരു നാമ വിഹൃതിം വ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൗരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം.

[108] [*കർത്താ*] **ശ്ലോകം 3.544 :**
അർത്ഥം: മറവാ=മറക്കാത്ത മറവായ്=വേദമായി(അറിവായി) മറവായ്=മറയ്ക്കുന്ന വസ്തുവായി മറവാവല്ലത=കറുത്തവാവല്ലാത്ത/മറയ്ക്കാനാവാത്ത മണിവിളക്കു=ചന്ദ്രൻ നിറവ്=പൂർണത നിറവായ്=ഐശ്വര്യമായ് നിറവായ്=പ്രകാശമായി നിറവായമൃതായ=നിറച്ചും അമൃതായ

## 3.545 നരയില്ലിവയെൻ മുഖേന്ദു. . . (ബാലേന്ദു)[109]

വസന്തമാലിക

"നരയില്ലിവയെൻ മുഖേന്ദു വീശും
കിരണൗഘസ്ഫുരദങ്കുരങ്ങളത്രേ".
"ശരിയാണവ കണ്ടു കൂമ്പി നിൽപ്പൂ
തരുണീലോചനനീലനീരജങ്ങൾ".

കവി : എൻ.കെ. ദേശം, കൃതി: (പരിഭാഷ)

## 3.546 ശ്ലോകമാണഖിലസാരമൂഴിയിൽ. . . (ഋഷി)

രഥോദ്ധത

ശ്ലോകമാണഖിലസാരമൂഴിയിൽ
ശ്ലോകമാണു കദനത്തിനൗഷധം
ശ്ലോകമോതി മരണം വരിക്കിലോ
നാകലോകമവനാണു നിർണ്ണയം

കവി : ശങ്കരനാരായണൻ നമ്പൂതിരി

## 3.547 ശോകം വേണ്ടത്രയത്രേ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ശോകം വേണ്ടത്രയത്രേയെവിടെയുമധുനാ ജീവസന്ധാരണാർത്ഥം
വേഗം വായ്ക്കുന്നൊരോട്ടം പുലരിമുതലഹോ സന്ധ്യയാവോളമെന്നും
സാകം നാലഞ്ചുപേരോടിവിടെയിടപെടാൻ മാർഗ്ഗമില്ലേറെയൊന്നും
ശ്ലോകം ചൊല്ലാനിരുന്നാൽക്കരുതുകയിനിയും ജീവിതം ജീവിതവ്യം.

കവി : ബാലേന്ദു

## 3.548 സന്തസ്സന്തന്യമാനാമിഹ. . . (കർത്താ)

സ്രഗ്ദ്ധര

സന്തസ്സന്തന്യമാനാമിഹ സപദി മയാ ഗദ്യപദ്യസ്വരൂപാ–
മാസ്വാദ്യാസ്വാദ്യ വാണീം ഗളദമൃതരസാം സന്തു സന്തുഷ്ടചിത്താഃ
ഫുല്ലന്മല്ലീലതായാ ഇവ മൃദുപവനസ്യന്ദനാന്ദോളിതായാ
മന്ദം മന്ദം സ്രവന്തീം മധുരസലഹരീം പുഷ്പതഷ്ഷട്പദൗഘാഃ

കവി : മേൽപ്പത്തൂർ

## 3.549 ഫാലത്തീയിനു വെള്ളമുണ്ടു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലത്തീയിനു വെള്ളമുണ്ടു തലയിൽ, ക്കണ്ഠസ്ഥഹാലാഹല-
ജ്ജ്വാലയ്ക്കുണ്ടു ശിവാധരാമൃതരസം, മെയ്യിൽപ്പെട്ടും പാമ്പിനും
ചേലൊത്തോഷധിനായകൻ തലയില്യ, ണ്ടിന്നൊന്നു കൊണ്ടും ഭവാ-
നാലസ്യം പിണയാതെ ശങ്കര! ജയിച്ചാലും ജഗന്മണ്ഡലം!

[109] [*ഉമേഷ്*] ശ്ലോകം 3.545 : മൂലശ്ലോകം (ചേലപ്പറമ്പു നമ്പൂതിരി / മനോരമത്തമ്പുരാട്ടി):
"പലിതാനി ശശാങ്കരോചിഷാം
ശകലാനീതി വിതർക്കയാമഹേ"
"അത ഏവ നിമീലതേതരാം
വനിതാലോചനവാരിജൈർമുഖൈഃ"

## 3.550 ചൂടില്ലാത്തോരു ഫാലം. . . (കർത്താ)

സ്രഗ്ദ്ധര

ചൂടില്ലാത്തോരു ഫാലം, ചുടലയിൽ നടമാടാത്ത ശീലം, മതിത്തെൽ
ചൂടീടാത്തൊരു ചൂഡം, പരമൊരു പുഴക്കുടാത കോടീരഭാരം,
ഓട്ടം മാൻപേട തേടാതൊരു കരകമലം, ചാരുതൈകൈലയിൽപ്പോയ്
നീടാർന്നീടാത നാഥം, തരുണിയൊടയുതം,ദൈവതം നൈവ ജാനേ.

## 3.551 ഓമൽക്കരങ്ങളിൽ മനോഹര. . . (ഉമ)

വസന്തതിലകം

ഓമൽക്കരങ്ങളിൽ മനോഹര വേണുനാളം
ശ്രീമന്മുഖത്തു മധുരദ്യുതി മന്ദഹാസം
പൂമേനിയിൽ പളപളപ്പിവചേർന്നു മിന്നും
നീ മാത്രമാണിനിയെനിയ്ക്കൊരു ബന്ധു കൃഷ്ണാ

കവി : ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട്

## 3.552 പട്ടിക്കു വാലും. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പട്ടിക്കു വാലും പശുവിന്നു കൊമ്പും
കാക്കയ്ക്കു കൊക്കും പരമപ്രധാനം
ആനയ്ക്കു തുമ്പിക്കരമാണു മുഖ്യം
മനുഷ്യജാതിക്കു കുശുമ്പു മുഖ്യം.

കവി : ശ്ലോകാചാര്യൻ എം.എൻ. ദാമോദരൻ, നെടിയശാല

## 3.553 അങ്കത്തുങ്കലലംകളങ്കരഹിതം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

അങ്കത്തുങ്കലലംകളങ്കരഹിതം സംക്രാന്തമായീടുമ–
ത്തങ്കപ്പങ്കജമങ്കതൻ കുളിർമുലപ്പങ്കേരുഹത്തിങ്കലേ
തങ്കം കുങ്കുമപങ്കസങ്കലനയാലങ്കാരസങ്കാരമാ–
മങ്കം പങ്കഹരങ്കലാർന്നൊരുടൽ മേ സങ്കേതമാം കേവലം

കവി : കെ. സി. കേശവപിള്ള

## 3.554 തുപ്പൻ നമ്പൂരിയെത്തീ. . . (ബാലേന്ദു)

സ്രഗ്ദ്ധര

തുപ്പൻ നമ്പൂരിയെത്തീ കുതുകമൊടു ചലച്ചിത്രമൊന്നാദ്യമായ് ത്ര–
ക്കൺപാർക്കാൻ - കണ്ടതാദ്യം തരുണിമണി ജലക്രീഡയാടുന്ന രംഗം;
"ഇപ്പോൾ നീരാട്ടമെന്നാലിനി ബഹുസമയം ചുട്ടികുത്താനെടുക്കും,
എപ്പോൾപ്പിന്നാട്ടമാകും? ശിവശിവ! യെഴുനേറ്റീടെടാ രാമ, പോകാം".

കവി : ബാലേന്ദു

## 3.555 ഈയാശങ്ക നിനക്കു യം പ്രതി. . . (ഉമേഷ്)[110]

ശാർദ്ദൂലവിക്രീഡിതം

ഈയാശങ്ക നിനക്കു യം പ്രതി ജനം ഭീയാലധീരീകൃതേ

[110] [*ഉമേഷ്*] ശ്ലോകം **3.555 :** മൂലശ്ലോകം (കാളിദാസൻ):

അയം സ തേ തിഷ്ഠതി സങ്ഗമോത്സുകോ

പ്രേയാനാശ പെരുത്തു നിങ്കൽ മരുവുന്നോയാളിഹൈവാന്തികേ
ആയാസിപ്പവനബ്ദിനന്ദിനി വശത്തായാലുമില്ലേലുമാം
ശ്രീയാലീപ്സിതനായവൻ കഥമഹോ! ഭൂയാദുരാപസ്തയാ.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ / കാളിദാസൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.556 ആസ്താം താവദിയം. . . (ഋഷി)[111]

ശാർദ്ദൂലവിക്രീഡിതം

ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീ ശയ്യാച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയസ്തസ്യൈ ജനന്യൈ നമഃ

കവി : **ശങ്കരാചാര്യർ**, കൃതി : *മാതൃപഞ്ചകം*

## 3.557 എന്നുരച്ച പുനരുത്തരോൽകനായ്. . . (ഉമേഷ്)

രഥോദ്ധത

എന്നുരച്ച പുനരുത്തരോൽകനായ്
നിന്നുതേ സ്വയമസക്തനാകിലും
സ്യന്ദമാനവനദാരു വാരി മേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ.

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.558 സ്ത്രീകൾക്കേറ്റം പടുതസഹജം. . . (ജീവി)[112]

മന്ദാക്രാന്ത

സ്ത്രീകൾക്കേറ്റം പടുതസഹജം, ജന്തുവർഗ്ഗത്തിലുംതാൻ–
ലോകേ കാണാം; പ്രതിഭ കലരുന്നോരിലോതേണ്ടതുണ്ടോ?
ആകെത്തൻമക്കളെയിഹ കുയിൽപ്പെണ്ണു താനേപറക്കാ–
റാകുന്നോളം മറുപറവയെക്കൊണ്ടു പോറ്റുന്നുവല്ലോ.

കവി : **ആറ്റൂർ / കാളിദാസൻ**, കൃതി : *അഭിജ്ഞാന ശാകുന്തളം തർജ്ജമ*

---

വിശങ്കസേ ഭീരു! യതോ ∫ വധീരണാം
ലഭേത വാ പ്രാർത്ഥയിതാ ന വാ ശ്രിയം
ശ്രിയാ ദുരാപഃ കഥമീപ്സിതോ ഭവേത്

[111] *[ഉമേഷ്]* **ശ്ലോകം 3.556 :** പരിഭാഷ (**മധുരാജ്**):

പേറ്റുനോവവിടെ നിന്നിടട്ടെ, രുചിയറ്റു, ദേഹബലശോഷണം
കൂട്ടിടേണ്ട, മലമൂത്രശയ്യയിലൊരാണ്ടു നീക്കുവതുമങ്ങനെ
ഗർഭമാം ചുമടിനുള്ള കൂലിയതുപോലുമേകുവതിനാവുകി–
ല്ലെത്ര യോഗ്യതയെഴുന്ന പുത്രനമഹോ! മഹാജനനി! കൈ തൊഴാം!

[112] *[ഉമേഷ്]* **ശ്ലോകം 3.558 :** മൂലശ്ലോകം (**കാളിദാസൻ**):

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യാഃ
പ്രാഗന്തരിക്ഷഗമനാത് സ്വമപത്യജാത–
മന്യൈഃ ഖഗൈഃ പരഭൃതാഃ ഖലു പോഷയന്തി

## 3.559 അക്കാലം വാനവർക്കും. . . (ബാലേന്ദു)

സ്രഗ്ദ്ധര

അക്കാലം വാനവർക്കും ക്ഷിതിയിലൊരുപദം വയ്ക്കുവാനേറെ മോഹം
വായ്ക്കും മട്ടിൽ ഭരിച്ചോരസുരപതിബലിക്കിന്ദ്രപട്ടം കൊടുക്കാൻ
എക്കാലാലായി, സാക്ഷാൽ ഹരിയൊരു വടുവായ് വന്നനാ, ളൻപെഴുന്ന–
ത്തൃക്കാൽ ചൂടുന്ന തൃക്കാക്കരയിലെ ഭഗവൻ! ത്വൽപദം കുപ്പിടുന്നേൻ.

കവി : **ബാലേന്ദു**

## 3.560 എങ്ങോജസ്സുനിറഞ്ഞ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

എങ്ങോജസ്സു നിറഞ്ഞ ശുമുഖമിതിപ്പാവപ്പെട്ടും മാടമൊ–
ന്നെങ്ങോ ഹാ! വിധി വല്ല ചേർക്കുഴിയിലും ചേർക്കുന്നു രത്നങ്ങളെ;
ഇങ്ങോട്ടാസ്ഥയൊടെത്തി നോക്കിടുവതുണ്ടന്തിസ്സമീരസ്ഫുരൽ–
ത്തെങ്ങോലപ്പഴുതിങ്കലൂടെ മറയാൻ പോകുന്ന മാർത്താണ്ഡനും.

കവി : **വള്ളത്തോൾ**, കൃതി : *സന്ധ്യാപ്രണാമം*

## 3.561 ഇന്ദ്രനീലനിറമൊത്ത മേനിയും. . . (ഋഷി)

രഥോദ്ധത

ഇന്ദ്രനീലനിറമൊത്ത മേനിയും
സുന്ദരോത്തരമുഖാരവിന്ദവും
കൺകുളിർക്കെയടിയന്നു നിത്യവും
കാണ്മതിന്നു വരമേകണേ ഹരേ

കവി: **ഋഷി**

## 3.562 കാട്ടിൽ കൂട്ടുവിളിപ്പതാം. . . (ജീവി)[113]

ശാർദ്ദൂലവിക്രീഡിതം

കാട്ടിൽ കൂട്ടുവിളിപ്പതാം, ശവമതിൻ മെയ്യിൽ തലോടുന്നതാം,
നട്ടീടുന്നതുമാം ബിസം തറയതിൽ, പാഴൂഴി കർഷിപ്പതാം,
പൊട്ടൻ കാതിലുരപ്പതാം, കുരുടനെക്കണ്ണാടി കാണിപ്പതാം,
പട്ടിക്കുള്ളൊരു വാൽ നിവർത്തിടുവതാം – സേവിപ്പതിങ്ങജ്ഞരെ.

കവി: **ഏ. ആർ. രാജരാജവർമ്മ**

## 3.563 പാർക്കുന്നതായ ഭവനം. . . (ജ്യോതി)

വസന്തതിലകം

പാർക്കുന്നതായ ഭവനം, പ്രിയകാന്ത, പുത്രൻ
പ്രാണൻ കളഞ്ഞു കരുതും ധന, മെന്തിനേറേ
താൻതന്നെയെന്നു പലനാളുരുവിട്ട ദേഹം–
പോലും വിഭിന്ന,മൊരു നശ്വര വസ്തു മാത്രം!

കവി : **താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി**, കൃതി : *ശ്രീകൃഷ്ണ കഥാമൃതം*

---

[113] [*ഉമേഷ്*] **ശ്ലോകം 3.562 :** മൂലശ്ലോകം (**വിഷ്ണുശർമ്മ** – *പഞ്ചതന്ത്രം*) :

അരണ്യരുദിതം കൃതം, ശവശരീരമുദ്വർത്തിതം,
സ്ഥലേ∫ബ്ജമവരോപിതം, സുചിരമൂഷരേ വർഷിതം,
ശ്വപുച്ഛമവനാമിതം, ബധിരകർണ്ണജാപഃ കൃതോ
ധൃതോ∫ന്ധമുഖദർപ്പണോ യദബുധോ ജനഃ സേവിഥഃ

### 3.564 തീഹാറിലെജ്ജയിലിൽ. . . (ബാലേന്ദു)

വസന്തതിലകം

തീഹാറിലെജ്ജയിലിൽ ശിക്ഷ വഹിച്ചുകൊള്ളാം
ബീഹാറിലാണു കഴിയാൻ വിധിയെങ്കിലാകാം
ആഹന്ത ചീർത്ത രസശൂന്യത തന്നെയോതും
ദ്രോഹം നിറുത്തുവതിനായി നമസ്കരിക്കാം.

കവി : ബാലേന്ദു

### 3.565 അകണ്ഠേ കളങ്കാത്. . . (ഉമേഷ്)[114]

ഭുജംഗപ്രയാതം

അകണ്ഠേ കളങ്കാദനംഗേ ഭുജംഗാ–
ദപാണൗ കപാലാദഫാലേ ന ലാക്ഷാത്
അമൗലൗ ശശാങ്കാദവാമേ കളത്രാ–
ദഹം ദേവമന്യം ന മന്യേ ന മന്യേ

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

### 3.566 അടുത്ത ദിവസം രവി. . . (ജ്യോതി)[115]

ശംഭുനടനം

"അടുത്ത ദിവസം രവിയുദിച്ചുയരു, മപ്പൊഴുതടഞ്ഞ നളിനം മിഴി തുറ–
ന്നിടും, തടവു വിട്ടിടുവ"നെന്ന നിനവൊത്തളിയിരുന്നൊരരവിന്ദമുകുളം
അടുത്തനിമിഷത്തിൽ നളിനീതടമണഞ്ഞ മദയാന ജലകേളി കഴിയെ–
പ്പറിച്ചു രസമായ് ഭുവിയെറിഞ്ഞു – വിധിനിശ്ചയമറിഞ്ഞിടുവതാരുലകിതിൽ?

കവി : മധുരാജ്

### 3.567 അഹിസാരമസാരം. . . (കർത്താ)

തോടകം

അഹിസാരമസാരമസാരമതിം
തരസാ സരസാദപസാരയിതും
ഉരുസാരരസാദഥ സാനുചരം
മനസാ വ്യവസായമസാവകൃഥാഃ

കവി : കോഴിക്കോട് മാനവേദൻ രാജാ, കൃതി : *കൃഷ്ണഗീതി*

### 3.568 ഉലകങ്ങളെയുള്ളിൽ. . . (ഉമേഷ്)[116]

തോടകം

ഉലകങ്ങളെയുള്ളിലൊതുക്കിയ നിൻ

---

[114] [*ഉമേഷ്*] ശ്ലോകം **3.565 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

കഴുത്തിൽ കളങ്കം, ഭുജംഗങ്ങൾ മെയ്യിൽ,
കനൽച്ചാർത്തു നെറ്റിക്കു, കയ്യിൽ കപാലം,
ശിരസ്സിൽ ശശാങ്കൻ, മടിത്തട്ടിൽ നല്ലാർ,
ഇതില്ലാത്ത ദൈവത്തെ ഞാനോർക്കുകില്ല.

[115] [*ജ്യോതി/ഉമേഷ്*] ശ്ലോകം **3.566 :** മൂലശ്ലോകം:

"രാത്രിർഗമിഷ്യതി, ഭവിഷ്യതി സുപ്രഭാതം,
ഭാസ്വാനുദേഷ്യതി, ഹസിഷ്യതി പങ്കജശ്രീ"
ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ

വലുതായൊരു മെയ്യല ചേർത്തു തുലോം
ഒലി പൂണ്ടൊരു നൂറു ധനുസ്സകലം
ജലമഗ്നമതായ് കര രണ്ടുമഹോ!

കവി : **സി. വി. വാസുദേവ ഭട്ടതിരി/മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ* (55:3)

## 3.569 ഒരിടത്തൊരിടത്തൊരു. . . (രാജേഷ്)[117]

തോടകം

ഒരിടത്തൊരിടത്തൊരു സക്കറിയാ
അവനോതിയ കിസ്സകളാർക്കറിയാം?
പുഴുവും പഴുതാരയുമീശ്വരനും
കലരുന്നൊരു വാങ്മയമെന്തു രസം!

കവി : **രാജേഷ്**

## 3.570 പുതുനൽത്തളിർ തോറ്റൊരു. . . (ഉമേഷ്)[118]

തോടകം

പുതുനൽത്തളിർ തോറ്റൊരു ചേവടി ചേർ–
ത്തതിലന്നഴകോടു കരേറിയ നീ
അതിഭീകരമോളമുയർത്തിയുടൻ
കുതികൊണ്ടു കലക്കിമറിച്ചു കയം.

കവി : **സി. വി. വാസുദേവ ഭട്ടതിരി/മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ* (55:2)

## 3.571 ആഴിവർണ്ണചരിതം. . . (ഹരി)

കുസുമമഞ്ജരി

ആഴിവർണ്ണചരിതം ഗ്രഹിച്ചവനിവാഴ്‌വിലുന്നതി വരുത്തുവാ–
നേകി ഭാഗവതമൻപിൽ തൻ മരുമകന്നു മാതുലനൊരാൾ പുരാ
കാലമൊട്ടു കഴിയേ,യനന്തരവനോടു, "മോഹമിനിയെന്തെടോ?"
ഹന്ത! "മാമനുടെ നിഗ്രഹം", വിരുതനോതി, ഞെട്ടിയിതു കാർണവർ.

കവി : **ഹരി**

## 3.572 കരുതുവതിഹ ചെയ്യുവയ്യ. . . (രാജേഷ്)

പുഷ്പിതാഗ്ര

കരുതുവതിഹ ചെയ്യുവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിതമറിഞ്ഞുകൂട,യായു–
സ്ഥിരതയുമി,ല്ലതി നിന്ദ്യമീ നരത്വം

കവി : **കുമാരനാഷാൻ**

## 3.573 പഴകിയ തരുവല്ലി. . . (ഉമേഷ്)

അപരവക്ത്രം

പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമിവ - മനസ്വിമാർ മന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.574 കൊണ്ടൽവേണിയൊരു. . . (ജ്യോതി)[119]

കുസുമമഞ്ജരി

കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്നതില്ലതിനുമുമ്പു താൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതെ നടിച്ചു നിലകൊണ്ടുതേ
കണ്ടവും ബത തിരിച്ചുനോക്കിയവൾ വൽക്കലാഞ്ചലമിലച്ചിലിൽ-
ക്കൊണ്ടുടക്കുമൊരു മട്ടു കാട്ടി വിട്ടുവിച്ചിട്ടുന്ന കപടത്തൊടേ

കവി : **എ. ആർ രാജരാജവർമ്മ** , കൃതി : *മലയാള ശാകുന്തളം*

## 3.575 കണ്ട ദിക്കുകളിലൊക്കെനിന്നു. . . (ബാലേന്ദു)[120]

കുസുമമഞ്ജരി

കണ്ട ദിക്കുകളിലൊക്കെ നിന്നു സമയം ക്രമാൽപ്പിറകിലാക്കിയും

---

ഹ ഹന്ത ഹന്ത! നളിനീം ഗജ ഉജ്ജഹാര.

116 [*ഉമേഷ്*] **ശ്ലോകം 3.568 :** മൂലശ്ലോകം (**മേൽപ്പത്തൂർ**):
ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികമ്പിവിജൃംഭി ജലാ
പരിമജ്ജയതി സ്മ ധനശ്ശതകം
തടിനീ ഝടിതി സ്ഫുടഘോഷവതീ

117 ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം ('ഒ'യ്ക്കു തോടകത്തിൽ).

118 [*ഉമേഷ്*] **ശ്ലോകം 3.570 :** മൂലശ്ലോകം (**മേൽപ്പത്തൂർ**) :
അധിരുഹ്യ പദാംബുരുഹേണ ച തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണി ദൂരതരം നൃപതഃ
പരിഘൂർണ്ണിതഘോരതരങ്ഗഗണേ.

119 [*ഉമേഷ്*] **ശ്ലോകം 3.574 :** മൂലശ്ലോകം (കാളിദാസൻ) :
ദർഭാങ്കുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ
തന്വീ സ്ഥിതാ കതിചിദേവ പദാനി ഗത്വാ
ആസീദ് വിവൃത്തവദനാ ച വിമോദയന്തീ
ശാഖാസു വല്ക്കലമസക്തമപി ദ്രുമാണാം.

കുണ്ഠരായ നിജയാത്രികൾക്കധികമിണ്ടലേറ്റിയഴലേകിയും
കണ്ടമാനമവരിട്ടിടുന്ന ചവറൊക്കെ നാട്ടിൽ വിതറീട്ടുമേ
കണ്ടിടാം റെയിലു വേഗമാശ്ശുറവു, മെല്ലെയേറെയിവിടോടിടും.

കവി : **ബാലേന്ദു**

## 3.576 കേളിഭേദപരിലാളിതാഭി. . . (ഉമേഷ്)[121]

കുസുമമഞ്ജരി

കേളിഭേദപരിലോളിതാഭിരതിലാളിതാഭിരബലാളിഭിഃ
സ്വൈരമീശ നനു സൂരജാപയസി ചാരു നാമ വിഹൃതിം വ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൗരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം*

## 3.577 കാലകാലനുടെ കായമെൻ. . . (ബാലേന്ദു)

കുസുമമഞ്ജരി

കാലകാലനുടെ കായമെന്മനസി കണ്ടുകൊണ്ടു മരുവീടുവാൻ
കാലമില്ല കമലാക്ഷിമാരുടെ കടാക്ഷശൃംഖലകളേൽക്കയാൽ
കാലമങ്ങുറുതി വന്നിടുമ്പൊഴുതു കാലനും വരവതുണ്ടു പോൽ
കാളവാഹന, കടാക്ഷമേകിടുക കാളകണ്ഠ കരുണാനിധേ.

## 3.578 കാണാമങ്ങോട്ടു ചെന്നാൽ. . . (ഋഷി)

സ്രഗ്ദ്ധര

കാണാമങ്ങോട്ടു ചെന്നാൽ നദിയുടെയരികെ തൃപ്രയാറെന്ന ക്ഷേത്രം
കാണാം പൊക്കത്തിൽ ചുറ്റും മതിലുകളരികെ ഗോപുരം നാടശാല
കാണാം ചുറ്റമ്പലങ്ങൾ അതിനുടെ നടുവിൽ മണ്ഡപം നല്ല ശ്രീകോൽ
കാണാമുള്ളിൽ പ്രതിഷ്ഠ മണിമയഭഗവാൻ തേവരാം രാമചന്ദ്രൻ

## 3.579 കണ്ടന്നേ കട്ടു നീയെൻ. . . (കർത്താ)

സ്രഗ്ദ്ധര

കണ്ടന്നേ കട്ടു നീയെൻ കരളതു തിരിയെത്തന്നതില്ലെന്നതല്ലീ-
ക്കണ്ടുള്ളോനെക്കടക്കൺകടുതരവികടച്ചങ്ങലയ്ക്കിട്ടു പൂട്ടി;
കണ്ടിക്കാർകേശി! പിന്നീടിത മദനമഹാരാജനേൽപ്പിച്ചു; കഷ്ടേ!
കണ്ടും കേട്ടിട്ടുമില്ലീവക; തലയിലെഴുത്തോർക്കിലിന്നാർക്കു മായ്ക്കാം?

---

[120] [*ബാലേന്ദു*] ശ്ലോകം **3.575** : കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *ശാകുന്തളം തർജ്ജമ*യിലെ

കണ്ഠനാളമഴകിൽത്തിരി, ച്ചനുപദം രഥം പിറകിൽ നോക്കിയും,
കണ്ഠനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും,
ഇണ്ടൽ പൂണ്ടു വിവൃതാസ്യഖാത് പഥി ചവച്ച ദർഭകൾ വമിക്കവേ
കണ്ടുകൊൾക, കതികൊണ്ടു, കിഞ്ചിദവനൗ, ഭൃശം നഭസി, ധാവതി

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[121] [*ഉമേഷ്*] ശ്ലോകം **3.576** : പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

കാമകേളികളനേകമാർന്നു രസമേകിയിട്ടവരുമൊത്തുടൻ
യാമുനോദകവിഹാരമൻപൊടു തുടർന്നിതേറ്റമഴകോടു നീ.
പൂമണം വിതറി വീശിടുന്ന കളിരാർന്ന തെന്നലിയലുന്നതാ–
മാ മനോജ്ഞവനഭൂമിയിങ്കൽ മധുവാണിമാർക്കു മദമേറ്റി നീ.

കവി : **പെട്ടരഴിയത്ത് വലിയ രാമനിളയത്**

## 3.580 കേറാനെന്തേ മടിക്കുന്നതു. . . (ഉമേഷ്)

സ്രഗ്ദ്ധര

കേറാനെന്തേ മടിക്കുന്നതു മമ കരളിൽ? കാമലോഭാദിയാകും
ചേറാണിങ്ങുന്നി വെച്ചീടുകിലടിവഴുതിത്തെറ്റി വീണേക്കുമെന്നോ?
ക്രൂറാളും നീ വിചാരിക്കുകിലിഹ ചളി കൊണ്ടുള്ള കേടാകമാനം
മാറാനുണ്ടോ പ്രയാസം? മകുടജിതലസത്കോടിസൂര്യപ്രകാശേ!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.581 കാളിന്ദീനദിയിങ്കലന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കാളിന്ദീനദിയിങ്കലന്നു കമലപ്പൂമൈതൽ കൂപ്പുന്നൊര-
ക്കാളിപ്പെണ്ണു സലീലമത്തരണിയിൽത്തുക്കാലണയ്ക്കാകിലോ
കേളിപ്പെട്ട പരാശരന്നഭിനവദ്വീപിൽ പ്രകാശോദയം
മേളിയ്ക്കും ഭുവനൈകവന്ദ്യതനയൻ സഞ്ജാതനായീടുമോ?

കവി : **കെ. പി. കറുപ്പൻ** , കൃതി : *ഉദ്യാനവിരുന്ന്*

## 3.582 കുട്ടിക്കാലമതെത്ര. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കുട്ടിക്കാലമതെത്ര തുഷ്ടികരം? മന്നദ്ദേഹമെന്നോടു വേർ-
പെട്ടിട്ടുള്ള ദിനം ചുരുങ്ങു, മൊരുമിച്ചല്ലാതെയില്ലൊന്നുമേ
കിട്ടില്ലൊട്ടിടയിപ്പൊഴസ്സുഭഗനെക്കാണാനുമെന്നായി - പാർ-
ത്തട്ടിൽ ദുഃസ്ഥിതിഹേതുവിങ്ങു ഹതമാമീ യൗവനം താനഹോ!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.583 കാലാരാതി കനിഞ്ഞിടുന്നതുവരെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കാലാരാതി കനിഞ്ഞിടുന്നതുവരെക്കാളും തപം ചെയ്തു തൽ-
ക്കോലം പാതി പകുത്തെടുത്തൊരു കളൂർക്കുന്നിന്റെ കുഞ്ഞോമനേ!
കാലൻ വന്നു കയർത്തുനിന്നു കയറെൻ കാലിൽ കടന്നിട്ടിടും-
കാലത്താക്കഴവേറിതൻ കഥ കഴിക്കേണം മിഴിക്കോണിനാൽ

കവി : **ശീവൊള്ളി**

## 3.584 കൊണ്ടൽക്കാറണി കൊണ്ടു. . . (ഉമേഷ്)[122]

ശാർദ്ദൂലവിക്രീഡിതം

“കൊണ്ടൽക്കാറണി കൊണ്ടു വിണ്ടലമിരുണ്ടീടുന്നു, മേഘങ്ങളെ-
ക്കൊണ്ടിക്കാടു കറുത്തിട്ടു, ന്നിരവിലിക്കണ്ണന്നുമുണ്ടിണ്ടൽ കേൾ;

[122] [*ഉമേഷ്*] ശ്ലോകം **3.584 :** മൂലശ്ലോകം (**ജയദേവൻ**):
“മേഘൈർമേദുരമംബരം വനഭുവശ്ശ്യാമാസ്തമാലദ്രുമൈർ–
നക്തം ഭീരുരയം ത്വമേവ തദിമം രാധേ! ഗൃഹം പ്രാപയ”
ഇത്ഥം നന്ദനിദേശിതശ്ചലിതയോഃ പ്രത്യധ്വകുഞ്ജദ്രുമം
രാധാമാധവയോർജയന്തി യമുനാകൂലേ രഹഃകേളയഃ

കൊണ്ടാക്കീടു ഗൃഹത്തിലിന്നിവനെ നീ" യെന്നുള്ള നന്ദോദിതം
കൊണ്ടാടീട്ടഥ രാധയെപ്പഥി രസിപ്പിച്ചോരു കൃഷ്ണൻ തുണ.

കവി : **എ. ആർ. രാജരാജവർമ്മ / ജയദേവൻ**

## 3.585 കാക്കലും ചിലർ തലൈക്കലും. . . (കർത്താ)

കുസുമമഞ്ജരി

കാക്കലും ചിലർ തലൈക്കലും പുനരിരുന്നുകൊണ്ടു കരയുന്ന നാൾ
കാക്കുമോ മരണകാലമെന്നുടലിതാർക്കുവേണ്ടുവതു കശ്മലം?
കാക്ക നാ നരി വലിയ്ക്കയോ പുഴുവരിയ്ക്കയോ ചുടുകയോ ദൃഢം?
കാക്ക കാക്കലുടനാക്കി മൂക്കുതലെ മേവുമെൻ ജനനിയാശ്രയം

## 3.586 കാന്തന്മാരൊത്തു, കാൽത്താർ. . . (ഉമേഷ്)[123]

സ്രഗ്ദ്ധര

കാന്തന്മാരൊത്തു, കാൽത്താർ, കടി കടുകളവിൽ, ക്ലാന്തമധ്യം, കനത്തിൽ-
ക്കാന്തിപ്പിട്ടുള്ള കൊങ്കക്കുട, മഴകു കലർന്നാടിടും കണ്ഠഹാരം,
കാന്തത്തിങ്കൾപ്രഭാസ്യം, കളിയുടയ കയൽക്കണ്ണു, കാർകുന്തലേവം
കാന്ത്യാ കല്യാണിമാർ കൈവിശരിയൊടവിടെദ്ദേവസേവയ്ക്കു കൂട്ടും.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ / ലീലാദാസൻ**, കൃതി : *ശുകസന്ദേശം തർജ്ജമ*

## 3.587 കണ്ടാൽ കാളിന്ദിനീരിൻ. . . (കർത്താ)[124]

സ്രഗ്ദ്ധര

കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ചെറിയ കല്ലോലകം പോലെയേതാ-
ണ്ടുണ്ടല്ലോ നിന്റെ നാളോദരമതിലഗജേ ബുദ്ധിമാന്മാർക്കതോർക്കിൽ
കുണ്ഠിച്ചേറ്റം ഞെരുങ്ങും കുചഗിരികളിടയ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗുഹയിൽ വരികയാണെന്നു തോന്നീടുമാര്യേ.

കവി : **കുമാരനാശാൻ**, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

## 3.588 ക്രീഡിച്ചും കീരവാണീ. . . (ഉമേഷ്)

സ്രഗ്ദ്ധര

ക്രീഡിച്ചും കീരവാണീമണികളൊ, ടിടയിൽ കയ്യിൽ നെയ് പാലിതെല്ലാം
മേടിച്ചും, കട്ടശിച്ചും, പ്രണതരിലലിവിൻ നീർ തുളിച്ചും, തുണച്ചും,
കൂടിച്ചും പാണ്ഡവർക്കന്നതി, കുരുനിരയെത്തക്കമോർത്തങ്ങു കുണ്ടിൽ-
ച്ചാടിച്ചും വാണ ഗോപീജനസുകൃതസുഖക്കാതലേ, കൈതൊഴുന്നേൻ!

കവി : **വെണ്മണി മഹൻ**

[123] [*ഉമേഷ്*] **ശ്ലോകം 3.586 :** മൂലശ്ലോകം (**ലീലാദാസൻ**) :

തത്സേവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യന്മധ്യാസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജനീയാളകാഢ്യാ-
സ്തത്രസ്യാഃ സ്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ

[124] [*ഉമേഷ്*] **ശ്ലോകം 3.587 :** മൂലശ്ലോകം (**ശങ്കരാചാര്യർ**) :

യദേതത് കാളിന്ദീതനുതരതരംഗാകൃതി ശിവേ
കൃശേ മദ്ധ്യേ കിഞ്ചിജ്ജനനി, തവ യത് ഭാതി സുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമപ്രവിശദിവ നാഭിം കുഹരിണീം.

## 3.589 കാലം മാറിക്കഴിഞ്ഞൂ. . . (രാജേഷ്)

സ്രഗ്ദ്ധര

"കാലം മാറിക്കഴിഞ്ഞൂ, കവിതയെഴുതിയലാർക്കുവേണം? ഭവാനി–
ക്കാലത്തെക്കാവ്യമാകും കഥകളെഴുതണം, നോവലായാൽ വിശേഷം!"
കാലംപോൽ ചൊല്ലിടുന്നൂ പലരുമിതുവിധം, പത്നിയും, കാലമാണി–
ക്കോലം കെട്ടിച്ചിടുന്നൂ കശവനു തിരുത്തീടുവാനാകുമെന്നോ?

കവി : **എം. എൻ. പാലൂർ**, കൃതി : *കല്യാണക്കാഴ്ച*

## 3.590 കാലൻ കാളായസാത്യുത്ക്കട. . . (ഉമേഷ്)

സ്രഗ്ദ്ധര

കാലൻ കാളായസാത്യുത്ക്കടമുസലവുമായ് കാണികൾക്കുൾനടുങ്ങും
കോലം കോലുന്ന കൂട്ടാളികളൊടുമൊരുമിച്ചാർത്തടുത്തെത്തിടുമ്പോൾ
കാലച്ചെന്തീക്കനൽച്ചാർത്തെതിർമുനയൊടു നിൻ കൈത്തലത്തിൽത്തിളങ്ങും
ശൂലം താനാണ മാഹേശ്വരി, ശരണമെനിക്കാ ഭയപ്പാടൊഴിക്കാൻ.

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.591 കുത്തും തല്ലുമസഹ്യ . . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കുത്തും തല്ലുമസഹ്യമേൽക്കെയിവനോത്തോതിത്തളർന്നണ്ണവാ–
നെത്തും മുമ്പെയൊരിക്കലും സഖി കടന്നണ്ടീടുമാറില്ലനീ
കത്തും വൻ പശി വാച്ചു വാച്ചു വയർ കാഞ്ഞാലും നിനക്കെന്നൊട–
ന്നൊത്തുണ്ടേ മതിയാവു തുല്യസുഖദുഃഖം താൻ സുഹൃജ്ജീവിതം

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.592 കാളാംഭോധരപാളി താളി . . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളാംഭോധരപാളി താളി പിഴിയും കറ്റക്കരിംപൂങ്കുഴൽ–
ക്കാലംബായ മുഖാവലോകസമയേ നെയ് വെയ്ക്കുമിച്ചന്ദ്രമാഃ
കോലത്താർചരഭൂമിപാലകനകക്കുംഭം തൊഴും പോർമുലയ്–
ക്കോലക്കത്തൊടു നിന്നെ വാഴ്ത്തുമതിനാന്റാമല്ല കൗണോത്തരേ!

## 3.593 കിടക്കുന്ന നായയ്. . . (ബാലേന്ദു)

ഭുജംഗപ്രയാതം

കിടക്കുന്ന നായയ്ക്കടുത്തുടെയോടി-
ക്കടക്കൊല്ല ചാടിപ്പിടിക്കും കടിക്കും
പിടിക്കാൻ വരുന്നോരു നായെക്കടയ്ക്ക-
ങ്ങടിക്കൊല്ല ചുമ്മാ കുടക്കാലൊടിക്കും.

കവി : **ബാലേന്ദു**

## 3.594 പവനതനയചേതഃ. . . (സുനിൽ)

മാലിനി

പവനതനയചേതഃ പങ്കജാർക്കം മുനീന്ദ്രൈ-
രനുദിനമനുഭാവ്യം ശ്രീപതിം ശ്യാമളാംഗം
ദിനകരകുലദീപം ജാനകീഭാഗ്യരാശീം
കരധൃതശരചാപം നൗമി വില്വാദ്രിനാഥം.

കവി : **കൊട്ടാരക്കരത്തമ്പുരാൻ**, കൃതി : *സീതാസ്വയംവരം*

## 3.595 ദൃഷ്ട്വാ തമാലോകം. . . (ബാലേന്ദു)

ഇന്ദ്രവജ്റ

ദൃഷ്ട്വാ തമാലോകമിവാന്ധകാരേ
ജുഷ്ടസ്സഗർഭ്യൈഃ പ്രയതഃ പ്രണമ്യ
പൃഷ്ടോമനാ വാർത്തമജാതശത്രുർ-
ഹൃഷ്ടസ്തമാചഷ്ട ഗിരം ഗരിഷ്ഠാം.

കവി : **കോട്ടയത്തു തമ്പുരാൻ**, കൃതി : *കല്യാണസൗഗന്ധികം*

## 3.596 പൊയ്യല്ലേ തീയിൽ നിൽക്കാം. . . (ഹരി)

സ്രഗ്ദ്ധര

പൊയ്യല്ലേ തീയിൽ നിൽക്കാം, കരിവരഗമനേ കാളകൂടം ഭുജിക്കാം
അയ്യാണ്ടൂണും ത്യജിക്കാമമൃത കിരണനെക്കയ്യിലാക്കിപ്പൊടിക്കാം
ചെയ്യാം ഞാൻ രാജസൂയം, അമൃതമരപുരേ ചെന്നുകൊണ്ടിങ്ങു പോരാം
മയ്യേലും കണ്ണിയാളേ, തവ വിരഹമെനിക്കാവതല്ലേ പൊറുപ്പാൻ

കവി : **വെണ്മണി മഹൻ**

## 3.597 ചാണത്തിൻ നിറമായ്. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ചാണത്തിൻ നിറമായുടുപ്പുമരയിൽ തോൽപ്പട്ടയും മസ്തകേ
ചേണാർന്നീടിന തൊപ്പിയും കരമതിൽ ദണ്ഡും ധരിച്ചങ്ങനേ
ആണത്തം പലതും പറഞ്ഞു വെറുതേ ചുറ്റുന്ന പോലീസുകാ-
രാണിദ്ദിക്കതിലേറ്റമുള്ളതവരെക്കൊണ്ടേതുമുണ്ടോ ഗുണം?

കവി : **ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ**

## 3.598 അജാമിളോ നാമ. . . (സുനിൽ)[125]

വംശസ്ഥം

അജാമിളോ നാമ മഹീസുരഃ പുരാ
ചരൻ വിഭോ ധർമപഥാൻ ഗൃഹാശ്രമീ
ഗുരോർഗിരാ കാനനമേത്യ ദൃഷ്ടവാൻ
സുദൃഷ്ടശീലാം കുലടാം മദാകുലാം

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം* (22:1)

## 3.599 ഗജാനനം ഭൂത. . . (ജീവി)

വംശസ്ഥം

ഗജാനനം ഭൂതഗണാദിസേവിതം

[125] [*ഉമേഷ്*] **ശ്ലോകം 3.598 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

അജാമിളൻ പണ്ടൊരു ധർമ്മനിഷ്ഠനാം
ദ്വിജൻ, ഗൃഹസ്ഥൻ ഗുരുശാസനത്തിനാൽ,
അരണ്യമാർന്നപ്പൊഴുതങ്ങു കണ്ടുപോൽ
പരം മദം ചേർന്നൊരു ധൃഷ്ടവേശ്യയെ.

കപിത്ഥജംബൂഫലസാരഭക്ഷിതം
ഉമാസുതം ശോകവിനാശകാരണം
നമാമി വിഘ്നേശ്വരപാദപങ്കജം

## 3.600 ഉല്ലാസമുൾക്കൊണ്ട്. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപ്പൈങ്കിളി നമ്മെ നോക്കി
ചെവിക്കുരുന്നിൽ തെളിതേൻ തളിക്കും
സ്വാതന്ത്ര്യ സംഗീതമുയർത്തിടുന്നു

കവി : **ഉള്ളൂർ**, കൃതി : *'സുഖം-സുഖം'*

## 3.601 ചൊല്ലാന്നറച്ച തറവാട്ടുകൾ. . . (ജീവി)

വസന്തതിലകം

ചൊല്ലാന്നറച്ച തറവാട്ടുകളേറെയില്ല-
യില്ലിന്നുയർന്ന പണിയുള്ളവരേറെ നമ്മിൽ
മെല്ലെന്നു താഴുമുയരാനിനിയൊന്നുരണ്ടാൾ
വല്ലോരുമോർക്കിൽ - വലുതാം സമുദായമല്ലേ?

കവി : **കുമാരനാശാൻ**, കൃതി : *തീയക്കുട്ടിയുടെ വിചാരം*

## 3.602 മേളം ഗഭീരമതിനില്ലൊരു. . . (ബാലേന്ദു)

വസന്തതിലകം

"മേളം ഗഭീരമതിനില്ലൊരു വാദമല്ലേ?"
ചോദിച്ചൊരാളൊടൊരുവൻ തലയാട്ടി നിൽക്കേ;
"ഇച്ചെണ്ടതന്റെയതിദുസ്സഹമൊച്ചമൂലം
കേൾക്കാനൊരിറ്റു കഴിവില്ല" പറഞ്ഞിതന്യൻ.

കവി : **ബാലേന്ദു**

## 3.603 ഇന്നോ വാ നാളെയോ മറ്റിനി. . . (കർത്താ)

സ്രഗ്ദ്ധര

ഇന്നോ വാ നാളെയോ മറ്റിനിയൊരുദിവസം തന്നെയോ കാലദൂതൻ
വന്നീട്ടും നാളിലോർത്താലിതിനൊരു കഴിവില്ലെന്നു ചിത്തേ നിനപ്പിൻ;
മുന്നേ താൻ പദ്മനാഭൻ ചരണനളിനമിങ്ങുള്ളിലാക്കീട്ടു നിത്യാ-
നന്ദ! ശ്രീകൃഷ്ണ! നാരായണ! വരദ! രമേശേതി കീർത്തിച്ചുകൊൾവിൻ.

കവി : **വിദ്വാൻ കോമ്പിയച്ചൻ**

## 3.604 മണ്ണും പെണ്ണും കൊതിക്കും. . . (ഉമേഷ്)

സ്രഗ്ദ്ധര

മണ്ണും പെണ്ണും കൊതിക്കും, കവിതയുടെ വളപ്പിന്റെ വേലിക്കൽ നിന്ന-
പ്പെണ്ണിൻ നീലക്കടക്കണ്ണുന പതിയുവതിന്നാശയാലെത്തി നോക്കും,
ഉണ്ണാനുണ്ടെങ്കിലില്ലാത്തൊരു നില നിരുപിച്ചുള്ളുരുക്കും, നൃജന്മം
കണ്ണാ, ഞാൻ പാഴിലാക്കിത്തുലയുവതിനു മുമ്പെന്നെ രക്ഷിക്ക വേഗം!

കവി : **വി. കെ. ജി.**, കൃതി : *അവിൽപ്പൊതി*

## 3.605 ഉലകിനുപകരിക്കും. . . (കർത്താ)

പുഷ്പിതാഗ്ര

ഉലകിനുപകരിക്കുമുത്തമന്മാർ
പലരുളവാകിന ഭാസ്കരാന്വയത്തിൽ
ഖലനൊരു നൃപനുത്ഭവിച്ചു പണ്ടാ-
ക്കലശപയോധിയിൽ വൻവിഷം കണക്കേ.

കവി : **വള്ളത്തോൾ**, കൃതി : *ദണ്ഡകാരണ്യം*

## 3.606 ഖാദിക്കുപ്പായമിട്ടും. . . (ബാലേന്ദു)

സ്രഗ്ദ്ധര

ഖാദിക്കുപ്പായമിട്ടും സ്ഥടമിരുകരവും കൂപ്പിയും പല്ലിളിച്ചും
ചോദിക്കേ വോട്ടിനേറ്റം വിനയവുമെതിരായുള്ളിലുള്ളോരു ഭാവം
മോദം വേണ്ടത്ര ദാസപ്രഭൃതിയിലരുളാൻ വ്യഗ്രമായുള്ള ചിത്തം
സ്വേദം തീണ്ടാത്ത ഫാലം സതതമിതുവിധം ഭാവയേ നേതൃരൂപം.

കവി : **ബാലേന്ദു**, കൃതി : *നേതാസഹസ്രനാമം.*

## 3.607 മൺപാത്രമെന്നല്ല. . . (ഉമ)

ഇന്ദ്രവജ്ര

മൺപാത്രമെന്നല്ല നമുക്കു ഭാവം
പൊൻപാത്രമിപ്പോളുടയുന്നതെല്ലാം
സമ്പൽക്ഷയേ സങ്കടമെന്നതോർത്താൽ
സമ്പന്നനും നിർദ്ധനനും സമാനം

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.608 സുഖത്തിലുണ്ടാം സഖി. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സുഖത്തിലുണ്ടാം സഖിമാരനേകം,
ദുഃഖം വരുമ്പോൾ പുനരാരുമില്ല;
ഖഗങ്ങൾ മാവിൽ പെരുകും വസന്തേ,
വരാ ശരത്തിങ്കലതൊന്നുപോലും.

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.609 ഖരകരനകലത്തായ്. . . (ഹരി)

മാലിനി

ഖരകരനകലത്തായിന്ദുവൊന്നിച്ചുതാരാ-
നിര കരിമുകിൽ മദ്ധ്യം തന്നിലെല്ലാം മറഞ്ഞൂ
ഇരുളിൽ മുഴുകി പാരം പാരു മിന്നാമിനുങ്ങേ
ത്വരിതമിനി മിനുങ്ങൂ തെറ്റിയാൽ ചെറ്റു പറ്റാ

കവി : **ഗ്രാമത്തിൽ കൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശ മാല*

## 3.610 ഇക്കാലമിന്ദുമുഖിമാർ. . . (കർത്താ)

വസന്തതിലകം

ഇക്കാലമിന്ദുമുഖിമാർ പലരും കവിത്വ-
വക്കാണമാർന്നു മരുവുന്നു, തദേതദാസ്താം;
ഇക്കാവ്യപണ്ഡിത പരം മകരന്ദധാരാ-
ധിക്കാരിവാങ്മധുരിമാധുരി മാനനീയാ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**

## 3.611 ഇല്ല നിങ്ങളെ നനച്ചിടാതെ. . . (ജ്യോതി)[126]

കുസുമമഞ്ജരി

ഇല്ല നിങ്ങളെ നനച്ചിടാതെയൊരുനാളെവൾക്ക ജലപാനവും,
പല്ലവം തൊടുവതില്ലയേവളതണിഞ്ഞിടാൻ കൊതിയിരിയ്ക്കിലും,
നല്ലൊരുത്സവമെവൾക്ക നിങ്ങളുടെയാദ്യമായ കുസുമോദ്ഗമം,
വല്ലഭന്റെ ഗൃഹമശ്ശകുന്തള ഗമിച്ചിടുന്ന വിട നൽകുവിൻ!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.612 നിത്യം തെണ്ടുവതെത്രെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

"നിത്യം തെണ്ടുവതെത്ര നീചമരുതേ" - യർത്ഥിച്ചുപോൽ ഷണ്മുഖൻ,
"മറ്റെന്തുണ്ടൊരു മാർഗ്ഗ"മെന്നു കളിയായ് ചോദിച്ചുപോലീശ്വരൻ,
പെട്ടെന്നോതിയൊരാറു ജോലികൾ മുറയ്ക്കോരോന്നുമോരോ മുഖം:
"നൃത്തം, യുദ്ധ, മുട്ടക്കൊട്ടു, കഥനം, നീർസേചനം, ശിക്ഷണം!"

കവി : **ബാലേന്ദു**

## 3.613 പ്രാലേയാമലമാത്മദീധിതി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പ്രാലേയാമലമാത്മദീധിതിസുധാസംക്രാന്തലോകത്രയം
മുക്താജാലവിരാജിരൂപ്യവിലസദ്വേഷാംബരാലംകൃതം
ഭാസ്വത്കൈരവചാരുബാഹുമമലക്ഷൗമാവദാതം പരം
വന്ദേ സോമമരാളനീലവിലസത് കേശം മനോനന്ദനം.

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *വിഷ്ണുവിലാസം*

## 3.614 ഭീ വിട്ടു കുന്തൽ വല. . . (ഉമേഷ്)

വസന്തതിലകം

ഭീ വിട്ടു കുന്തൽ വല, ചുണ്ടിര, ബാഹു പാശം,
ഭ്രൂ വി, ല്ലപാംഗവിശിഖം, മുഖചന്ദ്രഹാസം,
ഈ വിശ്രുതായുധഗണം കലരും വധുക്കൾ
ഭാവിപ്പു തത്ര യുവഹൃന്മൃഗയാവിനോദം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.615 ഇല്ലം കത്തി നശിച്ചു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഇല്ലം കത്തി നശിച്ചു, വേളിയതിലങ്ങാപ്പെട്ടു തീപ്പെട്ടു ഹാ,
കൊല്ലപ്പെട്ടിതു തീകെടുത്തുമളവിൽ കൂപത്തിൽ വീണുണ്ണിയും,
ഇല്ലല്ലോ വരുവാനിതിൽ പരമെനിക്കിന്നൊന്നു,മെന്താകിലും
ചെല്ലപ്പെട്ടി തുറന്നിരുന്നിനി മുറുക്കട്ടേ മുറയ്ക്കൊന്നു ഞാൻ!

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

---

[126] [*ഉമേഷ്*] **ശ്ലോകം 3.611 :** മൂലശ്ലോകം (**കാളിദാസൻ**) :
പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

## 3.616 ഇല്ലാ ജീവിതമേറെയെങ്കിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ ജീവിതമേറെയെങ്കിലതിനെന്തുൾത്താപമോരാൻ, കരി-
ങ്കല്ലാണെന്ന വിധം യുഗാവധി കിടന്നാലെന്തു നിശ്ചേഷ്ടമായ്
എല്ലാ ദിക്കിലുമാത്മസൗരഭമിണക്കിക്കൊണ്ടുറങ്ങാതുയർ-
ന്നുല്ലാസം പകരുന്ന മുല്ലയൊരുനാൾ വാണാലുമേ ധന്യയാം.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.617 എന്മുറ്റത്തു തഴച്ചിടുന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

എന്മുറ്റത്തു തഴച്ചിടുന്നു തുളസിത്തയ്യും നറും മുല്ലയും,
കർമ്മൂസും പുഴുതിന്നിടുന്ന പനിനീർച്ചെണ്ടും കുറെച്ചീരയും;
അമ്മട്ടെൻ കവിതാങ്കണത്തിലവതൻ സാമാന്യബിംബങ്ങളെ-
ച്ചെമ്മേ നട്ടുനനച്ചു നോക്കി വളരാൻ കൂട്ടാക്കിയില്ലേതുമേ!

കവി : വി.കെ.ജി

## 3.618 ആറില്ലേ മുഖമാത്മജന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

"ആറില്ലേ മുഖമാത്മജന്നു? മുല നിൻ മാറത്തു രണ്ടും, വിശ-
പ്പാറില്ലെന്മക"നെന്നുരച്ചു ഭഗവാന്നുറിച്ചിരിച്ചീടവേ
"ആറിൽക്കുറ പെരുത്തൊരാളുടെ മകന്നാറായി മോ"റെന്നു തീ
പാറും നേത്രമൊടംബ ശംഭു വിളറും മാറോതിനാളുത്തരം.

കവി : എൻ. കെ. ദേശം

## 3.619 ആനാലും വരവല്ലവാ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

"ആനാലും വരവല്ലവാ?, ശരിവരട്ടും", പട്ടരേപ്പൊലെയ-
ത്യാനന്ദത്തൊടനർത്ഥവും പുണരുവോൻ വാഗർത്ഥവിജ്ഞൻ ഭവാൻ;
ആരങ്ങെന്നറിയാത്തവർക്കുമറിയാം നേരൊന്നു സാമാന്യന-
ല്ലാൾ സാധാരണ വാര്യരാകിൽ വരുമോ ശത്രുക്കളിത്രക്ക മേൽ?!.

കവി : എൻ. കെ. ദേശം

## 3.620 ആരക്ഷീണതപസ്യയാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ, രക്ഷീണതപസ്യയാ, ലഖിലലോകാധീശദത്തം കലാ-
സാരം ചിപ്പിയിൽ മുത്തുപോ, ലസുലഭാനന്ദാഭമാക്കുന്നുവോ,
ആരാൽ കേരളനാട്ടു മന്നിലഭിമാനാഗാരമാകുന്നുവോ,
ആ രാഗാങ്കണരാജപൂജിതമഹാഗന്ധർവ്വ, തേ സ്വാഗതം!

കവി : ഉമേഷ് നായർ. കൃതി: (യേശുദാസിനോട്).

## 3.621 അഥ പ്രജാനാമധിപഃ. . . (സുനിൽ)[127]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അഥ പ്രജാനാമധിപഃ പ്രഭാതേ
ജായപ്രതിഗ്രാഹിതഗന്ധമാല്യാം
വനായ പീതപ്രതിബദ്ധവത്സാം
യശോധനോ ധേനുമൃഷേർമുമോച

കവി : **കാളിദാസൻ**, കൃതി : *രഘുവംശം* (2:1)

## 3.622 വള്ളിപോലെ മൃദുവാം. . . (ജീവി)

സ്വാഗത

വള്ളിപോലെ മൃദുവാമിരുകാലും
തുള്ളി, മേനി തളരും മിശിഹായെ
ഉള്ളിലാർദ്രത നശിച്ചരിവൃന്ദം
തള്ളി, മാല്യയരുമാറു നയിച്ചു.

കവി : **കട്ടക്കയം ചെറിയാൻ മാപ്പിള**, കൃതി : *ശ്രീയേശുവിജയം*

## 3.623 ഉണ്ടാവാമൊരുപാടുമാറ്റം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ടാവാമൊരുപാടുമാറ്റമുലകി,ന്നൊന്നായിരുന്നോരു നാം
രണ്ടാവാമിരുപേരുമങ്ങിനെ മറന്നേയ്ക്കാം കുറേ ചെല്ലുകിൽ
മിണ്ടാതെൻ പ്രിയതോഴി നീ പിറകിൽ വന്നന്നാദ്യമായോമന
ച്ചുണ്ടാലേകിയ ചുംബനോത്പുളകമോ മായാ മരിപ്പോളവും

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.624 മാതംഗാനനമംബ്ജവാസ. . . (സുനിൽ)

ശാർദ്ദൂലവിക്രീഡിതം

മാതംഗാനന, മംബ്ജവാസരമണീം, ഗോവിന്ദമാദ്യം ഗുരും,
വ്യാസം, പാണിനി ഗർഗനാരദ കണാദാദ്യാൻ മുനീന്ദ്രാൻ ബുധാൻ,
ദുർഗാം ചൈവ മൃദംഗശൈലനിലയാം ശ്രീപോർക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ കുർവന്ത്വമീ മംഗളം

കവി : **കോട്ടയത്തു തമ്പുരാൻ**

## 3.625 ദേവാനാം പ്രിയനാണു ഞാൻ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ദേവാനാം പ്രിയനാണു ഞാനയി, ഭവാൻ ദേവപ്രിയൻ കേവലം!
ശ്രീവാഴും കടമാണു തേ പുര, മെനിക്കിങ്ങുള്ളതെല്ലാം കടം!
ഭൂവാനോർവരനാം ഭവാനു പടയുണ്ടൂണിന്നെനിക്കിശ്ശിവൻ-
കോവിൽപെട്ടൊരുണക്കലാണു പട! ഞാനങ്ങയ്ക്കു തുല്യൻ, പരൻ!

കവി : **ഒറവങ്കര**

---

[127] [*ഉമേഷ്*] **ശ്ലോകം 3.621 :** പരിഭാഷ (**കുണ്ടൂർ**) :
പിന്നെപ്പുലർന്നളവിളാപതി പൈക്കിടാവു
തന്നെക്കുടിച്ചതിനു പിമ്പു പിടിച്ചുകെട്ടി
മാന്യൻ യശസ്വി ദയിതാർപ്പിതഗന്ധമാല്യ-
മാർന്നുള്ള നന്ദിനിയെ വിട്ടിതു കാട്ടു പൂകാൻ

## 3.626 ഭർത്തുർമിത്രം പ്രിയം. . . (ജീവി)

മന്ദാക്രാന്ത

ഭർത്തുർമിത്രം പ്രിയമവിധവേ! വിദ്ധി മാമംബുവാഹം
തത്സന്ദേശാന്മനസി നിഹിതാദാഗതം ത്വത്സമീപം
യോ വൃന്ദാനി ത്വരയതി പഥി ശ്രാമ്യതാമധ്വഗാനാം
മന്ദ്രസ്നിഗ്ദ്ധൈർധ്വനിഭിരബലാവേണിമോക്ഷോത്സുകാനി

കവി : **കാളിദാസൻ**, കൃതി : *മേഘദൂതം*

## 3.627 യോഗീന്ദ്രാണാം ത്വദംഗേഷ്വധിക. . . (ഹരി)[128]

സ്രഗ്ദ്ധര

യോഗീന്ദ്രാണാം ത്വദംഗേഷ്വധികസുമധുരം മുക്തിഭാജാം നിവാസോ
ഭക്താനാം കാമവർഷദ്യുതിതരുകിസലയം നാഥ! തേ പാദമൂലം
നിത്യം ചിത്തസ്ഥിതം മേ പവനപുരപതേ! കൃഷ്ണ! കാരുണ്യസിന്ധോ!
ഹൃത്വാ നിശ്ശേഷതാപാൻ പ്രദിശതു പരമാനന്ദസന്ദോഹലക്ഷ്മീം.

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*

## 3.628 നിൻ നേത്രത്തിനു തുല്യമാം. . . (ജീവി)[129]

ശാർദ്ദൂലവിക്രീഡിതം

നിൻ നേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്
നിന്നാസ്യപ്രഭ തേടുമമ്പിളിയൊളിക്കപ്പെട്ടു കാർകൊണ്ടലാൽ
അന്നത്തന്വികൾ നിന്നൊടൊത്ത നടയുള്ളോരങ്ങുമണ്ടീടിനാർ,
നിന്നൗപമ്യവുമിന്നുകാൺമതു പൊറുക്കുന്നില്ലഹോ ദുർവിധി.

കവി : **എ. ആർ. രാജരാജവർമ്മ**

## 3.629 അമ്മേ വന്നിടുകെന്നു ചൊന്നു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അമ്മേ വന്നിടുകെന്നു ചൊന്നു കരവും കാലും കുടഞ്ഞാർത്തിപൂ-
ണ്ടമ്മിഞ്ഞക്കു കരഞ്ഞുകൊണ്ടുഴലുമെൻ പൊന്നോമനക്കുഞ്ഞിനെ
ചെമ്മേ ചെന്നുടനമ്മ വെച്ചു വരികെന്നോതിപ്പുണർന്നിട്ടെടു-
ത്തമ്മയ്ക്കുള്ള കരത്തിൽ നൽകുവതിനിച്ചെയ്യാവതോ ദൈവമേ!

കവി : **കെ. സി. കേശവപിള്ള** , കൃതി : *ആസന്നമരണചിന്താശതകം*

---

[128] [*ഉമേഷ്*] **ശ്ലോകം 3.627 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

മുക്തർക്കാവാസഗേഹം, മുനിജനനയനങ്ങൾക്കു പീയൂഷയൂഷം,
ഭക്തർക്കിഷ്ടപ്രദം സ്വർദ്രുമകിസലയമാം നാഥ, നിൻ പാദമൂലം
നിത്യം വാണെന്റെയുള്ളിൽ പവനപുരപതേ! കൃഷ്ണ! കാരുണ്യസിന്ധോ!
കത്തും താപത്തെയാറ്റീട്ടരുളുക പരമാനന്ദ, മാനന്ദരൂപാ!

[129] [*ഉമേഷ്*] **ശ്ലോകം 3.628 :** മൂലശ്ലോകം:

യത്ത്വന്നേത്രസമാനകാന്തി സലിലേ മഗ്നേ തദിന്ദീവരം
മേഘൈരന്തരിതഃ പ്രിയേ തവ മുഖച്ഛായാനുകാരീ ശശീ
യേ ∫ പി ത്വദ്ഗമനാനുസാരി ഗതയസ്തേ രാജഹംസാ ഗതാഃ
ത്വത്സാദൃശ്യവിനോദമാത്രമപി മേ ദൈവേന ന ക്ഷമ്യതേ!

## 3.630 ചാണക്കല്ലിലുരച്ച. . . (ജീവി)[130]

ശാർദ്ദൂലവിക്രീഡിതം

ചാണക്കല്ലിലുരച്ച രത്ന, മമരിൽ പുണ്ണേറ്റ വീരൻ, മദ-
ക്ഷീണൻ കുംഭികുലോത്തമൻ, കരതെളിഞ്ഞീടും ശരന്നിമ്നഗാ,
മീനാങ്കാർദ്ദിതയായ മങ്ക, കലയായ് ശേഷിച്ച ദോഷാകരൻ,
ദാനത്താൽ ധനപുഷ്ടികെട്ട നൃപനും കാർശ്യാൽ പ്രകാശിക്കുമേ

കവി : **എ. ആർ. രാജരാജവർമ്മ**

## 3.631 മുണ്ടാക്കക്ഷത്തു ചുറ്റി. . . (ഹരി)

മുണ്ടാക്കക്ഷത്തു ചുറ്റിദൃഢമിരുകരവും മാറിലമ്മാറു കെട്ടി-
ക്കുണ്ടാളും ചിന്ത മൂലം തല ചെറുതു കുനിച്ചക്കവീന്ദ്രൻ ചിലപ്പോൾ
കണ്ടാൽ കാണാത്ത ഭാവത്തൊടു മെതിയടിമേൽ വീട്ടുമുറ്റത്തുലാത്തു-
ന്നുണ്ടാ, മപ്പോളുറയ്ക്കാം പ്രതിഭ കവിത തൻ പേറുനോവേറ്റുവെന്നായ്

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*. മഹാകവി വള്ളത്തോളിനെപ്പറ്റി.

## 3.632 കപാലേ മാർജ്ജാരഃ. . . (സുനിൽ)

ശിഖരിണി

കപാലേ മാർജ്ജാരഃ പയ ഇതി കരാൻ ലേഢി ശശിനഃ
തരുച്ഛിദ്രപ്രോതാൻ ബിസമിതി കരീഃ സംകലയതി
രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യംശുകമിതി
പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി

കവി : **ഭാസൻ**

## 3.633 രാവിപ്പോൾ ക്ഷണം. . . (ജീവി)[131]

ശാർദ്ദൂലവിക്രീഡിതം

“രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടു, മുഷസ്സെങ്ങും പ്രകാശിച്ചിടും,
ദേവൻ സൂര്യനുദിക്ക, മിക്കമലവും കാലേ വിടർന്നീടുമേ”
ഏവം മൊട്ടിനകത്തിരുന്നളി മനോരാജ്യം തുടർന്നീടവേ,
ദൈവത്തിൻ മനമാരു കണ്ടു? പിഴുതാൻ ദന്തീന്ദ്രനപ്പത്മിനീം

കവി : **എ. ആർ രാജരാജവർമ്മ**

## 3.634 ഏഹ്യാഗച്ഛ സമാശ്രയാസനമിദം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഏഹ്യാഗച്ഛ സമാശ്രയാസനമിദം കസ്മാത് ചിരാദ് ദൃശ്യസേ

[130] [*ഉമേഷ്*] **ശ്ലോകം 3.630 :** മൂലശ്ലോകം (**ഭർത്തൃഹരി**) :
മണിഃ ശാണോല്ലീഢഃ, സമരവിജയീ ഹേതിദലിതോ,
മദക്ഷീണോ നാഗഃ, ശരദി സരിദശ്യാനപുളിനാ,
കലാശേഷശ്ചന്ദ്രഃ, സുരതമൃദിതാ ബാലവനിതാ,
തനിമ്നാ ശോഭന്തേ ഗലിതവിഭവാശ്ചാർത്ഥിഷു നൃപാഃ

[131] [*ഉമേഷ്*] **ശ്ലോകം 3.633 :** മൂലശ്ലോകം:
“രാത്രിർഗമിഷ്യതി, ഭവിഷ്യതി സുപ്രഭാതം,
ഭാസ്വാനുദേഷ്യതി, ഹസിഷ്യതി പങ്കജശ്രീ”
ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ
ഹ ഹന്ത ഹന്ത! നളിനീം ഗജ ഉജ്ജഹാര.

കാ വാർത്താ ഹ്യതിദുർബലോ∫സി കുശലം പ്രീതോ∫സ്മി തേ ദർശനാത്
ഏവം യേ സമുപാഗതാൻ പ്രണയിനഃ പ്രഹ്ലാദയന്ത്യാദരാത്
തേഷാം യുക്തമശങ്കിതേന മനസാ ഹർമ്മ്യാണി ഗന്തും സദാ

കവി : **വിഷ്ണു ശർമൻ**, കൃതി : *പഞ്ചതന്ത്രം*

## 3.635 എത്ര കഷ്ടമിതരൂപിയായ. . . (കർത്താ)

കുസുമമഞ്ജരി

എത്ര കഷ്ടമിതരൂപിയായ പവമാനനോടു പറയുന്നതെ-
ന്നത്തലാരുമിതു കേട്ടതില്ലതു പുറത്തതിന്നു കരുതും വിധൗ
ഇത്തരം ഭ്രമമകപ്പെടും വചസി ചിത്തയോനിഭുജവിക്രമം
ചിത്തകാമ്പിൽ വളരുന്നകാലമിതു കേൾപ്പിതുണ്ടഖില കാമിനാം.

കവി : **മഴമംഗലം**, കൃതി : *ഭാഷാനൈഷധം ചമ്പു*

## 3.636 ഈ രമ്യാമയമാം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഈ രമ്യാമയമാം പ്രഭാതസമയം പാഴാക്കിടാതേൽക്ക; നിൻ
താരഞ്ചും തരളാഭമാം മിഴിതുറന്നീടെന്റെ പൂമ്പൈതലേ!
ആരക്കണ്ണിനു ജീവനേകി, യവനല്ലാതർഹനാരാണതിൻ
സ്സാരശ്രീ തിരിയേ, യെടുപ്പതിനവൻ തൽകൃത്യവും ചെയ്തുപോൽ.

കവി : **ചങ്ങമ്പുഴ**, കൃതി : *ഗീതാഞ്ജലി*

## 3.637 ആമട്ടോർക്കുകിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആമട്ടോർക്കുകി, ലാത്മഹർഷകരമാം തേൻപൊയ്കയെക്കാളു, മാ
പ്രേമസ്നിഗ്ദ്ധഹൃദന്തയായി വിലസും മൈക്കണ്ണിയെക്കാട്ടിലും,
ആമോദപ്രദമാണു പൂവനികയും, ശുമുന്തിരിച്ചാറു, മാ
സീമാതീതലയാനുരഞ്ജിതലസദ്വീണാനിനാദങ്ങളും!

കവി : **ചങ്ങമ്പുഴ**

## 3.638 ആരണ്യാന്തരഗഹ്വരോദര. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആരണ്യാന്തരഗഹ്വരോദരതപസ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആ, രന്തർമുഖമിപ്രപഞ്ചപരിണാമോദ്ഭിന്നസർഗക്രിയാ-
സാരം തേടിയലഞ്ഞു പ, ണ്ടവരിലെച്ചൈതന്യമെൻ ദർശനം

കവി : **വയലാർ രാമവർമ്മ**, കൃതി : *സർഗ്ഗസംഗീതം*

## 3.639 അന്നൊത്തപോക്കീ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അന്നൊത്തപോക്കീ, കുയിലൊത്ത പാട്ടീ,
തേനൊത്ത വാക്കീ, തിലപുഷ്പമൂക്കീ,
ദരിദ്രയില്ലത്തെ യവാഗുപോലെ
നീണ്ടിട്ടിരിക്കും നയനദ്വയത്തീ.

കവി : **തോലൻ**

## 3.640 ദൈവം നേരേ തിരിഞ്ഞൂ. . . (കർത്താ)

സ്രഗ്ദ്ധര

ദൈവം നേരേ തിരിഞ്ഞൂ; ദയ നരവരനിൽത്തെല്ലുമില്ലാതെ മാഞ്ഞൂ;
ശ്രീവഞ്ചീശൻ മുഷിഞ്ഞൂ; ചിലരുടനവിടെയ്ക്കേഷണിക്കാരണഞ്ഞൂ;
സേവയ്ക്കെല്ലം പറഞ്ഞൂ; സകലരുമവിടെക്കോപമേറിച്ചമഞ്ഞൂ;
ഭാവം പാരം മറിഞ്ഞൂ; പരമിനിവരുവാൻ പോന്നതന്നാരറിഞ്ഞൂ?

കവി : **കൊട്ടാരത്തിൽ ശങ്കുണ്ണി**, കൃതി : *കേരളവർമ്മ ശതകം*

## 3.641 സംസാരാമയബാധയാൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

സംസാരാമയബാധയാൽ മഥിതനായ് ഞാൻ പേയുരയ്ക്കാം, ഭവത്-
സംസത്തിൽ സുഖഭോഗവസ്തുനിചയം യാചിച്ചുവെന്നും വരാം,
കംസാരേ! കൃപയാൽ ഭവാനനുവദിച്ചീടായ്കതൊന്നും, ഭവ-
ധ്വംസാർത്ഥം നിരവദ്യഭക്തിയരുളാൻ മാത്രം പ്രസാദിക്കണേ!

കവി : **വി. കെ. ജി.**

## 3.642 കന്നൽക്കണ്ണികൾ മൗലിരത്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കന്നൽക്കണ്ണികൾ മൗലിരത്നകലികാരൂപം ധരിച്ചാദരാൽ
പൊന്നിന്മാലയണിഞ്ഞു പൂതന തദാ മന്ദം നടന്നീടിനാൾ
പിന്നെച്ചെന്നവൾ ഗോകുലേ കുളുർമുലക്കുന്നിന്നുമീതേ ചിരം
മിന്നും ചന്ദ്രിക പോലെ മന്ദഹസിതം തൂകിപ്പറഞ്ഞീടിനാൾ

കവി : **അശ്വതി തിരുനാൾ**, കൃതി : *പൂതനാമോക്ഷം*

## 3.643 പൂണെല്ലുന്തിച്ചടച്ചാടിയ. . . (ഉമേഷ്)

സ്രഗ്ദ്ധര

പൂണെല്ലുന്തിച്ചടച്ചാടിയ മമ കവിതപ്പയ്യിനേയന്തിനേര-
ത്താണല്ലോ ഞാൻ കറക്കാൻ മുതിരുവതു ഭവാനിഷ്ടനൈവേദ്യമേകാൻ;
താണേൻ, നൃണേനകിട്ടിൽപ്പലകുറി, യൊടുവിൽച്ചെറ്റു കൈവന്ന ദുഗ്ദ്ധം
നാണം കെട്ടാണു വയ്ക്കുന്നതു പദമലരിൽ, ഗോകുലാനന്ദമൂർത്തേ!

കവി : **വി. കെ. ജി.**

## 3.644 തദനു മദനലീലാ. . . (കർത്താ)

മാലിനി

തദനു മദനലീലാലോലബാലാബലാളീ-
വദനകമലലീനൈനെരീക്ഷണൈരിന്ദ്രലോകേ
അരമത സുരപാളീലാളിതോ ദേവരാജോ
മരകതമണിലീലാമന്ദിരേ മന്ദമന്ദം.

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ഭാരതം ആട്ടക്കഥ*

## 3.645 അല്ലോളം തവ മന്ദഹാസ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

അല്ലോളം തവ മന്ദഹാസനികടേ കോലും നിലാവും കറു;-
പ്പല്ലിന്നുണ്ട നിലാവൊളം വെളുവെളുപ്പല്ലാസി കേശാന്തികേ;
കല്ലോളം കടുതെന്ന തോന്നുമൊരിളം പൂ, മെയ് തൊടുന്നോർക്കഹോ!;
കല്ലും പല്ലവകോമളം തവ മനം ചിന്തിക്കിലേണേക്ഷണേ!

## 3.646 കുളിർത്ത മണിമാറു. . . (രാജേഷ്)[132]

പൃഥ്വി

കുളിർത്ത മണിമാറു ചേർത്തമൃതമൂട്ടി ശാസ്താവുമായ്-
ക്കളിച്ച പ്രണയാർദ്രമാം മിഴികളീശനിൽത്തുകിയും
കിളർന്ന മദനാഗ്നിയിൽ മദനവൈരിയെച്ചുട്ട നീ
വിളങ്ങുക രമാപതേ മനസി മോഹിനീരൂപനായ്!

കവി : രാജേഷ് വർമ്മ

## 3.647 കിടത്തി ജടയിൽപ്പിടിച്ച്. . . (ഉമേഷ്)[133]

പൃഥ്വി

കിടത്തി ജടയിൽപ്പിടിച്ചൊരുവളെ, പ്പുരക്കേകി ത-
ന്നിടത്തുവശമാകവേ - പരിഭവങ്ങൾ തീർത്തിട്ടു, താൻ
കൊടുത്തൊരു വരത്തിനാൽ വലയവേ, സഹായത്തിനാ-
യടുത്തവളൊടൊത്തൊരാ മദനവൈരിയെക്കൈതൊഴാം!

കവി : ഉമേഷ് നായർ

## 3.648 കളായകുസുമങ്ങളേ. . . (ജീവി)

പൃഥ്വി

കളായകുസുമങ്ങളേ, നവപയോദപോതങ്ങളേ,
മദാന്ധമധുപങ്ങളേ, മുദിതനീലകണ്ഠങ്ങളേ,
തമാലവിടപങ്ങളേ, യമുനയേന്തുമോളങ്ങളേ,
തുണയ്ക്കുക മുകുന്ദനെൻ നിനവിനങ്ങളിൽ തങ്ങുവാൻ.

കവി : വി. കെ. ജി

## 3.649 തെല്ലുചാറ്റൽമഴ കൊണ്ടവാറു. . . (ഹരി)

കുസുമമഞ്ജരി

തെല്ലുചാറ്റൽമഴ കൊണ്ടവാറു പിടിപെട്ടു രൂക്ഷ ജലദോഷവും
തുമ്മലോ,ടവശനാക്കിടും കൊടിയ ചീറ്റലും,പരമ സങ്കടം
ചെഞ്ചിടയ്ക്കുനടുവിൽ മഹാനദി കളത്രമായ് കുടിയിരിക്കുമാ
മുപ്പുരാന്തക! ഭവാന്റെ ദൈന്യനിലയോർക്കവയ്യ,പ്രണമിപ്പു ഞാൻ

കവി : ഹരിദാസ്

## 3.650 ചൂട്ടും പൂവിനു ശണു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ചൂട്ടും പൂവിനു ശണുകൂട്ടുമിരുപേർദ്ദാരങ്ങൾ,കള്ളും കുടി-
ച്ചാട്ടും ജ്യേഷ്ഠ, നഴന്നു കാട്ടിലലയും ബന്ധുക്കളും തോഴരും,
കൂട്ടും പെൺകൊതിയാൽ പരന്റെ തടവിൽ പർത്തോരു പൗത്രൻ, ഹരേ!
വേടൻ തൻ കണ ശാഖിയിൽ തവ ശവം ളുങ്ങാതെ രക്ഷിച്ചതോ?

കവി : വി. കെ. ജി

## 3.651 കാറ്റിൽ ചാഞ്ഞുചരിഞ്ഞുലഞ്ഞു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാറ്റിൽ ചാഞ്ഞുചരിഞ്ഞുലഞ്ഞു രസമായാടുന്ന പൂവല്ലി പോ,-
ലാറ്റിൻ കുത്തിയൊഴുക്കിലാടിയുലയും നീലക്കരിഞ്ചണ്ടി പോൽ,
ചേറ്റിൽത്താഴ്കിലുമാർദ്രമാം മുഖമിയന്നീടുന്ന വെള്ളാമ്പൽ പോൽ,
നാട്ടിൽ ചിങ്ങമിയന്ന ലീലകൾ നകർന്നുല്ലാസമോരുന്നു ഞാൻ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.652 ചൂടായ്കിൽ തുളസീദളം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ചൂടായ്കിൽ തുളസീദളം, യമഭടത്തല്ലിങ്ങു ചൂടായ്‌വരും;
പാടായ്കിൽ തിരുനാമ, മന്തകഭടന്മാരിങ്ങു പാടായ്‌വരും;
കൂടായ്കിൽ സുകൃതങ്ങൾ ചെയ്വതിനഹോ പാപങ്ങൾ കൂടായ്‌വരും;
വീടായികിൽ കടമേവനം നരകമാം നാടിങ്ങു വീടായ്‌വരും

കവി : വെണ്മണി വിഷ്ണുനമ്പൂതിരി

## 3.653 കിട്ടീലെന്നു കഥിക്കുവാൻ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കിട്ടീലെന്നു കഥിക്കുവാൻ വഴിതരാതേകണ്ടു കാലൻ മിന-
ക്കെട്ടെത്തിച്ചിതു മൂന്നു കത്തുകൾ! മറന്നാലോ മരിക്കും കഥ?
ഞെട്ടീലാ നര വന്നപോതു, നയനം മങ്ങീടവേ, മാനസം
ചുട്ടീലാ ചില പല്ലു പോകെ; യമനെപ്പാഴിൽപ്പഴിക്കില്ല ഞാൻ.

കവി : വി. കെ. ജി.

## 3.654 ഞാനച്ഛനോളം. . . (ജ്യോതി)

ഇന്ദ്രവജ്ര

ഞാനച്ഛനോളം വലുതായിയെങ്കിൽ
ജ്യേഷ്ഠന്റെ പേരേ പറയുള്ളു പിന്നെ
“ഇങ്ങോട്ടുവാടാ ബലരാമ”, നെന്ന-
ങ്ങെന്റെച്ഛ കേട്ടിട്ടു വിറയ്ക്കുമേട്ടൻ

## 3.655 ഇത്ഥം വാതാത്മജാതഃ. . . (കർത്താ)

സ്രഗ്ദ്ധര

ഇത്ഥം വാതാത്മജാതഃ സദയമനുനയന്നാത്മകാന്താം നിശാം താം

[132] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം ('ക'യ്ക്ക്.).

[133] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം ('ക'യ്ക്ക പൃഥ്വിയിൽ).

നീത്വാ പശ്ചാദ്ദിനാന്തേ തമസി തമഹിതം പ്രത്യവേക്ഷ്യാധ്യവാത്സീൽ
നൃത്താഗാരം മൃഗാരിർദ്വിപമിവ നിഭൃതം സൂതസൂനർന്നിദേശാൽ
കൃഷ്ണാകാമാന്തകാനാം തദനു തദുപഗമ്യാത്തമോദം ജഗാദ.

കവി : **ഇരയിമ്മൻ തമ്പി**, കൃതി : *കീചകവധം*

## 3.656 നാവാ നാവാമുകുന്ദസ്മരണ. . . (ജീവി)

സ്രഗ്ദ്ധര

നാവാ നാവാമുകുന്ദസ്മരണ മരണമാകുംവരെത്തേവരേ തേ
പാടാം പാടാകെ മാറ്റിക്കളക കളകളാഭാവിശേഷം വിശേഷം.
നേരാം നേരാം വിധം സംഭവതു ഭവദുയിർഭാരമാകാ രമാകാ-
മാർത്തൻ മാർത്തട്ടിലേന്തും തരികൾ തരിക പുണ്യോത്തരം മേത്തരം മേ.

## 3.657 നൃത്യദ്ധൂർജ്ജടികരഗത. . . (കർത്താ)

ഡമരുകരവം

നൃത്യദ്ധൂർജ്ജടികരഗതഡമരുകഡുമുഡുമുപടുരവപരിപന്ഥിന്യഃ
കല്പക്ഷ്മാരുഹവികസിതകുസുമജമധുരസമധുരിമസഹചാരിണ്യഃ,
മന്ഥക്ഷ്മാധരവിമഥിതജലനിധിഘുമുഘുമുഘനരവമദമന്ഥിന്യഃ
ശൈലാബ്ധീശ്വരനൃപവര, വിദധതു ബുധസുഖമയി തവ വചസാം ശ്രേണ്യഃ

കവി : **ഉദ്ദണ്ഡ ശാസ്ത്രികൾ**

## 3.658 മന്ദാരപ്പൂക്കൾ വൃന്ദാരക. . . (ജീവി)

സ്രഗ്ദ്ധര

മന്ദാരപ്പൂക്കൾ വൃന്ദാരകവിധുമുഖിമാർ തൂകവേ, സന്മുനീനാം
വൃന്ദം നന്ദിച്ച "നാരായണ ഹരിഹരി" യെന്നുച്ചകൈരുച്ചരിക്കെ,
മന്ദസ്മേരാസ്യമാരാം വ്രജയുവതികളൊന്നിച്ചു നൃത്തം ചവിട്ടും
നന്ദൻ തൻ പുണ്യപൂരം, പവനപുരകൃപാകന്ദളം ഭാവയേഹം.

## 3.659 മാർഗേ തത്ര നഖമ്പചോഷ്മള. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മാർഗേ തത്ര നഖമ്പചോഷ്മളരജഃ പുഞ്ജേ ലലാടം തപ–
ഗ്രീഷ്മോഷ്മദ്യുതിതാമ്യദാനനസരോജാതാം വിലോക്യാദരാൽ
വാത്യോദ്ധൂളിതധൂളിജാലമലിനച്ഛായാം സ ധർമ്മാത്മജോ
മദ്ധ്യാഹ്നേ പരിദൂയമാനഹൃദയാം താമബ്രവീൽ ദ്രൗപദീം.

കവി : **കോട്ടയത്തു തമ്പുരാൻ**, കൃതി : *കിർമ്മീരവധം ആട്ടക്കഥ*

## 3.660 വക്കാണത്തിനു വന്ന വാനവർകളെ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

വക്കാണത്തിനു വന്ന വാനവർകളെപ്പായിച്ച മറ്റേവക–
ക്കാർക്കാണീയുലകെന്നു വന്നതു കണക്കല്ലെന്നു കണ്ടിട്ടുടൻ
മുക്കണ്ണൻ തിരുമേനി മുഷ്ക്കൊടുമിടഞ്ഞേറ്റിട്ടു ചെന്തീയണി–
ത്തൃക്കണ്ണൊന്നു തുറന്നവാറു വെളിയിൽ കാണായ തായേ തൊഴാം!

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, കൃതി : *നല്ല ഭാഷ*

## 3.661 മാറില്ലെന്ന വിധം പരസ്പരം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മാറില്ലെന്ന വിധം പരസ്പരമുരച്ചെന്നും പിണങ്ങുന്നൊരീ
നാരീകൊങ്കകൾ രണ്ടിനേയുമൊരുപോൽ നീ ഭംഗിയാക്കുന്നഹോ!
ചാരുശ്രീ കലരുന്ന ഹാരലതികേ, ചേലുറ്റ നിന്നുള്ളിനെ–
പ്പൂരിക്കുന്നൊരു സൂത്രമിത്ര വലുതാണെന്നോർത്തിരുന്നില ഞാൻ!

കവി : **ഗ്രാമത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ**

## 3.662 ചെറുപ്പകാലങ്ങളിലുള്ള. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.663 കിട്ടാതെ പോകട്ടെ. . . (ഉമേഷ്)

ഇന്ദ്രവജ്ര

കിട്ടാതെ പോകട്ടെ നരേന്ദ്രപട്ടം
പൊട്ടിത്തെറിക്കട്ടെ ശിരസ്സു രണ്ടായ്
വെട്ടിപ്പിളർക്കട്ടെ രിപുക്കൾ കണ്ഠം
ചട്ടറ്റ ധർമ്മത്തെ വെടിഞ്ഞിടാ ഞാൻ

കവി : **എ. ആർ. രാജരാജ വർമ്മ**

## 3.664 വിധിപോലെ വരും. . . (ജീവി)

വിയോഗിനി

വിധിപോലെ വരും സമസ്തവും
വിഫലം നമ്മുടെയാത്മകാമിതം.
വിലപിപ്പതിലർത്ഥമില്ല - ഹാ,
വിഷമം തന്നെ മനുഷ്യ ജീവിതം.

കവി : **ചങ്ങമ്പുഴ**, കൃതി : *അപരാധികൾ (തപ്തസന്ദേശം)*

## 3.665 വെയ്ക്കാനന്തിവിളക്കു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാനന്തിവിളക്കു, വീടു ശുചിയായ് വെക്കാൻ, രുചിക്കും വിധം
വെയ്ക്കാൻ ഭക്ഷണ, മെന്നകത്തു കുടിവെയ്ക്കാൻ പ്രേമ സർവസ്വമായ്
വെയ്ക്കാൻപങ്കുസുഖാസുഖങ്ങ, ളഖിലം നീ സമ്മതം മൂളുകിൽ
വെയ്ക്കാം കൈമലരെന്റെ കയ്യിൽ വിജയിച്ചീടട്ടെ മജ്ജീവിതം!

## 3.666 വൃത്തം വൃത്തിയിലൊത്തിണങ്ങി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വൃത്തം വൃത്തിയിലൊത്തിണങ്ങി രസമായ്, സംഗീതസമ്പന്നമായ്
ചിത്തംതോറുമലിഞ്ഞുചേർന്നുചിതമായ്, ചൈതന്യസമ്പൂർണ്ണമായ്,
അർത്ഥം കൊയ്തു മെതിച്ചു ചേറി,യറിവിൻ ത്തുവെള്ളനൈവേദ്യമായ്-
പ്പാത്രത്തെപ്പുരുധന്യമാക്കിനിറയും ശ്ലോകങ്ങളേ വന്ദനം!

കവി : പി. എൻ. വിജയൻ , കൃതി : *ശ്ലോകസ്തോത്രപഞ്ചകം.*

## 3.667 അർക്കശുഷ്കഫലകോമളസ്തനീ. . . (ജീവി)

രഥോദ്ധത

അർക്കശുഷ്കഫലകോമളസ്തനീ
തിന്ത്രിണീദലവിശാലലോചനേ
നിംബപല്ലവസമാനകേശിനീ
കീകസാത്മജമുഖീ വിരാജസേ.

കവി : തോലൻ

## 3.668 നന്നല്ലിബ്ഭാഷയേതും. . . (കർത്താ)

സ്രഗ്ദ്ധര

നന്നല്ലിബ്ഭാഷയേതും നലമൊടു വിബുധന്മാരു വാഴ്ത്തും വിധത്തിൽ–
ക്കന്നിക്കും ഭങ്ഗിതേടും പല പുതിയ പരിഷ്കാരവും ചേർത്തിടേണം
എന്നെല്ലാമോതി നന്നായ് സഖികളുടനലങ്കാരമോരോന്നു ചേർക്കും
കുന്നിൻപെൺപൈതലാൾതന്നുടെ കുളുർപുതുമെയ് പേർത്തുമിന്നോർത്തിടേണം.

കവി : ലക്ഷ്മീപുരത്തു രവിവർമ

## 3.669 എന്നാലും താതനല്ലേ?. . . (ഹരി)

സ്രഗ്ദ്ധര

എന്നാലും താതനല്ലേ? പുനരവിടെ നടക്കുന്നതും യാഗമല്ലേ?
ചെന്നാലും നിങ്ങളല്ലേ? പരമവിടെ വിശേഷിച്ചു ചെല്ലേണ്ടതല്ലേ?
ഇന്നെന്താണീഷ്ടമില്ലേ? തവ തിരുവെഴുനള്ളത്തിനിബ്ഭാവമില്ലേ?
നന്നല്ലേ മട്ടു, വല്ലെങ്കിലുമിഹ മമ വാക്കിന്നു സിദ്ധാന്തമല്ലേ?

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

## 3.670 ഇവിടെയിളയ തെന്നൽ. . . (കർത്താ)

വസന്തമാലിക

ഇവിടെയിളയ തെന്നൽ തന്നിൽ മുങ്ങീ-
ട്ടവികലനിർമലരാക പോകുവാൻ നാം
എവിടെ മണമിതുദ്ഭവിപ്പവങ്ങെ-
ന്നവിതഥ ജീവിതദൈവതം വസിപ്പൂ.

കവി : കുമാരനാശാൻ, കൃതി : *ലീല*

## 3.671 ഏതോ സ്വാസ്ഥ്യവിരോധി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏതോ സ്വാസ്ഥ്യവിരോധി വേദന മഥിച്ചുദ്ഭ്രാന്തമാവുന്നൊരെൻ
ചേതോവൃത്തിയിതെന്തിനോ ഹഹ! വിതുമ്പാറുണ്ടിടയ്ക്കൊക്കെയും
കാതോർത്താക്കരുണാർദ്രയമ്മയണയാമെന്നെങ്കിലും, തൻ നറും-
പാൽ തോയുന്ന പയോധരങ്ങളരുളീട്ടുൾത്താർ കുളിർപ്പിക്കുവാൻ.

കവി : ടി. എം. വി.

## 3.672 കാരുണ്യക്കടലേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാരുണ്യക്കടലേ, പരർക്കു ചൂടലേ, ഗോപാംഗനാമാനസ-
ത്താരേന്തും തുടലേ, തുനിഞ്ഞു തുടരെക്കാക്കു മറക്കാതലേ,
സാരസ്യത്തളിരേ, മനസ്സു കുളിരെത്തുക്കണ്ണയച്ചാഗമ-
ത്തേരോട്ടും കരമേ, കനിഞ്ഞു കുരു മേ സാഹായ്യ, മോങ്കാരമേ!

കവി : **വി. കെ. ജി.**

## 3.673 സഭാജനവിലോചനൈഃ. . . (കർത്താ)

പൃഥ്വി

സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാം പാർഷതീം
സഭാജനപുരസ്സരം സമുപസൃത്യ സൂതാത്മജഃ
സ ഭാജനമഥോ മുദാം സരസമേവമൂചേ വചഃ

കവി : **ഇരയിമ്മൻ തമ്പി**, കൃതി : *കീചകവധം ആട്ടകഥ*

## 3.674 സത്ക്കാരമേകാനയി. . . (ബാലേന്ദു)[134]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സത്ക്കാരമേകാനയി പാന്ഥ കേൾക്ക
തൽക്കാലമിങ്ങില്ല ഗൃഹാധിനാഥൻ
പയോധരത്തിന്റെയുയർച്ച കണ്ടി-
ട്ടീയാധിയെങ്കിൽപ്പുലരെഗ്ഗമിക്കാം.

## 3.675 പ്രമദാകുലം കുരുവരാംബര. . . (കർത്താ)

മഞ്ജുഭാഷിണി

പ്രമദാകുലം കുരുവരാംബരാർത്ഥി തത്
പ്രമദാകുലോഥ പരിരഭ്യ സാദരം
സഹസാ രഥീ രണജിഗീഷയോത്തരഃ
സഹസാരഥീ നിജപുരാൽ പ്രതസ്ഥിവാൻ.

കവി : **ഇരയിമ്മൻ തമ്പി**, കൃതി : *ഉത്തരാസ്വയംവരം ആട്ടക്കഥ*

## 3.676 സരസപല്ലവകോമളമായ. . . (ഉമേഷ്)[135]

ദ്രുതവിളംബിതം

സരസപല്ലവകോമളമായ നിൻ
ചരണതാരിനു ചഞ്ചലലോചനേ!
പരുപരുത്ത മരത്തിലണയ്ക്കയാൽ
പറക, ചെറ്റൊരു വേദന പറ്റിയോ?

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം പരിഭാഷ*

[134] ഇതു മുതൽ 11 ശ്ലോകങ്ങൾ ഒന്നിടവിട്ടു സയും പയും കൊട്ടുക്കുന്നവയാണ്. (സാ . . . പ)

[135] [*ഉമേഷ്*] ശ്ലോകം **3.676 :** മൂലശ്ലോകം (കാളിദാസൻ) :

കിസലയമൃദോർവിലാസിനി! / കഠിനേ നിഹിതസ്യ പാദപസ്കന്ധേ
ചരണസ്യ ന തേ ബാധാ / സംപ്രതി വാമോരു! വാമസ്യ.

## 3.677 പത്നീവചസ്സാൽ. . . (ബാലേന്ദു)

ഇന്ദ്രവജ്ര

പത്നീവചസ്സാൽക്കലിമൂത്തിട്ടും നാൾ
അത്താഴമുണ്ണാതിവനുരു ചുറ്റും
സത്യത്തിലേവം മമ സ്വാസ്ഥ്യതത്ത്വം
നിത്യോപവാസം, പതിവായ് നടപ്പും.

കവി : **ബാലേന്ദു**

## 3.678 സകലസുരാസുരാദി. . . (ഉമേഷ്)

നർക്കുടകം

സകലസുരാസുരാദിശരണീകരണീയപദഃ
കരിവദനഃ കരോതു കരുണാജലധിഃ കുശലം
പ്രബലതരാന്തരായതിമിരൗഘനിരാകരണ-
പ്രസൃമരചന്ദ്രികായിതനിരന്തരദന്തരുചിഃ

കവി : **എ. ആർ. രാജരാജവർമ്മ**

## 3.679 പുരാണമിത്യേവ. . . (രാജേഷ്)[136]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരേൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ

കവി : **കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം*

## 3.680 സ്ത്രീണാമശിക്ഷിതപടുത്വം. . . (ഉമേഷ്)[137]

വസന്തതിലകം

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യാഃ
പ്രാഗന്തരിക്ഷഗമനാത് സ്വമപത്യജാത-
മന്യൈഃ ഖഗൈഃ പരഭൃതാഃ ഖലു പോഷയന്തി

കവി : **കാളിദാസൻ**, കൃതി : *അഭിജ്ഞാനശാകുന്തളം*

## 3.681 പ്രഥമവയസി ദത്തം. . . (ഹരി)

മാലിനി

പ്രഥമവയസി ദത്തം തോയമൽപം സ്മരന്തഃ

---

136 [*രാജേഷ്*] **ശ്ലോകം 3.679 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :
നന്നല്ല കാവ്യമഖിലം പഴതെന്നു ചൊന്നി–
ട്ടൊന്നോടെ നിന്ദിതവുമല്ല നവത്വമൂലം
വിജ്ഞൻ വിചാരണ കഴിച്ചു തെരഞ്ഞെടുക്കും;
അജ്ഞന്നു വല്ലവരുമോതുവതാം പ്രമാണം.

137 [*ഉമേഷ്*] **ശ്ലോകം 3.680 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :
സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷിക്കു–
മാകല്യ, മെന്തു പറയേണ്ടതു മാനിഷിക്ക്?
ആകാശദേശഗമനത്തിനു മുമ്പപത്യം
കാകാലയത്തിൽ മുരികത്തി വളർത്തിടുന്നു.

ശിരസി നിഹിതഭാരാ നാളികേരാ നരാണാം
സലിലമമൃതകൽപം ദദ്യുരാജീവനാന്തം
നഹി കൃതമുപകാരം സാധവോ വിസ്മരന്തി

കവി : ശാർങ്ഗധരൻ

## 3.682 സാരം ഭൂമിയിലേതു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സാരം ഭൂമിയിലേതു ദേശമധികം? ശ്രീവഞ്ചിരാജ്യം സഖേ!
പാരം സൗഖ്യമതിങ്കലെങ്ങു വസതി? സ്യോതാമനന്താലയം!
പാരിൽ കീർത്തി പരം പുകഴ്ന്ന നൃപനോ? ശ്രീമൂലകക്ഷ്മാപനാ-
ണാരാകുന്നിതു സേവ്യനേവനുമഹോ? ശ്രീപദ്മനാഭൻ പരൻ!

കവി : രാമകൃഷ്ണശാസ്ത്രി

## 3.683 പഴയതഖിലമെന്നും. . . (ബാലേന്ദു)[138]

മാലിനി

പഴയതഖിലമെന്നും ശ്രേഷ്ഠമാമെന്നുമില്ലാ
പുതിയതുമതുപോലേ വർജ്യമല്ലാകെ മൊത്തം
സതതമറിവെഴുന്നോർ നല്ലപോലൊക്കെ നോക്കീ-
ട്ടിനിയവ തരമാക്കും, മൂഢനൗചിത്യമുണ്ടോ?

കവി : ബാലേന്ദു / കാളിദാസൻ

## 3.684 സ്മരനുടെ സമരത്തിൽ. . . (ഉമേഷ്)

മാലിനി

സ്മരനുടെ സമരത്തിൽച്ചെയ്തൊരാ സാഹസത്താൽ
പരവശതരയായ് ഞാൻ ചേർന്നുറങ്ങുന്ന നേരം
പരിചൊടു കവിൾതന്നിൽ കാന്തനൊന്നുമ്മ വെച്ചാൻ;
പരഭൃതമൊഴി! ഞാനും മാരനും കൂടുണർന്നു.

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ, കൃതി : *രസസ്വരൂപനിരൂപണം*

## 3.685 പലവിധമുപദേശം. . . (കർത്താ)

മാലിനി

പലവിധമുപദേശം പുണ്യവാന്മാർ വഴിക്ക-
ക്ഖലരിലറിവുദിപ്പാനേകി നിർമ്മായനീശൻ;
ഛലമിയലുമവർക്കാ നീതിവാക്യങ്ങൾ മൂലം
ഫലമൊരു ലവലേശം സംഭവിച്ചില്ല കഷ്ടം!

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *: ശ്രീയേശു വിജയം*

## 3.686 ഛന്ദസ്സിൻ താളമാത്രാ. . . (ഉമേഷ്)

സ്രഗ്ദ്ധര

ഛന്ദസ്സിൻ താളമാത്രാഗുരുലഘുയതിവിന്യാസസൗഭാഗ്യമുള്ളിൽ-
ത്തന്നത്താനേ വളർത്തി, സ്സഹൃദയസമുദായത്തിലംഗത്വമേകി,
അന്യൂനോച്ചാരണാർത്ഥസ്ഫുടത പരിചയം കൊണ്ടുറപ്പിച്ച, ശിഷ്യർ-
ക്കന്നന്നായ് പാഠമേകുന്നൊരു ഗുരുവരനാണക്ഷരശ്ലോകസൂരി!

കവി : വി. കെ. ജി.

## 3.687 അനന്തമജ്ഞാതം. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു?

കവി : നാലാപ്പാടൻ, കൃതി : *കണ്ണുനീർത്തുള്ളി*

## 3.688 ആരാൽപ്പൂവനിതന്നിൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ആരാൽപ്പൂവനിതന്നിൽ മന്ദമലയും പാറ്റയ്ക്കു പിമ്പേ വിടർ-
ന്നോരുത്തുമിഴിചേർത്തടക്കമിയലാതോടും മണിക്കുഞ്ഞിലും
നീ രാജിപ്പൂ മനോജ്ഞതേ! വിപുലമാം ഭോഗാഭിലാഷങ്ങൾ തൻ
തോരാച്ചണ്ഡമരുത്തിൽ നിശ്ചലിതനായ് നിൽക്കും മുനീന്ദ്രങ്കലും.

കവി : ഇടശ്ശേരി ഗോവിന്ദൻ നായർ, കൃതി : *അളകാവലി*

## 3.689 നീയാം സ്നേഹപയോധരത്തെ . . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

നീയാം സ്നേഹപയോധരത്തെയൊരുനാളെത്തിപ്പിടിച്ചേൻ, ഞൊറി-
ഞ്ഞീ യാഗാശ്രമമൺവിളക്കിനരുകിൽ രാമാംബരം നീർത്തുവാൻ;
മായാംഭോധി കടഞ്ഞുയർന്ന കവിതേ! നീ നിന്റെയന്തർമ്മുഖ-
ശ്രീയാലെന്നിൽ വിരിച്ച ദിവ്യസുരഭീപുഷ്പങ്ങളോർക്കുന്നു ഞാൻ

കവി : വയലാർ

## 3.690 മൂടിക്കെട്ടിയ മൗനമല്ല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മൂടിക്കെട്ടിയ മൗനമല്ല, നിഴലിൻ നീലത്തടാകങ്ങളിൽ
വാടിക്കുമ്പിയ മോഹഭംഗമലരിൻ മൊട്ടല്ല മുത്തല്ല ഞാൻ
കാടിനുള്ളിലരിച്ചു വീണ വെയില,ല്ലന്തർമുഖദ്ധ്യാനമാം
കൂടിനുള്ളിലെ നിദ്രയല്ല, പുലർകാലത്തിൻ ചുവപ്പാണു ഞാൻ.

കവി : വയലാർ, കൃതി : *അദ്ധ്വാനത്തിൻ വിയർപ്പാണു ഞാൻ*

[138] *[ബാലേന്ദു]* ശ്ലോകം **3.683 :** ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. (പ-സ ശ്ലോകം.) മൂലശ്ലോകം (**കാളിദാസൻ**) :

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരേൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ

### 3.691 കൽക്കണ്ടം മുന്തിരിങ്ങാപ്പഴം. . . (ളഷി)

സ്രഗ്ദ്ധര

കൽക്കണ്ടം, മുന്തിരിങ്ങാപ്പഴ, മട, വട, നെയ്പ്പായസം, തേൻവരിക്ക–
ച്ചക്കത്തുണ്ടം, പഴം, പാൽ, പൊരിമല, രവി, ലപ്പം, ഗുളം, നാളികേരം –
ഇക്കോപ്പെല്ലാം തരാം ഞാൻ, കുടവയറിതു തിന്നൊട്ടു വീർപ്പിച്ചൊരോട്ട-
ത്തുക്കണ്ണിട്ടെന്നെ രക്ഷിക്കുക തുഹിനഗിരിപ്പെൺകിടാവിൽ കിടാവേ!

കവി : **ശീവൊള്ളി**

### 3.692 ഈ നമ്മൾ നമ്മളുടെ നന്മ. . . (ജീവി)

വസന്തതിലകം

ഈ നമ്മൾ നമ്മളുടെ നന്മ നിനയ്ക്കു നല്ല
ശ്രീ നൂനമാർക്കുമുളവാമിഹ യത്നമാർന്നാൽ,
ഹാ! നമ്മിലീശകൃപയാലുയരുന്ന ഭാഗ്യം!
'ശ്രീ-നാ-ധ-പാ'ഖ്യകലരുന്ന മഹാർഹ'യോഗം'

കവി : **കുമാരനാശാൻ**, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

### 3.693 ഹരിണാങ്കനഹോ. . . (കർത്താ)

വസന്തമാലിക

ഹരിണാങ്കനഹോ! പിരിഞ്ഞതിൽപ്പി-
മ്പരികത്തൊന്നണയാത്തതോർക്കയാലോ
അരിയോരുദയാശതൻ മുഖം തെ-
ല്ലരിശം കൊണ്ടവിധം ചുകന്നിരുന്നു.

കവി : **കുറ്റിപ്പുറത്ത് കേശവൻ നായർ**, കൃതി : *കാവ്യോപഹാരം*

### 3.694 അക്കൃഷ്ണനാമഗദ. . . (ജീവി)

വസന്തതിലകം

അക്കൃഷ്ണനാമഗദഹാരി തുലോം ചെറുപ്പം
കൈക്കൊണ്ടരക്കുറവു പാരമിരിക്കകൊണ്ടോ
ഇക്കണ്ട സിംഹളകുലത്തിലുദിക്കകൊണ്ടോ
ചൊൽക്കൊണ്ട മാരുതപദത്തിനനർഹനായി?

കവി : **മൂലൂർ എസ്. പത്മനാഭപ്പണിക്കർ**

### 3.695 ഇസ്പേഡും ക്ലാവരും. . . (ളഷി)

സ്രഗ്ദ്ധര

ഇസ്പേഡും ക്ലാവരും ഡൈമനമഴകുടയോരാഡ്യനം ജാതി നാലാ-
ണിപ്പോളോരോന്നിലെണ്ണം പരിചിനൊടു പതിമ്മൂന്നുവീതം ഭവിയ്ക്കും
കെൽപേറീടുന്നതാസ്സാ,ണിതിലഥ പറയാം രാജറാണീ, ഗുലാന്മാർ
ചൊൽപൊങ്ങും പത്തുതൊട്ടൊമ്പതു തഴകളുമുണ്ടിക്രമം മിക്കവാറും.

കവി : **ഒറവങ്കര** , കൃതി : *ശീട്ടുകളി*

## 3.696 കോരിക്കുട്ടിയ പാഴ്ക്കരിക്കിടയിലെ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കോരിക്കുട്ടിയ പാഴ്ക്കരിക്കിടയിലെത്തീക്കട്ടയോ, പായലാൽ
പൂരിച്ചുള്ള ചെളിക്കുളത്തിലുളവാം പൊന്താമരപ്പുഷ്പമോ,
മാരിക്കാറണിച്ചുഴമിന്ദുകലയോ, പോലേ മനോജ്ഞാംഗിയാ-
ളാരിക്കാണ്മൊരിരുണ്ട കൊച്ചുപുരതൻ കോലായിൽ നിൽക്കുന്നവൾ?

കവി : **വള്ളത്തോൾ**, കൃതി : *ഒരു സന്ധ്യാപ്രണാമം (സാഹിത്യമഞ്ജരി)*

## 3.697 മുക്കുട്ടപ്പാതവക്കത്തൊരുതവി. . . (ഹരി)

സ്രഗ്ദ്ധര

മുക്കുട്ടപ്പാതവക്കത്തൊരുതവി കളഭം കാഴ്ചയായ് വെച്ചതിന്നാ
മുക്കുനിപ്പെണ്ണിനേയും മുരഹര! മുതു നീ നീർത്തി മുഗ്ദ്ധാംഗിയാക്കി
ഉൾക്കുറത്രുക്ക സേവിപ്പവരിലനുപമം കാട്ടുമാറുള്ളൊരങ്ങ-
ക്കൊക്കുലെന്നായ് വരില്ലിങ്ങടിതൊഴുമടിയന്നോലുമിക്കാലു നീർത്താൻ

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.698 ഉപവനതലേ സൗധേ. . . (കർത്താ)

ഹരിണി

ഉപവനതലേ സൗധേ വാപീതടേ മണിമന്ദിരേ-
പ്യനിശമടതി സ്വൈരം ദാരൈർന്നളേ രതിലാലസേ
ത്രിദശപതയോ നാകം യാന്തോ വിലോക്യ കലിം പഥി
പ്രകടിതനിജാടോപം പാപം പദാനതമൂചിരേ

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.699 തരം തരം കരം കൊടുത്തു. . . (ബാലേന്ദു)

പഞ്ചചാമരം

തരം തരം കരം കൊടുത്തു ഞാൻ മടുത്തു ദൈവമേ
വരം തപസ്സു തന്നെയെന്നു തോന്നിടുന്ന മട്ടിലായ്;
കരം തരത്തിലൽപമൊന്നിളച്ചെനിക്കു കിട്ടിയാൽ
നിരന്തരം പദാംബുജത്തിലേത്തമിട്ടു കുമ്പിടാം.

കവി : **ബാലേന്ദു**

## 3.700 കായ്ക്കാതെ കണ്ടൊരു. . . (ഹരി)

വസന്തതിലകം

കായ്ക്കാതെ കണ്ടൊരു മഹീരുഹമില്ല, സസ്യം
വായ്ക്കാതെ കണ്ടൊരു മഹീതലമി, ല്ലൊരുത്തൻ
പാർക്കാതെ കണ്ടൊരു നികേതനമില്ല, കാര്യം
കേൾക്കാതെ കണ്ടൊരധികാരിയുമില്ല നാട്ടിൽ

കവി : **വെണ്മണി മഹൻ**

## 3.701 പച്ചക്കല്ലൊളി പൂണ്ട. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

പച്ചക്കല്ലൊളി പൂണ്ട പൂവലുടലിൽ പീതാംബരം ചാർത്തിയ–
ക്കൊച്ചോടക്കുഴലും 'മുടിഞ്ഞ' വടിയും കൈക്കൊണ്ടുഷസ്സെത്തവേ
ഉച്ചയ്ക്കുണ്മതിനമ്മ തന്ന മധുരാഹാരപ്പൊതിക്കെട്ടു–
ണ്ടുച്ചം മാട്ടുതെളിച്ചു പോകമിടയക്കൊച്ചന്നു കുപ്പുന്നു ഞാൻ.

കവി : **വി. കെ. ജി.**

## 3.702 ഉണങ്ങിടും കൊമ്പു. . . (കർത്താ)

വംശസ്ഥം

ഉണങ്ങിടും കൊമ്പു മുറിച്ചു തള്ളിയാ–
ലണഞ്ഞിടാ കേടു മരത്തിനേതുമേ
ഉണർച്ചയില്ലാതതഗണ്യമാക്കിയാൽ
ക്ഷണം നശിക്കും ദ്രുമമില്ല സംശയം.

കവി : **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള**, കൃതി : *ശ്രീയേശു വിജയം*

## 3.703 ഉദിച്ചുയർന്ന. . . (ജീവി)

പഞ്ചചാമരം

ഉദിച്ചുയർന്ന സൂര്യനും പതിച്ചു പശ്ചിമാബ്ധിയിൽ
മദിച്ചുയർന്ന കൂരിരുട്ടുകൊണ്ടു മൂടി ഭൂതലം
വിദഗ്ദ്ധനായ മാന്ത്രികന്റെ വിദ്യയാലമർന്നപോ–
ലദൃശ്യരായ് വസിച്ചിരുന്നു താരകാഗണങ്ങളും.

കവി : **സിസ്റ്റർ മേരി ബെനീഞ്ജാ**

## 3.704 വായിക്കാൻ കഴിവ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വായിക്കാൻ കഴിവസ്തമിച്ചു, കനിവിൽ വാഗ്ദേവി നേത്രാഞ്ചലം
പായിക്കാൻ മടികാട്ടിടുന്നി, തിരവിൽ കൈവിട്ടു മേ നിദ്രയും,
മായാപാശനിമഗ്നിതൻ, പലതരം രോഗങ്ങളാൽ മർദ്ദിതൻ,
***തീയാണെന്നുടെയുള്ളിൽ, നീ വരികയെൻ ചാരത്തു നിസ്സംഗതേ!***

കവി : **നാലാങ്കൽ**, കൃതി : *(സമസ്യാപൂരണം)*

## 3.705 മേഘൈർമ്മേദുരമംബരം. . . (കർത്താ)

"മേഘൈർമ്മേദുരമംബരം വനഭുവഃ ശ്യാമാസ്തമാലദ്രുമൈർ–
ന്നക്തം ഭീരുരയം ത്വമേവ തദിമം രാധേ! ഗൃഹം പ്രാപയ"
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ പ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജ്ജയന്തി യമുനാകൂലേ രഹഃകേളയഃ.

കവി : **ജയദേവൻ**, കൃതി : *ഗീതഗോവിന്ദം*

### 3.706 ഇതുമുതൽ വഷളായി. . . (ജീവി)[139]

പുഷ്പിതാഗ്ര

ഇതുമുതൽ വഷളായി രണ്ടുകൂട്ടം
ഗിരിശസമാശ്രയണത്തിലാശമൂലം;
കുളുർമതിയുടെ കാന്തികോല്യമോമൽ–
ക്കലയതു, കോമളഗാത്രിയായ നീയും.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജ്ജമ* (5:71)

### 3.707 കരുതിന ഫലമീ വിധം. . . (ബാലേന്ദു)[140]

പുഷ്പിതാഗ്ര

കരുതിന ഫലമീവിധം തപസ്സാ–
ലസുലഭമെന്നവളെന്നുതാനുറച്ചാൾ
അതുമുതൽ നിനയാതെ തൻ ശരീര–
സ്ഥിതിയതിഘോരതരം തപം തുടർന്നാൾ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജ്ജമ* (5:18)

### 3.708 അക്കാലം സഖി മാഞ്ഞുപോയൊരു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അക്കാലം സഖി! മാഞ്ഞുപോയൊരു ദിനം മൂക്കുത്തു വെയ്ക്കുമ്പൊൾ നീ
വക്കാണിച്ചു വലിച്ചെറിഞ്ഞിതൊട്ടുവെൻ നേർക്കങ്ങു കൽച്ചൂതുകൾ
ത്വക്കാഴത്തിൽ മുറിഞ്ഞൊരെന്റെ നിടിലേ മായാതെയുണ്ടിന്നുമാ–
ദ്ധിക്കാരം തൊട്ടുവിച്ച പൊൻ തിലകമാം ത്വദ്രാഗമുദ്രാങ്കുരം

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

### 3.709 തിരിച്ചു നോട്ടം. . . (ജീവി)[141]

വംശസ്ഥം

തിരിച്ചു നോട്ടം മയി സമ്മുഖസ്ഥിതേ
ചിരിച്ചു വേറെ ചില കാരണങ്ങളാൽ
സ്മരിച്ചു മര്യാദ മനോജനെ സ്ഫുടീ–
കരിച്ചുമില്ലങ്ങു മറച്ചുമില്ലവൾ

---

[139] *[ഉമേഷ്]* **ശ്ലോകം 3.706 :** മൂലശ്ലോകം (കാളിദാസൻ) :
ദ്വയം ഗതം സംപ്രതി ശോചനീയതാം
സമാഗമപ്രാർത്ഥനയാ പിനാകിനഃ
കലാ ച സാ കാന്തിമതീ കലാത്മന–
സ്ത്വമസ്യ ലോകസ്യ ച നേത്രകൗമുദീ

[140] *[ഉമേഷ്]* **ശ്ലോകം 3.707 :** മൂലശ്ലോകം (കാളിദാസൻ) :
യദാ ഫലം സർവ്വസമാഃ സമാധിനാ
ന താവതാ ലഭ്യമമംസ്ത വാഞ്ഛിതം
തദാനപേക്ഷ്യ സ്വശരീരമാർദ്ദവം
തപോ മഹത് സാ ചരിതും പ്രചക്രമേ.

[141] *[ഉമേഷ്]* **ശ്ലോകം 3.709 :** മൂലശ്ലോകം (കാളിദാസൻ) :
അഭിമുഖേ മയി സംഹൃതമീക്ഷണം
ഹസിതമന്യനിമിത്തകൃതോദയം
വിനയവാരിധിവൃത്തിരതസ്തയാ
ന വിവൃതോ മദനോ, ന ച സംവൃതഃ

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.710 സുലഘു മർത്യന. . . (ഹരി)

ദ്രുതവിളംബിതം

സുലഘു മർത്യന ജീവിത കാലമേ
സുലഘു യൗവനമായതിലും ഇലോം
അലസനായ്ക്കളയായ്കുഇ സംശയാ–
കുലഭിയാ, ലഭിയാ ഗതജീവിതം

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.711 അമ്പത്തൊന്നക്ഷരപ്പൂക്കള. . . (ജീവി)

സ്രഗ്ദ്ധര

അമ്പത്തൊന്നക്ഷരപ്പൂക്കള, മതിൽ വിരിയും ശ്ലോകസൗന്ദര്യപൂരം,
സമ്പന്നം രാഗധാരാസവ, മതു പകരും സാഹിതീമാദകത്വം,
അമ്പേറും വൈഖരീമാധുരി, പുളകദമാം പ്രൗഢി, ഹാസ്യത്തൊടൊത്ത–
ന്നമ്പത്തൊന്നക്ഷരാംഗീ, തരു വരമതുലം, കാവ്യശിൽപങ്ങൾ തീർക്കാൻ!

കവി : **ഡി. വി. മണയത്താറ്റ്**

## 3.712 അച്ഛൻ പാട്ടിയെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അച്ഛൻ പാട്ടിയെ വെപ്പു വെപ്പി, നടിയേറ്റന്തർജ്ജനം പോയവാ–
റച്ഛന്നം മകനാട്ടെ, വെപ്പിഇ വെറും വെപ്പാട്ടിയായ്പ്പാട്ടിയെ
ഇച്ഛം താൻ പിതൃപുത്രഭേദമിവിടെപ്പാവങ്ങളാം സ്ത്രീകളെ
സ്വച്ഛന്ദം പുരുഷന്ന ഹന്ത വെടിയാം വെയ്ക്കാമറയ്ക്കാതെ താൻ

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.713 താപാർത്താ നളമനചിന്ത്യ. . . (കർത്താ)

പ്രഹർഷിണി

താപാർത്താ നളമനചിന്ത്യ ചേദിപൂര്യാം
സാവാത്സീദിഹ സഹ വീരബാഹുപുത്ര്യാ
ഭീമോക്ത്യാ ഭുവി ച വിചിത്യ താം സുദേവോ
ഭൂദേവോ നിഗദിതവാൻ വിലോക്യ ഭൈമീം.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.714 ഭോഗേ രോഗഭയം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഭോഗേ രോഗഭയം, കുലേ ച്യുതിഭയം വിത്തേ നൃപാലാദ് ഭയം
മാനേ ദൈന്യഭയം ബലേ രിപുഭയം രൂപേ ജരായാ ഭയം
ശസ്ത്രേ വാദിഭയം, ഗുണേ ഖല ഭയം, കായേ കൃതാന്താദ് ഭയം
സർവം വസ്തു ഭയാന്വിതം ഭുവി നൃണാം വൈരാഗ്യമേവാഭയം

കവി : **ഭർതൃഹരി**

## 3.715 ശബ്ദാതിവേഗഗമനോത്സുക. . . (ബാലേന്ദു)

വസന്തതിലകം

ശബ്ദാതിവേഗഗമനോത്സുകമന്ത്രിമുഖ്യം
ലോകാപവാദപരിശോഭിത ചാരബന്ധും
ശ്രീവാസ്തവാദ്യഖിലമൂർഖസുസേവ്യമൂർത്തിം
പ്രാതഃ സ്മരാമി മുരളീധരനിത്യദാസം.

കവി : **രവി കവനാട്**

## 3.716 ശ്രീപാർക്കും സ്ഥാനമല്ലോ. . . (ഹരി)

സ്രഗ്ദ്ധര

ശ്രീപാർക്കും സ്ഥാനമല്ലോ ഗിരിശ! തവ ശരം, ഉണ്ണി രത്നാകരം, നൽ–
ചാപം പൊൻകുന്നു, സേവൻ നിധിപതി, രജതക്കുന്നിരിക്കും പ്രദേശം,
ആപീഡം ചന്ദ്രകാന്തം, തനുവിലണിയുവാൻ ഭൂതി, പിന്നെപ്പുരാരേ!
നീ പോയിപ്പിച്ചതെണ്ടുന്നതു തലയിലെഴുത്തിന്റെ തായാട്ടമല്ലോ!

കവി : **ശീവൊള്ളി**

## 3.717 അലസവനസമീരൻ. . . (കർത്താ)

മാലിനി

അലസവനസമീരൻ വന്നു മെല്ലെന്നലയ്ക്കേ–
ത്തലമുടി തനിയേ തൽക്കെട്ടഴിഞ്ഞൊട്ടുലഞ്ഞു
വിലസദതുലസന്ധ്യാകാന്തിതൻ കാഞ്ചനച്ചേ–
ണലകളിലതു പാറീ പായലിൻ പാളിപോലെ.

കവി : **ജി.ശങ്കരക്കുറുപ്പ്**, കൃതി : *ഒരു സ്മരണ*

## 3.718 വിദ്യാർത്ഥികൾക്കമിത. . . (ജീവി)

വസന്തതിലകം

വിദ്യാർത്ഥികൾക്കമിത കൗതുകമേകിയേകീ–
വിശ്വാഭിനന്ദനവിമോഹനകേന്ദ്രമായീ,
വിജ്ഞാനരശ്മികൾ ചൊരിഞ്ഞു ചൊരിഞ്ഞു മേന്മേൽ
വിഖ്യാതി ചേർന്നു വിജയിക്കുക, മാസികേ, നീ!

കവി : **ചങ്ങമ്പുഴ**

## 3.719 വൃത്തം വൃത്രാരിസൂനോഃ. . . (കർത്താ)

സ്രഗ്ദ്ധര

വൃത്തം വൃത്രാരിസൂനോർമ്മുനിതിലകമുഖാദേവമാകർണ്ണ്യ മോദാൽ
പാർത്ഥാസ്തീർത്ഥാഭിഷേകപ്രണിഹിതമനസഃ പ്രസ്ഥിതാസ്തേന സാകം
ഗോത്രാസത്രാശനാനാം തതിഭിരപി സമം സഞ്ചരന്തസ്സമന്താൽ
സ്വച്ഛപ്രച്ഛായവൃക്ഷപ്രചുരമുനിവനം വീക്ഷ്യ പപ്രച്ഛുരേനം.

കവി : **കോട്ടയത്തു തമ്പുരാൻ**, കൃതി : *കല്യാണസൗഗന്ധികം*

## 3.720 ഗൂഢം പാതിരയിൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഗൂഢം പാതിരയിൽ പ്രസിദ്ധമഥുരാകാരാഗൃഹത്തിങ്കൽ നി–
ന്നോടിപ്പോയ്, ശിശുമോഷണക്രിയയിലും കയ്യിട്ടു, ഗോപാലനായ്
ആടിപ്പാടി നടന്നു, വല്ലവികൾതൻ ചേതസ്സുമച്ചേലയും
കൂടിക്കട്ടുമുടിച്ചൊരത്തടവുപുള്ളിക്കായ് നമിക്കാദ്യമായ്.

കവി : **വി. കെ. ജി.**

## 3.721 അമ്മൂമ്മ ചൊല്ലി പുനരിങ്ങനെ. . . (കർത്താ)

വസന്തതിലകം

അമ്മൂമ്മ ചൊല്ലി പുനരിങ്ങനെയെങ്കിലും താ–
നമ്മട്ടിലമ്മകൾ മനസ്സു പതിഞ്ഞതില്ല;
ധർമ്മത്തിലുള്ള രതികൊണ്ടവൾ സർവലോക–
സമ്മാന്യയായ് സകലസൗഖ്യമൊടൊത്തു വാണാൾ.

കവി : **നടുവത്തച്ഛൻ നമ്പൂതിരി**, കൃതി : *അംബോപദേശം*

## 3.722 ധരിക്ക നീ നാഥ. . . (ബാലേന്ദു)

ഉപേന്ദ്രവജ്റ

ധരിക്ക നീ നാഥ നമുക്കിദാനീ–
മൊരിക്കലഷ്ടിക്കുമുപായമില്ല;
കിഴക്കുദിക്കും പൊഴുതാത്മജന്മാർ
കഴൽക്കു കെട്ടിക്കരയുന്നു കാന്ത!

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.723 കുലങ്കഷാഹം. . . (ജീവി)

ഇന്ദ്രവജ്റ

കുലങ്കഷാഹങ്കൃതി പൂണ്ട ദൈത്യ–
സ്ഥൂലാധമൻ തന്നുടെ മാറു കീറി
ഭൂലോകമത്തേറ്റയിലുദ്ധരിച്ച
കോലാധിനാഥൻ കുശലം തരട്ടെ.

കവി : **മൂലൂർ എസ്. പത്മനാഭപ്പണിക്കർ**

## 3.724 ഭൂതേഷു സർവേഷ്വപി. . . (കർത്താ)

ഇന്ദ്രവജ്റ

ഭൂതേഷു സർവേഷ്വപി നിർവിശേഷം
ഭൂയസ്തരാമാഹിതകാരുണീകം
ഭൂദേവതാമംബരവാഹിനീശം
ശ്രീദേവനാരായണമാശ്രയാമഃ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *അംബരനദീശസ്തവം*

## 3.725 ഭാഷാകവിത്വമിയലുന്നവരൊക്കെ. . . (ജീവി)

വസന്തതിലകം

ഭാഷാകവിത്വമിയലുന്നവരൊക്കെ, യെന്റെ
ഭാഷാവിശേഷകവിഭാരതമായതിങ്കൽ
തോഷാൽ പതിഞ്ഞിടുവതിന്നു കുറച്ചുനാ, ളാ–
ഘോഷാൽ മനോരമയിൽ വന്നു കളിച്ചിടേണം

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.726 തുള്ളിച്ചാടിക്കളിച്ചും. . . (കർത്താ)

തുള്ളിച്ചാടിക്കളിച്ചും, തുടുതുടെ വിലസും ദേഹമിട്ടൊന്നുലച്ചും,
വെള്ളച്ചുട്ടുള്ള നെറ്റിത്തടമുടയ മുഖം നീർത്തിനീർത്തിപ്പിടിച്ചും,
ഉള്ളിൽച്ചാഞ്ചല്യമില്ലാതുരുതരസുഖമായ്പ്പൈക്കളോടൊത്തിണങ്ങി–
ത്തള്ളിച്ചാഞ്ചാടി നേരിട്ടൊരു വൃഷഭമിതാ മത്തനായെത്തിടുന്നു.

കവി : **കൊച്ചുണ്ണിത്തമ്പുരാൻ**, കൃതി : *സോമതിലകം ഭാണം*

## 3.727 ഉത്കൃഷ്ടോജ്ജൃംഭിതാഭ്രാവലി. . . (ജീവി)

സ്രഗ്ദ്ധര

ഉത്കൃഷ്ടോജ്ജൃംഭിതാഭ്രാവലി, കൊടിയ കൊട്ടുംകാറ്റിനാൽ കുട്ടിമുട്ടി–
ദ്ദിക്കെട്ടും തട്ടിവെട്ടുന്നിടികളുടനടൻ കേൾക്കുകിൽ കേസരീന്ദ്രൻ
മെക്കെട്ടുക്കോട്ടു ചാടീട്ടലറു, മൊരു കുറുക്കൻ കരച്ചീടുകിൽച്ചെ–
ന്നക്കൂട്ടത്തിൽക്കുരക്കി, ല്ലവനവമതിവന്നേക്കുമെന്നോർക്കയാലേ

കവി : **വെണ്മണി മഹൻ**

## 3.728 മോദിച്ചുനിന്നു മയിലേറിയ. . . (കർത്താ)

വസന്തതിലകം

മോദിച്ചുനിന്നു മയിലേറിയ മാമരുന്നിൻ–
പാദം നിനച്ചു പലനാൾ പണിചെയ്തിവണ്ണം
ഖേദിച്ചിടേണ്ട മനമേ! കരയേണ്ട നിന്റെ
വേദാന്തമൂലവടിവേലനിതാ വരുന്നു!

കവി : **കുമാരനാശാൻ**, കൃതി : *സുബ്രഹ്മണ്യശതകം*

## 3.729 ഖർവ്വാംഗനായ് ദ്വിജഭടൻ. . . (ഉമേഷ്)

വസന്തതിലകം

ഖർവ്വാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ–
ദുർവ്വാരമാം നിജപരശ്വധമൊന്നുലച്ചും
ശർവ്വാത്മജൻ ഝടിതി കാൽക്കു പിടിച്ചെടുത്താ
ഗർവ്വാഢ്യനെദ്ദിവി ചുഴറ്റി സലീലമായ്ത്താൻ

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

### 3.730 ശീമപാചകരറുത്തു. . . (ജീവി)[142]

രഥോദ്ധത

ശീമപാചകരറുത്തു വൃത്തിയായ്
രോമമൊക്കെയുമുരിച്ചു നഗ്നമായ്
ഹാ! മസാലയിൽ വറുത്ത കോഴിയെ–
ക്കാണ്മവർക്കു കൊതി പൊട്ടുകില്ലയോ?

കവി : **എസ്. കെ. പൊറ്റക്കാട്ട്**, കൃതി : *ഒരു ദേശത്തിന്റെ കഥ*

### 3.731 ഹാസ്യക്കൊടിക്കുറ. . . (കർത്താ)

ഇന്ദ്രവജ്ര

ഹാസ്യക്കൊടിക്കുറ പറത്തിയീവി,
ഹാസോത്സുകൻ സഞ്ജയപത്രകാരൻ!
ഹാ! സർവദുഃഖങ്ങളൊഴിക്കമാറാ–
യാവിർഭവിച്ചു ചിരിയന്നു നാട്ടിൽ.

കവി : **ഏവൂർ പരമേശ്വരൻ**, കൃതി : *കുട്ടിശ്ലോകങ്ങൾ*

### 3.732 ഹാ ശുഭേ, നിജഗതാഗതങ്ങൾ. . . (ഉമേഷ്)[143]

രഥോദ്ധത

ഹാ ശുഭേ, നിജഗതാഗതങ്ങൾ ത–
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ
ആശ നിഷ്ഫലവുമായ് വരുന്നവ–
ന്നാശിയാതിഹ വരുന്നഭീഷ്ടവും

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

### 3.733 ആദ്യത്തിൽത്താൻ തുടർന്നും. . . (കർത്താ)

ആദ്യത്തിൽത്താൻ തുടർന്നും ക്രിയ ചെറുതുമതിൽപ്പിന്നെയും വിസ്തരിപ്പാ–
നോർത്തുൾച്ചേർന്നുള്ള ബീജോത്തരഫലമൊളിവായ്ക്കാട്ടിയും തദ്വിമർശം
ഹൃത്താൽ ചെയ്തും ശുഭത്തോടഖിലമവ നിവർത്തിച്ചുമന്നാടകത്തിൻ
കർത്താവും ഹൃത്തിലെന്മാതിരിയെഴുമവനും ക്ലേശമൊപ്പം സഹിപ്പൂ.

കവി : **നെയ്തല്ലൂർ കൊട്ടാരത്തിൽ തൃക്കേട്ടനാൾ**, കൃതി : *മുദ്രാരാക്ഷസം തർജ്ജമ*

### 3.734 ഹാ, രമ്യോജ്ജ്വലസൂനസഞ്ചയമൊട്ടും. . . (ഉമേഷ്)[144]

ശാർദ്ദൂലവിക്രീഡിതം

ഹാ! രമ്യോജ്ജ്വലസൂനസഞ്ചയമൊട്ടും പുഷ്പർത്തു മാഞ്ഞീടുമേ;

---

[142] [*ഉമേഷ്*] ശ്ലോകം **3.730 :** **വള്ളത്തോളിന്റെ** *കോഴി* എന്ന (*സാഹിത്യമഞ്ജരി*) കവിതയിലെ

ഭീമഘോതുകർ കഴുത്തറക്കവേ
രാമരാമകരുണസ്വരത്തൊടും
കീഴ്പറിഞ്ഞു പിടയുന്ന കോഴിയെ–
ക്കാണ്മവർക്കു കരൾ പൊട്ടുകില്ലയോ?

എന്ന കവിതയുടെ ഹാസ്യാനുകരണം.

[143] ഇതു മുതൽ 17 ശ്ലോകങ്ങൾ ഹ, അ എന്നീ അക്ഷരങ്ങൾ ഒന്നിടവിട്ടു കൊടുക്കുന്നവയാണ്.

[144] [*ഉമേഷ്*] ശ്ലോകം **3.734 :** മൂലശ്ലോകം (**Omar Khayyam / Edward Fitzgerald**) :

സൗരഭ്യം പൊഴിയും യുവാർദ്രകവനം വേഗം സമാപിക്കുമേ;
ആരാൽ മോഹനരാഗമാർന്ന കുയിൽ വന്നെങ്ങുന്ന വന്നെന്നുമീ–
യാരാമസ്ഥലി വിട്ടുപോയതെവിടേയ്ക്കെന്നും ധരിച്ചീല നാം!

കവി : **എം. പി. അപ്പൻ / ഉമർ ഖയ്യാം**, കൃതി : *ജീവിതോത്സവം* (Rubaiyat translation)

## 3.735 ആകാശത്തിലൂടൻ. . . (കർത്താ)

ആകാശത്തിലൂടൻ പ്രഭുത്വരുജപൂണ്ടെത്തുന്നിതഞ്ചാറുന–
ല്ലാകാരപ്രഭ ഹംസപക്ഷരുചിയാം മേക്കട്ടിതൻ താഴെയും
ഹാ! കാരുണ്യമിയന്ന കണ്ടിതഖിലം കേഴുന്ന വാഗ്ദേവി താൻ;
ശോകാവസ്ഥ പരസ്പരം പകരുമിങ്ങാർദ്രാശയർക്കാർക്കുമേ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.736 ഹാ, ശാന്തിയൗപനിഷദോക്തികൾ. . . (ഉമേഷ്)

വസന്തതിലകം

ഹാ! ശാന്തിയൗപനിഷദോക്തികൾ തന്നെ നൽകും
ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം
ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ–
യീശാജ്ഞ പോലെ വരുമൊക്കെയുമോർക്ക പൂവേ!

കവി : **കുമാരനാശാൻ**, കൃതി : *വീണ പൂവ്*

## 3.737 അധിരുഹ്യ പദാംബുരുഹേണ. . . (ഹരി)[145]

തോടകം

അധിരുഹ്യ പദാംബുരുഹേണ ച, തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണിദൂരതരം നൃപതഃ
പരിഘൂർണ്ണിത ഘോരതരംഗഗണേ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം* (65:2)

## 3.738 ഹാ, പാർക്കിലീ നിഗമനം. . . (ഉമേഷ്)

വസന്തതിലകം

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ
പാപം നിനക്കു ഫലമായഴൽ പൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ–
ത്താപങ്ങൾ സാഹസികനിങ്ങനെയെന്നുമുണ്ടാം.

---

Yet Ah, that Spring should vanish with the Rose!
That Youth's sweet-scented manuscript should close!
The Nightingale that in the branches sang,
Ah whence, and whither flown again, who knows!

[145] *[ഉമേഷ്]* ശ്ലോകം **3.737 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പുതു നൽത്തളിർ തോറ്റൊരു ചേവടി ചേർ–
ത്തതിലന്നഴകോടു കരേറിയ നീ
അതിഭീകരമോളമുയർത്തിയുടൻ
കതികൊണ്ടു കലക്കി മറിച്ചു കയം.

കവി : **കുമാരനാശാൻ**, കൃതി : *വീണ പൂവ്*

### 3.739 ആ ലോലംബകദംബചുംബനവശാൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ആ ലോലംബകദംബചുംബനവശാൽ വാടിക്കൊഴിഞ്ഞൂ തുലോം
താലോലിച്ച ഭവാൻ വളർത്തിയൊരിളംപൂവൊറ്റനാളിന്നകം
ഹാ ലോലം ഭുവി ജീവിതസ്ഥിതി; ഭവാനാപ്പൂമണം പേറിയി–
ന്നീലോകത്തലയുന്നതെന്തിനു വൃഥാ വീർത്തെന്റെ താർത്തെന്നലേ?

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

### 3.740 ഹാ, മൊഴിഞ്ഞിതു നഖം. . . (ഉമേഷ്)

രഥോദ്ധത

ഹാ! മൊഴിഞ്ഞിതു നഖം പചാശ്രുവാൽ
കോമളം സതി നനച്ചു തത്പദം
ആ മഹാൻ തിരിയെ നിന്നു, നിർമ്മല–
പ്രേമമാം വലയിലാരു വീണിടാ?

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

### 3.741 അതന്ദ്രനായാദിനരന്റെ. . . (കർത്താ)

ഉപേന്ദ്രവജ്ര

അതന്ദ്രനായാദിനരന്റെ മൂന്നാം
സുതൻ ഗുണാംഭോനിധി സേത്തജസ്രം
ഹിതം സമസ്തേശ്വരനെന്തതേറെ–
ച്ചിതത്തൊടും ചെയ്തു വസിച്ചു മോദാൽ.

കവി : **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള**, കൃതി : *ശ്രീയേശുവിജയം*

### 3.742 ഹിതമായ് മമ വള്ളി. . . (ഉമേഷ്)[146]

വസന്തമാലിക

ഹിതമായ് മമ വള്ളി! നീയിവൾക്കീ–
ഗ്ഗതിവിഘ്നം ചെറുതൊന്നു ചെയ്ത കാര്യം
അതുകൊണ്ടിവളാനനം ചെരിച്ച–
ച്ചതിയാൽ നോക്കുവതിങ്ങു കണ്ടു ഞാനും.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ / കാളിദാസൻ**, കൃതി : *വിക്രമോർവ്വശീയം തർജ്ജമ*

### 3.743 ആ മൺമെത്തകളാറ്റുനോറ്റ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ മൺമെത്തകളാറ്റുനോറ്റ മധുരസ്വപ്നങ്ങൾ തൻ ജീവിത–

[146] [*ഉമേഷ്*] **ശ്ലോകം 3.742 :** മൂലശ്ലോകം (കാളിദാസൻ) :

പ്രിയമാചരിതം ലതേ! ത്വയാ മേ
ഗമനേസ്യാഃ ക്ഷണവിഘ്നമാചരന്ത്യാ
യദിയം പുനരപ്യപാംഗനേത്രാ
പരിവൃത്താർദ്ധമുഖീ മയാദ്യ ദൃഷ്ടാ

പ്രേമം പാടിയ സാമഗാനലഹരീഹർഷാഞ്ചിതാത്മാക്കളായ്
ഹാ! മന്വന്തരഭാവശിൽപികൾ നമുക്കെന്നേക്കുമായ്ത്തന്നതാ–
ണോമൽക്കാർത്തികനെയ്‌വിളക്കെരിയുമീയേകാന്തയാഗാശ്രമം!

കവി : **വയലാർ**, കൃതി : *സർഗ്ഗസംഗീതം*

## 3.744 ഹാ, കള്ളവെള്ളച്ചിരിയാൽ . . . (ജീവി)

ഇന്ദ്രവജ്ര

ഹാ! കള്ളവെള്ളച്ചിരിയാൽ നിറഞ്ഞ
ലോകത്തിൽ നമ്മൾക്കു സമാശ്വസിപ്പാൻ
ആകുന്നിതൊന്നേ ഭവമായ് കിടാവാൽ
ഉളകപ്പെടും പുഞ്ചിരിയൊന്നുമാത്രം.

കവി : **വള്ളത്തോൾ** , കൃതി : *സന്താനസൗഖ്യം*

## 3.745 അച്ചാരശീലനമഘാന്വിതൻ. . . (കർത്താ)

വസന്തതിലകം

അച്ചാരശീലനമഘാന്വിതനെന്നുതന്നെ–
വെച്ചാലുമെൻ പെരിയ തെറ്റൊഴിയുന്നതാണോ?
ഹ്വച്ചാപലാലനയവർത്മനി മുമ്പു കാലു–
വെച്ചാളെ വിട്ടനഗനെങ്ങനെ ശിക്ഷ നൽകാം?

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.746 ഹൃദി രാമമന്മഥ. . . (ഉമേഷ്)[147]

മഞ്ജുഭാഷിണി

ഹൃദി രാമമന്മഥസുദുസ്സഹാസ്ത്രമേ–
റ്റതിനാൽ വലഞ്ഞരിയ രക്തചന്ദനം
അതിയായ് നിശാചരിയണിഞ്ഞണിഞ്ഞു പോ–
യഥ ജീവിതേശനണയുന്നൊരാലയേ.

കവി : **കണ്ടൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ*

## 3.747 അന്യേഷു വൃക്ഷലതികാദിഷു. . . (കർത്താ)

വസന്തതിലകം

അന്യേഷു വൃക്ഷലതികാദിഷു വീക്ഷിതേഷു
ഖിന്നേ ദൃശൗ നിഷധഭൂമിപതേസ്തദാനീം
ഹംസേ സുവർണസുഷമേ ദധതുഃ പ്രമോദം
യാവത് സ താവദശയിഷ്ട രതിശ്രമേണ.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം*

## 3.748 ഹത്വാ യുദ്ധേ ദശാസ്യം. . . (ഹരി)

സ്രഗ്ദ്ധര

ഹത്വാ യുദ്ധേ ദശാസ്യം ത്രിഭുവനവിഷമം, വാമഹസ്തേന ചാപം
ഭൂമൗ വിഷ്ടഭ്യ തിഷ്ഠ, ന്നിതരകരധൃതം ഭ്രാമയൻ ബാണമേകം,
ആരക്തോപാന്തനേത്രഃ, ശരദളിതവപുഃ, കോടിസൂര്യപ്രകാശോ,
വീരശ്രീബന്ധുരാംഗ, സ്ത്രിദശപതിനുതഃ, പാതു മാം വീരരാമഃ

## 3.749 അളികളിളകിയോമൽ. . . (ഋഷി)

മാലിനി

അളികളിളകിയോമൽത്താരണിത്തേൻ നുകർന്നും
കിളികൾ കളകളം പൂണ്ടങ്ങുമിങ്ങും പറന്നും
കളിർ വിളയുമിളങ്കാറ്റുല്ലസിച്ചും മലർപ്പെൺ–
കിളികൾ തുടരുമോരോ വാടിവീടോടിണങ്ങി

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.750 കളിത്തോപ്പിലെപ്പൂഴി. . . (ജീവി)

ഭുജംഗപ്രയാതം

കളിത്തോപ്പിലെപ്പൂഴി, യോമൽസുഹൃത്തിൻ
കരസ്പർശസൗഖ്യം, പിതൃപ്രേമവായ്പും
വിലപ്പെട്ട നേട്ടങ്ങ, ളെന്നാലുമുച്ചം
വിളിക്കുന്നു വിശ്വം 'മറക്കൂ മറക്കൂ'.

കവി : **ബാലാമണിയമ്മ**, കൃതി : *മറക്കൂ മറക്കൂ*

## 3.751 വ്രജേ വസന്തം. . . (ജ്യോതി)[148]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വ്രജേ വസന്തം നവനീതചോരം
വ്രജാംഗനാനാം ച ദുകൂലചോരം
അനേകജന്മാർജ്ജിതപാപചോരം
ചോരാഗ്രഗണ്യം തമഹം ഭജാമി

## 3.752 അല്ലാ ഡീയെസ്പിസാറെന്തിവിടെ. . . (ബാലേന്ദു)

സ്രഗ്ദ്ധര

"അല്ലാ ഡീയെസ്പിസാറെന്തിവിടെ?","ഒരുമഹാ കള്ളനുണ്ടിങ്ങു വാഴ്വൂ
ഇല്ലാ ചെയ്യാത്തതായിട്ടിവനൊരു കളവും, കണ്ണനെന്നാണു നാമം
മല്ലാണേറെപ്പിടിക്കാനൊരുവനിതുവരേയ്ക്കായതില്ലെങ്കിലിന്നി–
ങ്ങില്ലാ ഭാവം വിടാനാ വിരുതനെയുടനേയുള്ളിലാക്കീട്ടു കാര്യം!"

കവി : **ബാലേന്ദു**

[147] [*ഉമേഷ്*] ശ്ലോകം **3.746 :** മൂലശ്ലോകം (**കാളിദാസൻ**) :

രാമമന്മഥശരേണ താഡിതാ
ദുസ്സാഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ

[148] ഇതു മുതൽ 5 ശ്ലോകങ്ങൾ എന്തെങ്കിലും മോഷണത്തെ പ്രതിപാദിക്കുന്ന സ്തുതികളാണ്.

## 3.753 മാടിൻ പാലൊരു തുള്ളിവിട്ടു. . . (ഉമേഷ്)[149]

ശാർദ്ദൂലവിക്രീഡിതം

മാടിൻ പാലൊരു തുള്ളിവിട്ടു മുഴുവൻ ഞ്ഞുവെണ്ണയോ, ടാറ്റിൽ നീ–
രാട്ടും ഗോപവധുക്കൾ തൻ തുണി ഹൃദന്തത്തോടെ, ദുശ്ചിന്തകൾ
മൂട്ടും മാനസമാർന്നൊരെന്നഴലിതാ പാപങ്ങളോട്ടും ഹരി–
ച്ചോട്ടുന്നൂ ഹരി, യെന്തു ചെയ്‌വൂ തടയാൻ? കാലിൽ പിടിക്കുന്നു ഞാൻ!

കവി : **ഉമേഷ് നായർ**

## 3.754 മോഷ്ടാവായി വധങ്ങൾ ചെയ്തു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മോഷ്ടാവായി വധങ്ങൾ ചെയ്തു കൊലയിൽപ്പാർത്ഥന്നു കൂട്ടാളിയായ്
കഷ്ടം, സ്ത്രീഹരണത്തിലില്ലൊരുവനും നീയൊത്തു വേറേ തഥാ;
തൊട്ടാൽത്തൊട്ടു വകുപ്പുകൊണ്ടുനിറയും നിൻ കുറ്റപത്രം ഹരേ
തെറ്റില്ലിങ്ങു കിടക്കയെൻ ഹൃദയമാം ലോക്കപ്പിലെന്നെന്നുമേ.

കവി : **ബാലേന്ദു**

## 3.755 തരമൊട്ടു കരമൊന്നാൽപ്പായസം. . . (രാജേഷ്)[150]

മാലിനി

തരമൊട്ടു മറപറ്റിഗ്ഗൗരി കാണാതെ തുമ്പി–
ക്കരമതിലുരുമോദം മോദകം കൊണ്ടുകൊണ്ടേ
തിരളിയുരുളിയോടക്കയ്യുരണ്ടാൽ ഹരിക്കും
കരിമുഖനിരുകാലാൽ വാരണം വാരണങ്ങൾ.

കവി : **രാജേഷ് വർമ്മ**

## 3.756 തുങ്ഗശ്രീസിംഹവാഹേ. . . (കർത്താ)[151]

സ്രഗ്ദ്ധര

തുങ്ഗശ്രീസിംഹവാഹേ! തുഹിനശിഖരിതൻ കന്യകേ! നിസ്തുലാഭേ!
ഭൃങ്ഗാളീകേശി! ചാപഭ്രൂകുടി! മൃഗസമാനാക്ഷി! കുംഭസ്തനാഢ്യേ!
ഭങ്ഗം മീനാക്ഷി! തീർത്തീടുക മധുമഥനാജാദിസേവ്യേ! വൃഷാങ്കോ–
ത്സങ്ഗശ്രീസൗമ്യഗേഹേ! ഭഗവതി! കടകോല്ലാസിഹസ്തേ നമസ്തേ!

കവി : **കൊച്ചുണ്ണിത്തമ്പുരാൻ**, കൃതി : *മലയാംകൊല്ലം*

## 3.757 ഭുഞ്ജാനാസ്സാകമേകാം. . . (ഉമേഷ്)

സ്രഗ്ദ്ധര

ഭുഞ്ജാനാസ്സാകമേകാ, മഗണിതഗുരവോ, ബ്രഹ്മഹന്തുസ്തനൂജാഃ,
മുണ്ഡാപൗത്രാശ്ച, രണ്ഡാജഠരസമുദിതാഃ, പണ്ഡിതാഃ പാണ്ഡുപുത്രാഃ
ഭ്രൂണഘ്ന്യാസ്സൂനു, മേനം ദ്വിജനകതനയം, ഭ്രാതരം പീതശീധോഃ,
കൃഷ്ണം യന്മാനനീയം ജഗൃഹുരിദമലം വർത്തതേ യുക്തരൂപം!

കവി : **മേൽപ്പുത്തൂർ**, കൃതി : *രാജസൂയം ചമ്പു*

[149] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. (മ-മ ശ്ലോകം, മോഷണം വർണ്ണിക്കുന്ന കൃഷ്ണസ്തുതി).

[150] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. ('മ'യ്ക്കു മോഷണം വർണ്ണിക്കുന്ന സ്തുതി).

[151] ഈ ശ്ലോകത്തിൽ പന്ത്രണ്ടു മലയാളമാസങ്ങളുടെയും പേരുകൾ മുദ്രാരൂപേണ ചേർത്തിരിക്കുന്നു.

## 3.758 ഭുവനൈകമനോഹരാംഗ. . . (ജ്യോതി)

വിയോഗിനി

ഭുവനൈകമനോഹരാംഗ! നിൻ–
പുകൾ പൂണ്ടീടിന ദിവ്യസൗഭഗം
ഇതുമാതിരി,യുള്ളിൽ മിന്നി നി–
ന്നിവളെക്കൊണ്ടെഴുതിയ്ക്കയാം വിഭോ!

കവി : **താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി**, കൃതി : *കൃഷ്ണകഥാമൃതം*

## 3.759 ഇക്കാലത്തൊരു പെണ്ണു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഇക്കാലത്തൊരു പെണ്ണു തെറ്റുകളകന്നുള്ളോരെഴുത്തെങ്കിലും
മുക്കാലും ശരിയാക്കിയിങ്ങെഴുതിയാലൊട്ടല്ലതാശ്ചര്യമാം
ഇക്കാണുന്നൊരു ചാരുനാടകമദുഷ്ടാക്ലിഷ്ടശബ്ദാർത്ഥമാ–
യിക്കാവമ്മ ചമച്ചതോർത്തു മുഴുകുന്നുള്ളദ്ഭുതാംഭോനിധൗ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**

## 3.760 ഇവനിതാ വനിതാ. . . (ജീവി)

ദ്രുതവിളംബിതം

ഇവനിതാ വനിതാവിഷയാഗ്രഹ–
ക്കടലിലാടലിലാണ്ടുലയുന്നു ഹാ!
സുരവിഭോ! രവിഭോജ്ജ്വല, നിൻമിഴി–
പ്രകരമേ കരമേലണയിക്കുവാൻ.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.761 സുമുഖി പോകുവതെങ്ങ്. . . (ഉമേഷ്)[152]

ദ്രുതവിളംബിതം

"സുമുഖി പോകുവതെ"ങ്ങിതുരച്ചുടൻ
കമലനേത്രയെയേറ്റി രഥത്തിൽ നീ
സുഖമൊടങ്ങു ഹരിച്ചവളപ്പുരം
മുഖരമായ് ഖരമായരിയൊച്ചയാൽ.

കവി : **സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ (79:7)*

## 3.762 സതി കനിവിനൊടും. . . (കർത്താ)

മാലിനി

സതി കനിവിനൊടും പെട്ടെന്നെയിന്നേവരേയ്ക്കും
പതിവിനഴലശേഷം മാറ്റി നീ പോറ്റിയല്ലോ
ഇതിനുപകരമെന്താം നിന്റെ കാര്യത്തിലെങ്കൽ
ക്ഷിതിയിലനിശമമ്മേ! നിൽക്കുമക്രീതദാസ്യം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

---

[152] *[ഉമേഷ്]* **ശ്ലോകം 3.761 : മൂലശ്ലോകം (മേൽപ്പത്തൂർ)** :
"ക്വ നു ഗമിഷ്യസി ചന്ദ്രമുഖീ"തി താം
സരസമേത്യ കരേണ ഹരൻ ക്ഷണാത്
സമധിരോപ്യ രഥം ത്വമപാഹൃഥാ
ഭുവി തതോ വിതതോ നിനദോ ദ്വിഷാം.

## 3.763 ഇമ്പം നൽകിന ശംഭുവിൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇമ്പം നൽകിന ശംഭുവിൻ തിരുമുടിപ്പൈന്തിങ്കൾ പാൽവെൺകതിർ–
ത്തുമ്പപ്പൂക്കൾ ചൊരിഞ്ഞു പൂർണ്ണകലനായ്ത്തീരുന്നതിന്നാം വിധം
ചെമ്പട്ടിൻ മയമേന്തുമേതിനെ യഥാകാലം ഭജിപ്പൂ കലാ–
സമ്പത്തിന്നു നിധാന, മാ ഗിരിസുതാപാദം തരട്ടേ ശുഭം!

കവി : **വള്ളത്തോൾ**

## 3.764 ചൊടിപെടുമസുരർക്കു. . . (കർത്താ)

പുഷ്പിതാഗ്ര

ചൊടിപെടുമസുരർക്കു കാളി, നീളെ–
ത്തടിവിറ നൽകിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു–
ള്ളിറ്റിരവും ചെവി പൂകിടാതെയായ് മേ.

കവി : **വള്ളത്തോൾ**, കൃതി : *ബധിരവിലാപം*

## 3.765 ഝടിതി പ്രവിശ ഗേഹം. . . (ഉമേഷ്)

മാലിനി

ഝടിതി പ്രവിശ ഗേഹം, മാ ബഹിസ്തിഷ്ഠ ബാലേ,
സപദി ഗ്രഹണവേലാ വർത്തതേ ശീതരശ്മേ
തവ കുസുമകളങ്കം വീക്ഷ്യ നൂനം സ രാഹുർ–
ഗ്രസതി തവ മുഖേന്ദും പൂർണ്ണചന്ദ്രം വിഹായ

കൃതി : *ശൃംഗാരതിലകം* (കാളിദാസന്റേതെന്നു പറയപ്പെടുന്നു.)

## 3.766 തമ്മിൽത്തമ്മിലസൂയമൂലം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

തമ്മിൽത്തമ്മിലസൂയമൂല, മളവില്ലാതുള്ളനർത്ഥങ്ങളാ–
ലിമ്മന്നിൽ, സുഖജീവിതം, ശിഥിലമാക്കിത്തീർത്തു, കഷ്ടം, നരൻ!
കമ്രശ്രീമയവിശ്വഗേഹ, മവനാവാസത്തിനാ, യീശ്വരൻ
നിർമ്മിച്ചേകി, യതും, കൃതഘ്നനവനോ വെട്ടിപ്പകുത്തു ശഠൻ!!

കവി : **ചങ്ങമ്പുഴ**

## 3.767 കാണേണം കാണി നേരം. . . (ഋഷി)

സ്രഗ്ദ്ധര

കാണേണം കാണി നേരം കനിവൊടു തിരുവുൾക്കാവിൽ മേവും ഭവാനേ
കേണീടുന്നോരു ഞാനും കഴലിണ സതതം ഭക്തിയോടേ തൊഴുന്നേൻ
വേണം മേ ബുദ്ധി, വിദ്യാ, ധൃതിനൊരു വരമിങ്ങാശു നൽകീടവേണം
കാരുണ്യത്താൽ തരേണം സകലഗുണമെനിക്കെന്റെ ശ്രീഭൂതനാഥാ.

## 3.768 വാക്കോടർത്ഥം കണക്കേ. . . (ബാലേന്ദു)

സ്രഗ്ദ്ധര

വാക്കോടർത്ഥം കണക്കേയൊരുമയൊടിയലും ഭവ്യവാഗർത്ഥസത്തേ
തീർക്കാൻ ത്രൈലോക്യദുഃഖം കരുണയൊടരുളും സർഗ്ഗസൗഭാഗ്യവിത്തേ
ചേർക്കാൻ ഭാവാർത്ഥയോഗം രസനയിലിവനിന്നക്ഷരശ്ലോകസത്രേ
ഓർക്കാം നിൻ പാദമൂലം വരമരുളുകമാമർദ്ധനാരീശമൂർത്തേ.

കവി : ബാലേന്ദു

## 3.769 ചിത്താനന്ദം കലർന്നക്കയിൽ. . . (ജീവി)

സ്രഗ്ദ്ധര

ചിത്താനന്ദം കലർന്നക്കയിലുടനെ ഖലന്മാരിൽനിന്നേതുമാപ–
ത്തെത്തായ്‌വാനം ശാന്മാരവരപകൃതിയാൽ പാപമേലായുവാനം
പത്താകം മാർഗ്ഗമെന്നായ് പഴയവസതി കൈവിട്ടു പൊങ്ങിപ്പറന്നി–
ട്ടത്താലോദ്യാനമൊന്നാർന്നിതു പുരജനതാകർണ്ണപൂണ്യോൽകരത്താൽ

കവി : കുമാരനാശാൻ, കൃതി : *ഗ്രാമവൃക്ഷത്തിലെ കുയിൽ*

## 3.770 പങ്കിട്ടു പാതിദേഹം. . . (ബാലേന്ദു)[153]

സ്രഗ്ദ്ധര

പങ്കിട്ടു പാതിദേഹം ഭഗവതി, പകുതിക്കർഹനായ് ശ്രീമുകുന്ദൻ;
ശങ്കിച്ചിട്ടെങ്ങുപോയോ, ഹരനിദമൊഴുകീട്ടാറുപോയാഴിപൂകി;
വിണ്ണബ്ബാലേന്ദു പൂകീ, യരവമതു ധരക്കുള്ളിലാ, യങ്ങു നേടീ
പാണ്ഡിത്യം വല്ലഭത്വം; പുനർ മമ വിഹിതം തെണ്ടുവാനുള്ള ശീലം.

കവി : ബാലേന്ദു / കാളിദാസൻ

## 3.771 വെണ്ണത്തുമണമാർന്ന. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വെണ്ണത്തുമണമാർന്ന വായ്മലരിനാൽ ചുംബിക്കെയമ്മയ്ക്കു മൈ–
ക്കണ്ണിൽ തിങ്ങിവഴിഞ്ഞിടുന്ന പരമാനന്ദം സമീക്ഷിക്കവേ,
വിണ്ണിൽപ്പോലുമലഭ്യമാമമൃതൊലിച്ചീടുംവിധം ചെമ്മലർ–
ത്തൊണ്ണിൻ തൂമ വെളിപ്പെടുംപടി ചിരിക്കും കണ്ണ! കാക്കേണമേ.

കവി : വി. കെ. ജി.

## 3.772 വെണ്ണക്കല്ലുപതിച്ച. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വെണ്ണക്കല്ലുപതിച്ച മേടയിൽ നറും പട്ടിന്റെ മെത്തപ്പുറ–
ത്തെണ്ണപ്പെട്ട വിശിഷ്ടഭോഗമിയലും മട്ടല്ലയെന്നാകിലും
മണ്ണിൽക്കാലികൾ തന്റെ കൂട്ടിലൊരുപാഴ്പുൽക്കുട്ടിലൽപേതരം
ദണ്ഡം പേറിയ ജന്മമാർന്നുമവിടുന്നന്നും കരഞ്ഞീല പോൽ.

കവി : ബാലേന്ദു

## 3.773 മണം തുടങ്ങിയെണ്ണി. . . (കർത്താ)

പഞ്ചചാമരം

മണം തുടങ്ങിയെണ്ണി മണ്ണിലുണ്ണുമെണ്ണമൊക്കെയ–

---

[153] [*ബാലേന്ദു*] **ശ്ലോകം 3.770 :** മൂലശ്ലോകം (**കാളിദാസൻ**) :

അർദ്ധം ദാനവവൈരിണാ, ഗിരിജയാപ്യർദ്ധം ശിവസ്യാഹൃതം
ദേവേത്ഥം ധരണീതലേ സ്മരഹരാഭവേ സമുന്മീലതി
ഗംഗാ സാഗര, മംബരം ശശികലാ, നാഗാധിപഃ ക്ഷ്മാതലം,
സർവജ്ഞത്വമധീശ്വരത്വമഗമത്ത്വാം, മാം ച ഭിക്ഷാടനം!

റ്റിണങ്ങി നിൽക്കുമുൾക്കുരുന്നുരുക്കി നെക്കി നക്കിടും
ഗുണം നിറഞ്ഞ കോമളക്കുടത്തിലന്നുമിന്നുമി–
ന്നിണങ്ങളങ്ങുമിങ്ങുമെങ്ങുമില്ല നല്ല മങ്ഗളം.

കവി : **ശ്രീ നാരായണഗുരു**, കൃതി : *സദാശിവദർശനം*

## 3.774 ഗൗരീസൗഭാഗ്യരാശേ. . . (ഹരി)

സ്രശ്ധര

ഗൗരീസൗഭാഗ്യരാശേ ജയ ജയ തൊഴുതേനമ്പിലെൻ തമ്പുരാനേ
നേരേ വന്നിങ്ങു തൃക്കാലിണയിലടിമ പൂണ്ടീടുമസ്മാനനാഥാൻ
കാരുണ്യത്തോണി തന്മേലഴകൊട്ടു കരയേറ്റി പ്രഭോ കാംക്ഷിതാർത്ഥ–
പ്പേരാം വാരാകരത്തിൻ മറുകരയിലണയ്ക്കേണമേ തമ്പിരാനേ

കവി : **നീലകണ്ഠ കവി** , കൃതി : *ചെല്ലൂർ നഥോദയം ചമ്പു*

## 3.775 കാന്തം സാന്തം വസന്തം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാന്തം സാന്തം വസന്തം, മദനമവപുശം, ദ്വിത്രിയാമാം ത്രിയാമാം,
രാകാമേകാം, വധോനാം ഹൃദയമപദയം, കല്പവൃക്ഷാൻ പരോക്ഷാൻ,
സ്പർദ്ധാഭാഗോ വിദഗ്ധാ, നഹഹ! സുകൃതിനാം കല്പയന്നല്പമായുർ-
ബ്രഹ്മാ ജിഹ്നാന്തരാത്മാ സ മുനിരിതി കഥം കഥ്യതേ തഥ്യവാഗ്ഭിഃ?

കവി : **ഭർഥ്ത്ത്യഹരി**

## 3.776 സംസാരത്തിൻ കൊളുത്തെൻ. . . (ജ്യോതി)

സ്രശ്ധര

സംസാരത്തിൻ കൊളുത്തെൻ മുതുകിലമരുമീ ഭക്തർ തന്നാർപ്പിനൊത്തെൻ–
മാംസസ്നായ്വസ്ഥിമേദോമലകലിതമുടൽക്കെട്ടു മാനത്തു പൊങ്ങും
ധ്വംസം ദേഹാത്മഭാവത്തിനു വരണമിവ; ക്കില്ലയെന്നാകിൽ ഞാനെ–
ന്നംസം ഭേദിച്ച ബീഭത്സത, ജനനി, നിവേദിക്കണോ സത്ത്വരൂപേ?

കവി : **മധുരാജ്. ഇളവൂർ തൂക്കത്തിനെപ്പറ്റി.**

## 3.777 ധീമത്ത്വം,ഫലിതം നിറഞ്ഞ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ധീമത്ത്വം,ഫലിതം നിറഞ്ഞ കവനം, വൈദ്യം മുതൽക്കെന്തിലും
സാമർത്ഥ്യം, ചെറുമെയ്യ്, വട്ടവദനം, ഗാത്രം കറുത്തങ്ങനെ
ഓമൽപ്പുഞ്ചിരി, മാർ വിരി, ഞരകട്ട, തൽപം വളഞ്ഞെത്രയും
പ്രേമം പൂണ്ടൊരു നോട്ടവും ശിവ, മറക്കാമോ മരിക്കും വരെ?

കവി : **നടുവത്ത് അച്ഛൻ നമ്പൂതിരി** , കൃതി : *(ശീവൊള്ളിയെക്കുറിച്ച്)*

## 3.778 ഒരു നിശ്ചയമില്ലയൊന്നിനും. . . (ജീവി)

വിയോഗിനി

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.779 വെള്ളക്കണ്ണാടിപോലുള്ളവളുടെ. . . (ഹരി)

സ്രഗ്ദ്ധര

വെള്ളക്കണ്ണാടിപോലുള്ളവളുടെ കവിളിൽ കൈകളെച്ചേർത്തു;വെന്നാ–
ലുള്ളത്തിൽ പേടിമൂലം കിടുകിടെ വിറയാലൊന്നു ചുംബിച്ചതില്ല
വെള്ളത്തിൽ ചാടിയപ്പോളവളുടെയധരം തൊട്ടു ഞാനൊട്ടതിങ്കൽ–
ക്കള്ളംകൂടാതെയോലും പുതുസുധയെ നകർന്നില്ല ദുർദൈവയോഗാൽ

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.780 വഞ്ചിക്ഷോണിക്കൊരു. . . (ജീവി)

മന്ദാക്രാന്ത

വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേയ്ക്കു പോകും
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാക മൂലം
വൻ ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേ നീ.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.781 വായിപ്പോർക്കരുളുന്നനേകവിധമാം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വായിപ്പോർക്കരുളുന്നനേകവിധമാം വിജ്ഞാന,മേതെങ്കിലും
ചോദിപ്പോർക്കുചിതോത്തരങ്ങളരുളിത്തീർക്കുന്നു സന്ദേഹവും
വാദിപ്പോർക്കുതകുന്ന യുക്തി പലതും ചൂണ്ടിക്കൊടുക്കും വൃഥാ
ഖേദിപ്പോർക്കരുളുന്നു സാന്ത്വനവചസ്സുത്കൃഷ്ടമാം പുസ്തകം

കവി : **ആർ. ഈശ്വരപിള്ള**

## 3.782 വേണം പുഷ്പഫലാർദ്രനിത്യ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വേണം പുഷ്പഫലാർദ്രനിത്യഹരിതാരാമം നമുക്കെങ്കിലോ
വേരോടാനതിനേകണം വരൾമനസ്സിൻ മണ്ണിൽ നാമൊട്ടിടം
വേറൊന്നില്ലെളുതാമുപായമലസം വ്യർത്ഥപ്രസംഗങ്ങളാ–
ലേറെപ്പോക്കി ദിനങ്ങൾ; വല്ലതുമിനിച്ചെയ്യാം, വരൂ നേരമായ്.

കവി : **യൂസഫലി കേച്ചേരി**

## 3.783 വിദ്യാവിഹീനത വരട്ടെ. . . (ജീവി)

വസന്തതിലകം

വിദ്യാവിഹീനത വരട്ടെയിവർക്കുമേലി–
ലുദ്യോഗവും ബലവുമങ്ങിനെപോട്ടെയെന്നാം,
വിദ്യാലയം ചിലതഹോ! തടയുന്നനാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്ഠുപന്മാർ

കവി : **കുമാരനാശാൻ**, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

## 3.784 വാണീദേവി, സുനീലവേണി. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാണീദേവി, സുനീലവേണി, സുഭഗേ, വീണാരവം കൈതൊഴും
വാണീ, വൈഭവമോഹിനീ, ത്രിജഗതാം നാഥേ, വിരിഞ്ചപ്രിയേ,
വാണീദോഷമശേഷമാശു കളവാനെൻനാവിലാത്താദരം
വാണീടേണ, മതിന്നു നിന്നടിയിൽ ഞാൻ വീഴുന്നു മൂകാംബികേ!

## 3.785 വിദ്വാനു പണ്ടിഹ. . . (ജീവി)

വസന്തതിലകം

വിദ്വാനു പണ്ടിഹ ദരിദ്രതയിന്നു പാരിൽ
വിദ്യാവിഹീനനനുവന്നു വിരോധമില്ലാ
വിദ്യയ്ക്കു പണ്ടു വില വാങ്ങുകയില്ലയിപ്പോ–
ളുദ്യുക്തനും ധനമൊഴിഞ്ഞതു കിട്ടുകില്ല.

കവി : **കുമാരനാശാൻ**

## 3.786 വേദം നിന്നുടെ ശാസനക്കുറി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വേദം നിന്നുടെ ശാസനക്കുറി, പുരാണൗഘം ഹിതോദ്ബോധനം,
സ്വാദത്യന്തമിയന്ന കാവ്യഗണമോ സപ്രേമസംഭാഷണം
വൈദഗ്ദ്ധ്യത്തികവാൽ ജഗത്തു മുഴുവൻ താനേ വശത്താക്കി നീ
നാദബ്രഹ്മമനുപാസനോപരി വിളങ്ങുന്നു മഹാരാജ്ഞിയായ്.

കവി : **വള്ളത്തോൾ**, കൃതി : *കവിത*

## 3.787 വിദ്യാ നാമ നരസ്യ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വിദ്യാ നാമ നരസ്യ രൂപമധികം പ്രച്ഛന്നഗുപ്തം ധനം
വിദ്യാ ഭോഗകരീ യശഃ സുഖകരീ വിദ്യാ ഗുരൂണാം ഗുരുഃ
വിദ്യാ ബന്ധുജനോ വിദേശഗമനേ വിദ്യാ പരാ ദേവതാ
വിദ്യാ രാജസു പൂജ്യതേ ന തു ധനം വിദ്യാവിഹീനഃ പശുഃ

കവി : **ഭർത്തൃഹരി**, കൃതി : *നീതിശതകം*

## 3.788 വിരുതിൽ വിമതരേയും. . . (ബാലേന്ദു)

മാലിനി

വിരുതിൽ വിമതരേയും തന്നിരത്താരമാക്കാൻ
കരുതി രുചിരവേഷം കെട്ടി മട്ടുന്ന മട്ടിൽ
വരുമഴിമതിയാടിപ്പാടി നൃത്തം ചവിട്ടി–
ച്ചിരിയൊട്ടു പുണരുമ്പോൾ പിമ്പരാം വമ്പർപോലും.

കവി : **ഡി.വി. മണയത്താറ്റ്**

## 3.789 വെള്ളപ്പളുങ്കുനിറമൊത്ത. . . (ജ്യോതി)

വസന്തതിലകം

വെള്ളപ്പളുങ്കുനിറമൊത്ത വിശുദ്ധരൂപീ
കള്ളം കളഞ്ഞു കമലത്തിലെഴുന്ന ശക്തീ
വെള്ളത്തിലെത്തിരകൾ തള്ളിവരും കണക്കെ–
ന്നുള്ളത്തിൽ വന്നു വിളയാടു സരസ്വതീ നീ!

## 3.790 വാക്കൊന്നെന്നുടെ വായിൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാക്കൊന്നെന്നുടെ വായിൽ നിന്നൊരുവിധം വീണാലതിന്നേതുമേ
നീക്കം പിന്നെ വരുന്നതല്ലൊരു മുഖം നോക്കും നമുക്കില്ലതിൽ
വക്രത്വത്തൊടു രാജകൽപന വൃഥാ ലംഘിച്ചിടുന്നോർകളെ–
ച്ചക്രശ്വാസമൊടിട്ടിഴച്ചു കഷണിപ്പിക്കും കണക്കെന്നിയേ

കവി : **നടുവത്ത് അച്ഛൻ നമ്പൂതിരി**, കൃതി : *ഭഗവദൂത്*

## 3.791 വിണ്ണാറിൻ വിരിമാറിലർദ്ധവലയ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വിണ്ണാറിൻ വിരിമാറിലർദ്ധവലയാകാരത്തൊടേഴാകുമാ
വർണ്ണത്തിന്റെ പകിട്ടു കാട്ടിടുമണക്കെട്ടൊന്നുയർത്തി സ്വയം
വർണ്ണിക്കാനരുതാത്ത ചൂടിലുരുകം ലോകർക്കു താപം കെടും
വണ്ണം വെള്ളമൊഴുക്കുവോനലകിതിൻ ചീഫെഞ്ചിനീറാരുവാൻ!

കവി : **ടി. എം. വി.**

## 3.792 വീണക്കമ്പികൾ മീട്ടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വീണക്കമ്പികൾ മീട്ടി നിൻ കരവിരൽക്കെല്ലാമിരട്ടിക്കുമി–
ശ്ശോണത്വം ബത കണ്ടു “ഗാനമുടനേ നിർത്തേണ”മെന്നക്ഷിയും
“വേണം തെല്ലിടകൂടെ”യെന്നു ദൃഢ കൊണ്ടെൻ കർണ്ണവും തങ്ങളിൽ
പ്രാണപ്രേയസി, തർക്കമാ - ണിവിടെ ഞാൻ മദ്ധ്യസ്ഥതയ്ക്കക്ഷമൻ!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.793 വത്സസ്തോഭം മുകുന്ദൻ. . . (ഹരി)

സ്രഗ്ദ്ധര

വത്സസ്തോഭം മുകുന്ദൻ വനഭുവി പശുപന്മാരുമായ് മേച്ച കാലം
വത്സസ്തേയം വിധാതാ വിവശതയിൽ വൃഥാ ചെയ്തു നിർവ്വിണ്ണനായാൻ
വത്സസ്തോമത്തെ നോക്കുംപൊഴുതു മകുടവും ഹാരപീതാംബരശ്രീ–
വത്സത്തോടേ വിളങ്ങീ ഭുവനമഖിലവും കണ്ടു വിഷ്ണു സ്വരൂപം

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.794 വാസുദേവ തവ ഭാസമാനമിഹ. . . (ജ്യോതി)[154]

കുസുമമഞ്ജരി

വാസുദേവ തവ ഭാസമാനമിഹ രാസകേളിരസസൗരഭം
ദൂരതോ ∫ പി ഖലു നാരദാഗദിതമാകലയ്യ കുതുകാകുലാ
വേഷഭൂഷണവിലാസപേശല വിലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി വേഗതോ ∫ ഥ സുരമണ്ഡലീ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം* (69:3)

---

154 [*ഉമേഷ്*] ശ്ലോകം **3.794 :** മൂലശ്ലോകം (**മേൽപ്പത്തൂർ**):

നീരജാക്ഷ, തവ ശോഭ വായ്ക്കുമൊരു രാസകേളിരസസൗരഭം
ദൂരെ നിന്നുമഥ നാരദന്റെ മൊഴിയാലറിഞ്ഞു കുതുകത്തൊടേ,
ചാരുഭൂഷണവിലാസമാർന്നൊരു വിലാസിനീശതമൊടുമ്പരും
സ്വൈരമായ് സുരപദം വെടിഞ്ഞു ഗഗനത്തിലെത്തി പല സംഘമായ്.

## 3.795 വർണ്ണിക്കാവല്ല വിഷ്ണോ. . . (ഹരി)

സ്രശ്ധര

വർണ്ണിക്കാവല്ല വിഷ്ണോ! തവ ഗുണഗണമോരോന്ന ശേഷനു പോലും
കണ്ണിൽക്കാണുന്നവർക്കെന്തിതു വിഷയധിയാമെങ്കിലും പ്രാർത്ഥയേ ഞാൻ
വിണ്ണിൽക്കൂടും ജനങ്ങൾക്കധിപനവശനായ് വന്നു കൈകൂപ്പി വീണോ–
രുണ്ണിത്തൃക്കാലൊരിക്കൽ മനസി മമ ധരിക്കായ്‌വരേണം കൃപാബ്ധേ!

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.796 വിശ്വാമിത്ര, വസിഷ്ഠ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വിശ്വാമിത്ര, വസിഷ്ഠ, ഗൗതമ, ഭരദ്വാജാദികൾ നട്ടൊരാ
വിശ്വാസച്ചെടി കായ്ച്ചുണങ്ങിയ കനിത്തോടേന്തി വേദാന്തമേ!
വിശ്വം, ശക്തിതരംഗചാലിതവിയദ്ഗേഹങ്ങളിൽ, കാലമാ–
മശ്വത്തെപ്പുറകേ നടത്തുമിവിടേക്കെന്തിന്നു വന്നെത്തി നീ?

കവി : **വയലാർ**, കൃതി : *ഗ്രാമദർശനം*

## 3.797 വരുന്ന ഗോപാല. . . (ഉമ)

ഉപേന്ദ്രവജ്ര

വരുന്ന ഗോപാലനിതംബിനീനാം
കരം പകർന്നാശു വിളങ്ങി കൃഷ്ണൻ
വിരിഞ്ഞ പുഷ്പങ്ങളിലങ്ങുമിങ്ങും
വിരിഞ്ഞു മണ്ടുന്നൊരു വണ്ടു പോലെ

കവി : **കുഞ്ചൻ നമ്പ്യാർ** , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.798 വർത്തിച്ചീടുന്നൊരിക്കൽ. . . (ഹരി)

സ്രശ്ധര

വർത്തിച്ചീടുന്നൊരിക്കൽ ഗുരുവിനു സമമായ്, മിത്രമായ് മറ്റൊരിക്കൽ,
വർത്തിച്ചീടും പിതാവായ്, സപദി ജനനിയായ്, കാന്തയായും കദാചിൽ,
വർത്തിച്ചീടുന്ന വാഗീശ്വരിയുടെ നടനാരാമമായ് സർവ്വകാലം
വർത്തിച്ചീടുന്ന സക്ഷാൽ സുരതരു സദൃശം പുസ്തകം ഹസ്തസംസ്ഥം

കവി : **ആർ. ഈശ്വരപിള്ള**

## 3.799 വാവായന്നുതുടങ്ങി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വാവായന്നുതുടങ്ങിയിങ്ങു പലരും ചൊല്ലുന്ന ശ്ലോകം വെറും
വാവായെന്നു തുടങ്ങിയായതുവരുന്നയ്യഞ്ചു പത്തോളവും;
വാവല്ലാണ്ടൊരു മൂന്നു നാളുകഴിയാറായീ, മുടങ്ങാതിനീം
വാ വല്ലാണ്ടു കഴയ്ക്കുവോളമിതുമട്ടായാൽ രസം കെട്ടുപോം.

കവി : **ബാലേന്ദു**

## 3.800 വിനാ ഗോ രസം കോ രസ:. . . (ഹരി)

ഭുജംഗപ്രയാതം

വിനാ ഗോ രസം കോ രസോ ഭോജനാനാം
വിനാ ഗോ രസം കോ രസഃ കർഷകാണാം?
വിനാ ഗോ രസം കോ രസഃ കാമിനീനാം?
വിനാ ഗോ രസം കോ രസഃ പണ്ഡിതാനാം?

## 3.801 വേണ്ടാതീനമശേഷമുണ്ടു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വേണ്ടാതീനമശേഷമുണ്ടു; കസൃതിക്കുടാം കിടാങ്ങൾക്കതേ–
വേണ്ടൂ പെട്ടിതുറന്നു വെയ്ക്കുകിൽ, വിശേഷിച്ചും പരസ്യങ്ങളിൽ;
തീണ്ടാരിത്തുണി, സോപ്പു, ലൂപ്പടിയുടുപ്പിത്യാദി കണ്ടാൽപ്പുറം–
തോണ്ടിക്കൊണ്ടവരെന്തതെന്തിനിതുമട്ടാരായുമോരോന്നുടൻ!

കവി : **എൻ.കെ. ദേശം.**

## 3.802 താരാകദംബമിതു. . . (കർത്താ)

വസന്തതിലകം

താരാകദംബമിതു താഴ്ന്ന,തുയർന്നതിന്ദു–
താനെന്നു ഹന്ത! കരുതിക്കവിപുംഗവന്മാർ
താരാധിനായകത ചന്ദ്രനു നൽകിയല്ലോ
ദൂരത്തു നിൽക്കിലറിയാൻ കഴിയാ യഥാർത്ഥം.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *വിശ്വരൂപം*

## 3.803 തസ്മിൻ പ്രായോപവിഷ്ടേ. . . (ജ്യോതി)

സ്രഗ്ദ്ധര

തസ്മിൻ പ്രായോപവിഷ്ടേ സതി സുരതടിനീപുണ്യതീരപ്രദേശേ
തത്രായാതാൻ സ്മരാമി വ്രജപ മുനിഗണാനാഗതം ശ്രീശുകം ച
ദൃഷ്ട്വാ തം പീതചേലം മണിമയമുരളീം പിഞ്ഛജാലം ച ഹിത്വാ
ലക്ഷ്മീകാന്തസ്സമേതി സ്വയമിതി മുനയോ മേനിരേ മാരുതേശ

കവി : **ഭക്തകവി വാഴകുന്നം**

## 3.804 ദാരിദ്ര്യാഘാതമേറ്റിട്ടപഗത. . . (ജീവി)

സ്രഗ്ദ്ധര

ദാരിദ്ര്യാഘാതമേറ്റിട്ടപഗതധൃതിയായാപതിക്കുമ്പൊഴും, ഞാൻ
സാരൈശ്വര്യപ്രതാപക്കൊടുമുടിയിലിരിക്കുമ്പൊഴും തുല്യമായി
താരാർമാതിന്റെ മാറിന്നണിമരതകഭൂഷായിതം സർവ്വലോകാ–
ധാരം നീരന്ധ്രധാരാധരമധുരശരീരം സ്മരിക്കാവൂ നിത്യം.

കവി : **വി. കെ. ജി.**

## 3.805 തരളനരകളാകും. . . (കർത്താ)

മാലിനി

തരളനരകളാകും ചാമരം ലോലശംഖാ–
ഭരണമിതുകൾ ചേരും സാഗരശ്രീകരീന്ദ്രൻ
തരമൊടു തടഘാതക്രീഡചെയ്യുന്ന ചെന്നാ–
പ്പുരിയുടെ മികവേറും കോട്ടമേൽ കോട്ടമെന്യേ.

കവി : **കവിയൂർ രാമൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണവിലാസം തർജ്ജമ*

## 3.806 തേളു തുച്ഛമൊരു കീടകം. . . (ജീവി)[155]

കുസുമമഞ്ജരി

തേളു തുച്ഛമൊരു കീടകം പരമിതെന്തുചെയ്യുമൊരെറുമ്പിനെ–
ക്കാളുമില്ല പണി കൊല്ലുവാനിതിനെ വാഴുമെത്രയിതു വാഴ്കിലും;
ആളുകൾക്കു പുനരെന്തുപേടി, യവർ പേരുകേട്ടുമുടനോടിടും;
കാളുമുഗ്രവിഷമുള്ള വാൽമുനയതിന്റെ തീവ്രത കഥിപ്പതോ!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.807 ആതങ്കം കൈവളർത്തും. . . (കർത്താ)

സ്രഗ്ദ്ധര

ആതങ്കം കൈവളർത്തും കടുവിഷമമൃതായ്ത്തീർന്നിടും; പന്നഗേന്ദ്ര–
വ്രാതം മെയ്പ്പണ്ടമാകും; ഭഗവതി, ചുടലക്കാടൊരുദ്യാനമാകും;
ഭൂതപ്രേതാദിവർഗ്ഗം പുനരടിമകളാ; മുജ്ജ്വലാപാങ്ഗനോട്ടം
നീ തട്ടിക്കുന്ന ധന്യന്നൊരു ഭയലവമെ; ങ്ങായവൻ പാരിനീശൻ.

കവി : **വള്ളത്തോൾ**, കൃതി : *ഭഗവത്സ്തോത്രമാല*

## 3.808 ഭൂരിതിക്തമിഹ കമ്പു. . . (ഉമേഷ്)

കുസുമമഞ്ജരി

ഭൂരിതിക്തമിഹ കമ്പു, തോലതിലുമേറു, മേറുമതിലും ദലം,
പാരിലേറുമതിലും പ്രസൂന, മതിലും ത്വദീയമതിയാം ഫലം,
പാരിഭദ്ര, പരമാദ്ഭുതസ്ഥ്വ, മഥവാ തവ സ്തവമവാസ്തവം,
സൂരിവർണ്യമിഹ നിംബബീജമതുതാൻ തവാപി ജനനപ്രദം!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ / നീലകണ്ഠശാസ്ത്രികൾ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.809 പൂവേ, സൗരഭമുള്ള നാൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പൂവേ, സൗരഭമുള്ള നാൾ ഭുവനമാന്യം നീ, പുരാരാമമ–
ല്ലാവാസം, സ്വയമിന്നദിഷ്ടകൃതമായീടുന്ന കാടെങ്കിലും
ഭൂവിൽത്താണറിയാത്ത ഗർഭമതിലുണ്ടാം ഹീരമേ, സ്വൈരമായ്
മേവാമത്ര കരേറി നീ മഹിതമാം കോടീര കോടീതടം.

കവി : **കുമാരനാശാൻ**

## 3.810 ഭുവിൽത്താൻ വന്നുചേരും. . . (ഉമേഷ്)

സ്രഗ്ദ്ധര

ഭുവിൽത്താൻ വന്നുചേരും സമയമനുസരിച്ചാണു പോൽ ജീവിതത്തിൻ
ഭാവം രൂപം സമസ്തപ്രകൃതവുമിവിടെജ്ജീവികൾക്കെന്നു കേൾപ്പൂ;
രാവിൻ നേർപ്പാതിയിൽപ്പാരിതിലവതരണം ചെയ്കതാവാം ഹരേ! നീ–
യേവം ചോരൻ, വിടൻ, ഘാതുക – നിതു വിധമായ്ത്തീരുവാൻ ബന്ധമോർത്താൽ.

കവി : **ടി. എം. വി.**

[155] [*ഉമേഷ്*] ശ്ലോകം **3.806 :** മൂലശ്ലോകം (**നീലകണ്ഠശാസ്ത്രികൾ**) :
കീടഃ കശ്ചന വൃശ്ചികഃ, കിയദയം പ്രാണീ, കിയച്ചേഷ്ടതേ,
കോ ഭാരോ ഹനനേഽസ്യ, ജീവതി സ വാ കായം കിയന്തഃ പുനഃ
നാമ്നോഽപ്യസ്യ കിയദ് ബിഭേതി ജനതാ ദൂരേ കിയദ് ധാവതി
കിം ബ്രൂമോ ഗരളസ്യ ദുർവ്വിഷഹതാം പുച്ഛാഗ്രശൂകസ്പൃശഃ

## 3.811 രാവഞ്ചാറായി, വണ്ടിക്കുതിര. . . (ഹരി)

സ്രഗ്ദ്ധര

രാവഞ്ചാറായി, വണ്ടിക്കുതിരനിര കളമ്പിട്ടടിച്ചോട്ടമായീ
പൂവഞ്ചും മേനിമാരും കണവരുമിണവിട്ടങ്ങുമിങ്ങും പിരിഞ്ഞൂ
പൂവമ്പൻ തൻ പുറപ്പാടിനു നെടുകടയായ്പ്പൊന്തിടും തിങ്കളൊന്നി–
ച്ചാവമ്പേറും കിഴക്കൻ കടലവിടെ വിളങ്ങീടിനാൻ മോടിയോടും.

കവി : **ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ**

## 3.812 പാരാവാരം കരേറിക്കരകൾ. . . (ഉമേഷ്)

സ്രഗ്ദ്ധര

പാരാവാരം കരേറിക്കരകൾ മുഴുവനും മുക്കിമൂടാത്തതെന്തോ?
താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസി മറിഞ്ഞത്ര വീഴാത്തതെന്തോ?
നേരായാരാഞ്ഞു നോക്കീടുക മദമിയലും മർത്ത്യരേ, നിങ്ങളെന്നാ–
ലാരാൽ കണ്ടെത്തുമെല്ലാറ്റിനുമുപരി വിളങ്ങുന്ന വിശ്വസ്വരൂപം.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *വിശ്വരൂപം*

## 3.813 നീലനീരദനിഭാ. . . (കർത്താ)

കുസുമമഞ്ജരി

നീലനീരദനിഭാ നിശാകരനികാശനിർമ്മലനിജാനനാ
ലോലലോചനലലാമശോഭിതലലാടലാലിതലലാപകാ
ശാലിതാ ശകലശാരദാ ചരണചാരി ശാശ്വതശുഭാവഹാ
കാലകാല കമനീയകാമുക കലാകലാപ കലിതാപദാം.

കവി : **ശ്രീനാരയണഗുരു**, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

## 3.814 ശാസിയ്ക്കുവാനിത്തിരി. . . (ജ്യോതി)[156]

ഇന്ദ്രവജ്ര

ശാസിയ്ക്കുവാനിത്തിരിമെല്ലെയൊന്നു–
ഭാവിക്കുകിൽത്തന്നെയുടൻ കുമാരൻ
നന്നായ് ശരച്ചന്ദ്രമുഖം പിതുക്കി–
ക്കരഞ്ഞിടും ചെയ്യുവതെന്തുപിന്നെ

കവി : **മുരളി**, കൃതി: *ശ്രീകൃഷ്ണകഥാമൃതം*

## 3.815 നാകമേതു? ഫണിലോകമേതു?. . . (ഉമേഷ്)[157]

കുസുമമഞ്ജരി

നാകമേതു? ഫണിലോകമേതു? നരലോകമേതിവ ഭവിക്കിലി–
ന്നാകണം സകലദർശിയാം തവ വിലോകനത്തിനിതു ഗോചരം
ലോകമുൾഭ്രമമിയന്നു വല്ലതുമുരച്ചിടട്ടെ, മതിമാൻ ഭവാൻ
ഭേകമേ, കിണറിതൊന്നൊഴിഞ്ഞു പുനരന്യമെന്തിഹ ഭവിച്ചിടാം?

[156] തെറ്റിപ്പോയ ഒരു ശ-ന ശ്ലോകത്തിനു പകരം ചൊല്ലിയതു്.

[157] [*ഉമേഷ്*] **ശ്ലോകം 3.815 :** മൂലശ്ലോകം (**നീലകണ്ഠശാസ്ത്രികൾ**):

കാദ്യൗ കിം ബലിസത്മ? കാ വസുമതീ സ്യാത് സർവ്വമേദദ്യതി
പ്രത്യക്ഷം ന ഭവേത് കദാചിദപി കിം തേ സർവ്വ സന്ദർശിനഃ
ഭ്രാമ്യന്തു പ്രലപന്തു നാമ വിദിതം മണ്ഡൂക, സമ്യക് ത്വയാ
മുക്ത്വേമം പരമം കൂപമിതരത് കിം നാമ സംഭാവ്യതേ

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ / നീലകണ്ഠദീക്ഷിതർ**, കൃതി : *അന്യാപദേശം തർജ്ജമ*

## 3.816 ലോലംബമാലാലളിതാളകേയം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ലോലംബമാലാലളിതാളകേയം
ബന്ധൂകനിന്ദാപരദന്തചേലാ
ലവങ്ഗബാലച്ഛദചാരുജിഹ്വാ
ചില്ലീജിതാനങ്ഗശരാസവല്ലീ

കവി : **സീതാരാമ കവി**, കൃതി : *ബാലരാമവിജയം ചമ്പു*

## 3.817 ലക്ഷ്യം കൂടാതെ ലങ്കാനഗരം. . . (ജീവി)

സ്രഗ്ധര

ലക്ഷ്യം കൂടാതെ ലങ്കാനഗരമതു തകർത്തക്ഷമം രൂക്ഷനാകം
രക്ഷോജാലാധിപത്യം തടവിന ദശകണ്ഠന്റെ കണ്ഠം മുറിപ്പാൻ
ലക്ഷ്യം വച്ചങ്ങു ചീറി ദ്രുതമണയുമൊരത്യുഗ്രമാം രാമബാണം
രക്ഷിച്ചീടട്ടെ നിത്യം കലിമലമകലെപ്പോക്കി നന്നാക്കി നമ്മെ.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.818 ലോകം ശാശ്വതമല്ല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലോകം ശാശ്വതമല്ല, ജീവിതസുഖസ്വപ്നങ്ങൾ മായും, വരും
ശോകം, മായികബുദ്ബുദങ്ങൾ മറയും, പായും സരിത്സഞ്ചയം,
നാകം കാല്പനികോത്സവാങ്കിതലസത്ക്കാനൽജലം - പിന്നെയെ–
ന്തേകം, സത്യ, മനശ്വരം? മൃതി - അതേ, മൃത്യോ, ജയിക്കുന്നു നീ!

കവി : **ചങ്ങമ്പുഴ**

## 3.819 നീലക്കല്ലാൽ വിരചിതമണി. . . (കർത്താ)

മന്ദാക്രാന്ത

നീലക്കല്ലാൽ വിരചിതമണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർവമ്മുല, കുവലയം വെന്റു മുഗ്ദ്ധേക്ഷണായാഃ
ബാലസ്നിഗ്ദ്ധം നഖപദമണിഞ്ഞശ്രുപാതാത്തരേഖം
ചാലത്തോന്റും ചുനയൊഴുകുമച്ചൂതപക്വങ്ങളെന്റു്.

കൃതി : *ഉണ്ണുനീലിസന്ദേശം*

## 3.820 ബാലാർക്കായുത സത്പ്രഭാകരതലേ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതസത്പ്രഭാകരതലേ ലോലംബമാലാകുലാം
മാലാം സന്ദധതിം മനോഹരതനം മന്ദസ്മിതോദ്യന്മുഖീം
മന്ദം മന്ദമുപേയുഷീം വരയിതും ശംഭും ജഗന്മോഹിനീം
വന്ദേ ദേവമുനീന്ദ്രവന്ദിതപദാം ഇഷ്ടാർത്ഥദാം പാർവതീം

## 3.821 മധുമധുരമുദാരം. . . (ജീവി)

മാലിനി

മധുമധുരമുദാരം പാടിയെത്തുന്ന നാനാ–
മധുകരനികരത്തിൻ പ്രേമഗാനങ്ങൾ കേൾക്കേ,
വിധുരതയിയലാതുള്ളോരു പുഷ്പങ്ങൾ മോദാൽ
മധുരതരമരന്ദം തൂകിയാടുന്ന മന്ദം!

കവി : **ചങ്ങമ്പുഴ**, കൃതി : *ഗീതാഞ്ജലി*

## 3.822 വെജിറ്റേറിയൻ നോൺ. . . (കർത്താ)

ഭുജംഗപ്രയാതം

*വെജിറ്റേറിയൻ*, *നോൺവെജിറ്റേറിയൻ* – ര–
ണ്ടിനം ഭക്ഷണം നാട്ടിലുണ്ടെന്നു കേൾപ്പൂ;
*എജിറ്റേറിയൻ* – മുട്ട തിന്നുന്ന വർഗ്ഗം
വെജിറ്റേറിയന്മാർക്കു തുല്യം ഭവിക്കും.

കവി: **ഏവൂർ പരമേശ്വരൻ**, കൃതി: *കുട്ടിശ്ലോകങ്ങൾ*

## 3.823 എനിക്കില്ലാ പദ്യാവലി. . . (ഉമേഷ്)

ശിഖരിണി

“എനിക്കില്ലാ പദ്യാവലിയെഴുതുവാൻ നൈപുണമഹോ!
മിനക്കെട്ടാലുണ്ടാകിലുമതു പിഴച്ചീട്ടു, മതിനാൽ
കനക്കുന്നാക്ഷേപം കവികളിലുരയ്ക്കാ” മിതി സദാ
നിനയ്ക്കുന്നുണ്ടിപ്പോൾ ചില വിരുതരീർഷ്യാവസതികൾ.

കവി : **വെണ്മണി മഹൻ**, കൃതി : *(സമസ്യാപൂരണം)*

## 3.824 കല്ലും മുള്ളുമതല്ലിടയ്ക്കു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കല്ലും മുള്ളുമതല്ലിടയ്ക്കു കുഴിയും മാടും മരഞ്ചാടിയും
പുല്ലും പുറ്റുമിവറ്റകൊണ്ടു നിറയപ്പെട്ടുള്ള കാട്ടിൽസ്സദാ
അല്ലൽപ്പെട്ടു നടന്നുഴന്നു കരകണ്ടീടാതെ കഷ്ടിച്ചിരു–
ന്നല്ലോ മാമക പുത്ര, രായതു നിനച്ചുൾത്താരു കത്തുന്നു മേ

കവി : **നടുവത്തച്ഛൻ നമ്പൂതിരി** , കൃതി : *ഭഗവദ്ദൂത് നാടകം*

## 3.825 ആനന്ദൈകതരംഗിണീം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആനന്ദൈകതരംഗിണീമലഹയന്നാളീകഹംസീമണീം
പീനോത്തുംഗഘനസ്തനാം ഘനലസത്പാടീരപങ്കോജ്ജ്വലാം
ക്ഷൗമാവീതനിതംബബിംബരശനാസ്യൂതക്വണത്കിങ്കിണീം
ഏണാംകാംബുജഭാസുരാസ്യനയനാം ശ്രീഭദ്രകാളീം ഭജേ.

കവി : **ശ്രീനാരായണഗുരു**, കൃതി : *ഭദ്രകാള്യഷ്ടകം*

## 3.826 ക്ലിന്റൺ ഡേറ്റിനു കേൾക്കുകിൽ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

"ക്ലിന്റൺ ഡേറ്റിനു കേൾക്കുകിൽത്തുനിയുമോ?" യൂയെസ്സിലാരാഞ്ഞൊരാൾ,
"എന്താ സംശയ"മെന്നുരച്ചു ചിലപേർ, ആവേശപൂർണ്ണാത്മനാ;
"വേണ്ടാ സാഹസ"മെന്നു ചൊല്ലി ചിലരോ പിന്മാറി, ശാന്ത്യർത്ഥമായ്
അന്തം വിട്ടു കരഞ്ഞുപോ,"ലിനിയുമോ" ശേഷിച്ച യോഷാജനം!

കവി : **ബാലേന്ദു**

## 3.827 വാനീരത്തിൽ മദിച്ചു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാനീരത്തിൽ മദിച്ചു പക്ഷികളിരിക്കുമ്പോൾ കൊഴിഞ്ഞുള്ള നൽ–
സൂനം കൊണ്ടു സുഗന്ധമാർന്നതിതണുപ്പുള്ളച്ഛ വെള്ളത്തൊടും
താനേ കായ്കൾ പഴുത്തു നീലനിറമാം ജംബൂവനേ മുട്ടി നൽ–
ധ്വാനത്തോടൊഴുകുന്ന ചോലകളിതാ നാനാ വഴിക്കങ്ങിനെ

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.828 തുമ്പത്തമ്പോടുകെട്ടി. . . (ബാലേന്ദു)

സ്രഗ്ദ്ധര

തുമ്പത്തമ്പോടുകെട്ടിച്ചുരുൾമുടിപുറകോട്ടിട്ടതിൽച്ചന്തമേറ്റും
തുമ്പപ്പൂംതൊത്തിണക്കിഗ്ഗ്രഥിതദശസുമശ്രീലസന്മാലചാർത്തി
ഇമ്പത്തിൽത്തുമ്പിതുള്ളും നയനമുനയുമായ് നിൽക്കെ, ഞാനോണലക്ഷ്മീ–
സമ്പത്തൊട്ടുക്ക കണ്ടേൻ സ്തനവിജിതലസൽക്കന്ദുകേ നിന്നിലന്നാൾ.

കവി : **കെ.എൻ. ഡി.**

## 3.829 ഇരുണ്ടു നീണ്ടെന്തിതു. . . (കർത്താ)

ഉപേന്ദ്രവജ്ര

ഇരുണ്ടു നീണ്ടെന്തിതു ഹന്ത! നോക്കുവിൻ
കരണ്ടിടുന്നു കരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിന ദന്തപംക്തിയാൽ
ഉടക്കിവാനാമൊരു ചെമ്പുപാളിയെ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *മലയവിലാസം*

## 3.830 ഇരുൾ നിറഞ്ഞൊരു രാത്രിയിൽ. . . (ഹരി)

ദ്രുതവിളംബിതം

ഇരുൾ നിറഞ്ഞൊരു രാത്രിയിൽ വെറ്റില–
ച്ചുരുൾ തരാൻ ചുടുചുംബനമേകുവാൻ
തരുണനാമെവനും സഖ വേണമങ്ങ–
രികിലോരുകിലോമലൊരംഗന

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.831 താരത്തിൽക്കണ്ടിടുന്നു. . . (ഉമേഷ്)

സ്രശ്ധര

താരത്തിൽക്കണ്ടിടുന്നു പല പെരിയ ജനം നിത്യവും നിന്നെ, മൂലാ–
ധാരത്തിൽപ്പിന്നെ വേറേ ചില, രപരജനം താമരത്താരിനുള്ളിൽ;
സാരത്തെക്കണ്ടിടുന്നോരൊരു പൊഴുതിലഹോ! നിന്നെയല്ലാതെയന്യാ–
കാരത്തെക്കണ്ടിടുന്നില്ലയി, മധുരസമുദ്രോദ്ഭവേ ഭൂർ ഭുവഃ സ്വഃ

കവി : **കെ. കെ. രാജാ**

## 3.832 സകല ഫലസമൃദ്ധ്യൈ. . . (ഹരി)

മാലിനി

സകല ഫലസമൃദ്ധ്യൈ കേരളാനാം പ്രതാപം
പെരിയ പരശുരാമസ്യാജ്ഞയാ യത്ര നിത്യം
കനിവൊടു മഴകാലം പാർത്തുപാർത്തർഭകാണാം
ജനനി മുലകൊടുപ്പാനെന്നപോലേ വരുന്നു

കൃതി : *ചന്ദ്രോത്സവം*

## 3.833 ക്ഷ്ലാക്രാന്തൈഹികാർത്തി. . . (ഉമേഷ്)

സ്രശ്ധര

ക്ഷ്ലാക്രാന്തൈഹികാർത്തിക്രകചകൃതികൃതാർത്ഥാങ്കുരഭ്രൂകടീകം,
കൈലാസേശം, കിരീടീകദനകബളനോപാത്തകൈരാതരൂപം,
നാലാമ്നായാന്തനൃത്യം, സുകൃതകൃതനതക്ഷേമദോമോഷിതാങ്കം,
കാളാഭ്രക്ഷ്വേളകണ്ഠം, കലിതകുമുദിനീകാന്തചൂഡം ഭജേഥാഃ

കവി : **ശങ്കുണ്ണിക്കുട്ടൻ**

## 3.834 നാദം, താളം, വെളിച്ചം. . . (കർത്താ)

സ്രശ്ധര

നാദം, താളം, വെളിച്ചം, നിഴൽ, നിറമിവയാൽ നൃത്തശിൽപം രചിക്കും
കാലത്തിൻ കുമ്പനാഭീനളിനകലികയിൽ വീണ തുമഞ്ഞുതുള്ളി
നാളത്തെപ്പൊന്നുഷസ്സിൻ പ്രമദവനികയിൽ കൽപനാപത്മരാഗ–
ത്താലത്തിൽ കാഴ്ചവെക്കാൻ പ്രകൃതിയുടെ കലാശാല ഞാൻ തേടിവന്നു!

കവി : **വയലാർ**, കൃതി : *ഗ്രാമദർശനം*

## 3.835 നാവിൻ തുമ്പത്തു തുമ്പം കളയും. . . (ജീവി)

സ്രശ്ധര

നാവിൻ തുമ്പത്തു തുമ്പം കളയുമളികുലശ്യാമളശ്രീമണാള–
സ്വാമിക്കുള്ളായിരം പേരുക, ളകമലരിൽ സച്ചിദാനന്ദരൂപം
ഏവം ഞാനീ പ്രപഞ്ചം മുഴുവനുമവിടുന്നെന്നു, മീ ഞാനുമെന്നും
ഭാവിക്കാറായ്‌വരട്ടേ ഭവഭയജലധിക്കക്കരെച്ചെന്നുപറ്റാൻ

കവി : **വി. കെ. ജി.**

## 3.836 എന്നില്ലത്തെത്തുമങ്ങോർ. . . (ഹരി)

സ്രഗ്ദ്ധര

എന്നില്ലത്തെത്തുമങ്ങോർ വിജയദശമി നാൾ വാണിയെ ഗ്രന്ഥരൂപം
തന്നിൽപ്പൂജയ്ക്കു വെച്ചോരറയുടെ നടയിൽച്ചമ്രമിട്ടങ്ങിരിക്കും
മുന്നിൽത്താന്താൻ പരത്തും മണലിലെഴുതിടും കൈവിരൽത്തുൻപിനാൽ ഹാ
മിന്നിക്കാണമതിൽത്താനഴകിന കവിതാ വിദ്യതൻ പദ്യരൂപം!

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.837 മന്ദം മന്ദം മധുരനിനദൈഃ. . . (ഋഷി)

മന്ദാക്രാന്ത

മന്ദം മന്ദം മധുരനിനദൈർവേണുമാപൂരയന്തം
വൃന്ദം വൃന്ദാവനഭുവിഗവാം ചാരയന്തം ചരന്തം
ഛന്ദോഭാഗേ ശതമഖമഖ ധ്വംസിനാം ദാനവാനാം
ഹന്താരം തം കഥയരസനേ ഗോപകന്യാഭുജംഗം

കവി : **ലീലാശുകൻ** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.838 ഛന്നോപാന്തഃ പരിണതഫല. . . (ജീവി)[158]

മന്ദാക്രാന്ത

ഛന്നോപാന്തഃ പരിണതഫലദ്യോതിഭിഃ കാനനാമ്രൈ–
സ്ത്വയ്യാരൂഢേ ശിഖരമചലഃ സ്നിഗ്ധവേണീസവർണേ
നൂനം യാസ്യത്യമരമിഥുനപ്രേക്ഷണീയാമവസ്ഥാം
മധ്യേ ശ്യാമഃ സ്തന ഇവ ഭുവഃ ശേഷവിസ്താരപാണ്ഡുഃ

കവി : **കാളിദാസൻ**, കൃതി : *മേഘദൂതം*

## 3.839 നമ്രാണാം സന്നിധത്തേ. . . (ജ്യോതി)[159]

സ്രഗ്ദ്ധര

നമ്രാണാം സന്നിധത്തേ സതതമപി പുരസ്തൈരനഭ്യർഥിതാനോ$\int$–
പ്യർഥാൻ കാമാനജസ്രം വിതരസി പരമാനന്ദസാന്ദ്രാം ഗതിം ച
ഇത്ഥം നിശ്ശേഷലഭ്യോ നിരവധികഫലഃ പാരിജാതോ ഹരേ! ത്വം
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതി വ്യർഥമർഥിവ്രജോ$\int$യം

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം* (1:8)

## 3.840 ഇക്കാലത്തുള്ള ഭാഷാ. . . (കർത്താ)

സ്രഗ്ദ്ധര

ഇക്കാലത്തുള്ള ഭാഷാകവികളെയറിവിൽപ്പെട്ടപോലൊട്ടുപേരെ–

---

[158] [*ഉമേഷ്*] **ശ്ലോകം 3.838 :** പരിഭാഷ (ജി. ശങ്കരക്കുറുപ്പ്) :

നീരന്ധ്രസ്നിഗ്ദ്ധവേണീസമസുഷമ, തവാസംഗമാശ്ശൃംഗമാർന്നാ–
ലോരം കായ് മൂത്ത തൈമാവണിയിൽ മറയുമുന്നമ്രമാമദ്രികൂടം
ആരമ്യാഗ്രം കറുത്തിട്ടിടമുടയ തടം പാണ്ഡുവായുള്ള ഭ്രവി–
ന്നാരപ്പോർകൊങ്ക പോൽക്കണ്ടനിമിഷമിഥുനം കണ്ണിമയ്ക്കാതെ നിൽക്കും.

[159] [*ഉമേഷ്*] **ശ്ലോകം 3.839 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

കുപ്പുന്നോർക്കെപ്പൊഴും നീയരികിൽ മരുവിടും, കാമിതം കൈവരുത്തും,
കെൽപ്പോടർത്ഥിച്ചിടാതുള്ളവയുമരുളിടും, മുക്തിസൗഖ്യം കൊടുക്കും,
ഒപ്പം സർവ്വാർത്ഥമേകം, നിരവധി ഫലമാം കല്പകം തന്നെ നീ, വിൺ-
തോപ്പിൽ ചേർന്നുള്ളൊരാപ്പാഴ്മരമതു വെറുതേ യാചകന്മാർ കൊതിപ്പൂ!

ച്ചൊൽക്കൊണ്ടീടുന്ന രാമായണപുരുഷരൊടൊപ്പിച്ചു കൽപ്പിച്ചിവണ്ണം
ദുഷ്ക്കാമാൽ തള്ളിവിട്ടീടിന മമ കൃതിയിൽപ്പെട്ടുമത്തേട്ടശേഷം
തക്കത്തിൽ സ്പഷ്ടമാക്കുന്നതിലിവിടെ മനഃഖേദമില്ലേതുകൊണ്ടും.

കവി : **മൂലൂർ പദ്മനാഭപ്പണിക്കർ**

## 3.841 ദുഷ്ക്കർമ്മം ചെയ്തിരിയ്ക്കാമഹം. . . (ജ്യോതി)

സ്രഗ്ദ്ധര

ദുഷ്ക്കർമ്മം ചെയ്തിരിയ്ക്കാമഹ, മതുമുഴവൻ ചിത്രഗുപ്തൻ കണക്കിൻ–
ബുക്കിൽ കൊള്ളിച്ചിരിയ്ക്കാം, യമനുമതിനു കണ്ടോട്ടെയെന്നായിരിയ്ക്കാം,
മുക്കണ്ണപ്രാണനാഥേ! ഭഗവതി! തവ തൃക്കാലെഴും കാലമാരും
മുഷ്ക്കേന്നിൽ ചെയ്യുമെന്നുള്ളൊരു ഭയമടിയന്നില്ല പുല്ലാണിതെല്ലാം.

കവി : **ഒറവങ്കര**

## 3.842 മീനാങ്കോപമ, കൺകലക്കമവിടേയ്ക്ക്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മീനാങ്കോപമ, കൺകലക്കമവിടേയ്ക്കൊട്ടല്ലറങ്ങായ്കയാൽ
മ്ലാനാപാണ്ഡുരമായ്ച്ചമഞ്ഞിതു മണം വീശുന്ന പൂമേനിയും;
ഞാനായിന്നലെ രാത്രിമാത്രമയി, ഹാ, വേർപെട്ടതിൻ മൂലമീ–
ദ്ദീനാവസ്ഥയിലായ് ഭവാൻ; മയി തവ സ്നേഹം മഹത്തെത്രയും!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.843 ഞാനീ ഗ്രീഷ്മസരോവരത്തിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനീ ഗ്രീഷ്മസരോവരത്തിൽ വിടരും ചെന്താമരപ്പൂവിലും,
നാണിച്ചീവഴി നൃത്തമാടിയൊഴുകും കാട്ടാറിലും, കാറ്റിലും,
ധ്യാനിക്കുന്ന കലാചലത്തിലലിയും മൗനത്തിലും, കണ്ടു നിൻ
വീണക്കമ്പിയിലംഗുലീമുനകളാൽ നീ തീർത്ത കാവ്യോത്സവം.

കവി : **വയലാർ**

## 3.844 ധീരശ്രീ സർവ്വസൈന്യാധിപനുടെ. . . (ഹരി)

സ്രഗ്ദ്ധര

ധീരശ്രീ സർവ്വസൈന്യാധിപനുടെ കരവാ,ളൂഴിപന്നുള്ള ചെങ്കോ–
ലീരണ്ടിന്നും നമിക്കാത്തൊരു പഴയമഹാശക്തി മീതേ ജയിപ്പൂ
സാരജ്ഞേ! തൽ പ്രയുക്തം നിയമമനുസരിച്ചിന്നുലോകങ്ങളോരോ
നേരത്തോരോ വിധത്തിൽ തിരിയുമതു തടുത്തീടുവാനാവതല്ല

കവി : **വി.സി. ബാലകൃഷ്ണപ്പണിക്കർ** , കൃതി : *ഒരു വിലാപം*

## 3.845 സംസത്തിൽ സ്വാവമാനോദ്യത. . . (ഉമേഷ്)

സ്രഗ്ദ്ധര

സംസത്തിൽ സ്വാവമാനോദ്യതനൃപഭടരോടാത്തരോഷൻ, സ്വവീര്യം
ശംസിക്കും സാധുപൗരപ്പരിഷയിലലിവാർന്നുന്മിഷന്മന്ദഹാസൻ,
അംസത്തിൽച്ചന്ദ്രലേഖാവിമലകുവലയാപീഡദന്തങ്ങളേന്തി–
ക്കംസധ്വംസത്തിനോങ്ങും മുരരിപുഭഗവാൻ നിങ്ങളെത്താങ്ങിടട്ടെ!

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *ചാരുദത്തൻ*

## 3.846 ആകുംമട്ടിലധർമ്മകർമ്മമധികം. . . (ഹരി)

ആകും മട്ടിലധർമ്മകർമ്മമധികം ചെയ്തിട്ടു ജീവിക്കിലും
ചാകുംനേരമെവൻ വിളിച്ചു മകനെ സ്നേഹേന: "നാരായണാ!"
ആ കുത്സാർഹനജാമിളൻ യമഭടത്തല്ലൊന്നുമേൽക്കാതെ താൻ
വൈകുണ്ഠത്തിലണഞ്ഞു പണ്ടു ഭഗവന്നാമപ്രഭാവത്തിനാൽ

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.847 അഥ ദിക്ഷു വിദിക്ഷു. . . (ഉമേഷ്)[160]

തോടകം

അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിത–
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദഗാദുദഗാദുരഗാധിപതി–
സ്ത്വദുപാന്തമശാന്തരുഷാന്ധമനഃ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (55:4)*

## 3.848 ഊക്കേറും ശാപമൂലം. . . (കർത്താ)[161]

സ്രഗ്ധര

ഊക്കേറും ശാപമൂലം സ്മൃതി മറയുകയാൽ വല്ലഭൻ നിന്നെയന്നാൾ
കൈക്കൊണ്ടില്ലിന്നു പിന്നെക്കലുഷമകലവേ സാദരം സ്വീകരിച്ചു;
ഉൾക്കൊള്ളും ധൂളിമൂലം പ്രതിഫലനബലം മാഞ്ഞുനിൽക്കുന്ന നേര–
ത്തേൽക്കാ കണ്ണാടിയൊന്നും, മലിനതയൊഴിയുന്നേരമെല്ലം ഗ്രഹിക്കും.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.849 ഉണ്ണീ വാ വാ കുളിച്ചീടുക. . . (ഹരി)

സ്രഗ്ധര

"ഉണ്ണീ വാ വാ കുളിച്ചീടുക, കുറികളുമിട്ടുണ്ണണം നീ കുമാരാ
ഇന്നല്ലോ നിൻ പിറന്നാൾ പൊടി ചെളികളണിഞ്ഞെന്തിവണ്ണം നടപ്പൂ?"
എന്നീവണ്ണം യശോദാ വചനമുടനെക്കേട്ടൊന്നു മെല്ലേച്ചിരിച്ചോ–
രുണ്ണിക്കണ്ണന്റെ ഭാവം മമ പുനരൊരുനാൾ കാണ്മതിൻ ഭാഗ്യമുണ്ടോ ?

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

## 3.850 എന്തേ നെട്ടോട്ടമോടാൻ. . . (ബാലേന്ദു)

സ്രഗ്ധര

---

[160] *[ഉമേഷ്]* ശ്ലോകം **3.847 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

തിര തള്ളിയലച്ചൊലി ചുറ്റിലുമ–
ന്നുരുവേഗമൊടൊത്തുയരും സമയം
ഉരഗേശനമെത്തി ജലോപരി നി–
ന്നരികത്തതിഭീഷണരോഷമൊടേ.

[161] *[ഉമേഷ്]* ശ്ലോകം **3.848 :** മൂലശ്ലോകം (കാളിദാസൻ) :

ശാപാദസി പ്രതിഹതാ സ്മൃതിരോധരൂക്ഷേ
ഭർത്തര്യപേതതമസി പ്രഭുതാ തവൈവ
ഛായാ ന മൂർച്ഛതി മലോപഹതപ്രസാദേ
ശുദ്ധേ തു ദർപ്പണതലേ സുലഭാവകാശാ

“എന്തേ നെട്ടോട്ടമോടാൻ? അപകടമധികം വല്ലതും വന്നുപെട്ടോ?”
“എന്തൊന്നോതേണ്ടു നാട്ടിൽപ്പകരുമൊരു മഹാവ്യാധിയാകെപ്പടർന്നു!”
“എന്തിന്നായ് നിങ്ങളോടുന്നവിടെയുമിതുപോൽ രോഗമേതാൻ പടർന്നോ?”
“എന്നാലെത്രയ്ക്കു ഭേദം! വികടകവിയൊരാൾ വന്നു, ബാലേന്ദു നാമം.”

കവി : **ബാലേന്ദു**

## 3.851 ഏഴാം സ്വർഗം വിടർന്നു. . . (ഋഷി)

സ്രഗ്ദ്ധര

ഏഴാം സ്വർഗം വിടർന്നു തവ കടമിഴിയിൽക്കൂടി,യെന്നല്ല, ഞാനാം
പാഴാം പുൽത്തണ്ടിൽനിന്നും പലപല മധുരസ്വപ്നഗാനം പടർന്നു
കേഴാം ഞാൻ നാളെ, വീഴാ,മടിയിലഖിലവും തേളുചൂഴും തമസ്സിൽ–
ത്താഴാം താഴട്ടെ, കേഴട്ടരികിൽ വരികയേ ഹൃദ്യമേ, മദ്യമേ, നീ!

കവി : **ചങ്ങമ്പുഴ**

## 3.852 കണ്ടീടാനുണ്ടെളുപ്പം. . . (കർത്താ)

സ്രഗ്ദ്ധര

കണ്ടീടാനുണ്ടെളുപ്പം കളകമലദളക്കണ്ണനാമുണ്ണിയേ നാം
തെണ്ടേണ്ടാ നാട്ടുതോറും ഗുരുപവനപുരത്തിങ്കലും ചെന്നിടേണ്ട
ഉണ്ടോ പൈമ്പാലൊരൽപ്പം, മതിമതിയതുനാമുള്ളിൽ വെയ്ക്കേണമെന്നാൽ
കണ്ടീടാം കണ്ണനെത്തും കൊതിയനതു കവർന്നുണ്ണുവാൻ മെല്ലെ മെല്ലെ.

കവി : **കുഞ്ഞുണ്ണി**

## 3.853 ഉദയാസ്തമയങ്ങളെന്നിയെൻ. . . (ഋഷി)

വിയോഗിനി

ഉദയാസ്തമയങ്ങളെന്നിയെൻ
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശിവിളങ്ങിനിന്നവെൺ–
മതിതാനും സ്മൃതിദർപ്പണത്തിലായ്

കവി : **കുമാരനാശാൻ** , കൃതി : *ചിന്താവിഷ്ടയായ സീത*

## 3.854 കാണാനെന്തൊരു മോഹമെപ്പൊഴും. . . (വാസുദേവൻ)

കാണാനെന്തൊരു മോഹമെപ്പൊഴുമെനിക്കെന്നോ! സുനീലാഞ്ജന–
ച്ചേണാളും തനുകാന്തിയേന്തിയെഴുമാപ്പുല്ലാങ്കുഴൽക്കാരനെ.
കാണാതേ ചിലനേരമെന്റെ പിറകിൽക്കൺപൊത്തിയെന്നെത്തുലോം–
നാണിപ്പിച്ചുവിടാൻ വരുന്ന കുസൃതിക്കുട്ടായ ഗോവിന്ദനെ!

## 3.855 കീർത്തിയ്ക്കാം തിരുനാമം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കീർത്തിയ്ക്കാം തിരുനാമ, മക്ഷരലസത്ക്കീർത്തേ, വിചാരങ്ങളാൽ
ചാർത്തിയ്ക്കാം മലർമാല, യെൻ ഹൃദി വിളങ്ങീടുന്ന നിൻമൂർത്തിമേൽ
ഭക്ത്യുന്മത്തഘനം പൊഴിച്ച മിഴിനീരാറാട്ടുമാ, മെങ്കിലീ–
മർത്ത്യത്വം പരദേവതേ, ക്ഷണികമായാലെ,ന്തെനിയ്ക്കുത്സവം!

കവി : **മധുരാജ്**

## 3.856 ഭണ്ഡാരത്തിനകത്തു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭണ്ഡാരത്തിനകത്തു വൻ തുകയിടാൻ ലോക്കറ്റുവാങ്ങിയ്ക്കുവാൻ
പണ്ടംതീർത്തണിയിയ്ക്കുവാൻ ഗജവരന്മാരെത്തരാനും ഹരേ
പണ്ടേതൊട്ടു ദരിദ്രനാകമടിയന്നാവില്ല; നാമം ജപി–
ച്ചുണ്ടാകും മഹനീയഭക്തിയിവനുണ്ടാകാൻ കടാക്ഷിയ്ക്കണേ!

കവി : **ചൂണ്ടൽ ബാലകൃഷ്ണപ്പണിക്കർ** , കൃതി : *കവനകൗതുകം.*

## 3.857 പാലാഴിത്തയ്യലാൾ തൻ. . . (ജ്യോതി)

സ്രഗ്ദ്ധര

പാലാഴിത്തയ്യലാൾ തൻ തിരുനയനകലാലോലലോലംബമാലാ–
ലീലാരംഗം, ഭുജംഗേശ്വര മണിശയനേ തോയരാശൗ ശയാനം,
മേലേ മേലേ തൊഴുന്നേൻ - ജഗദുദയപരിത്രാണസംഹാരദീക്ഷാ–
ലോലാത്മാനം പദാന്തപ്രണത സകലദേവാസുരം വാസുദേവം

കവി : **പുനം നമ്പൂതിരി**, കൃതി : *ഭാഷാരാമായണം ചമ്പു*

## 3.858 മാനം, മര്യാദ, മാന്യപ്രണയ. . . (കർത്താ)

സ്രഗ്ദ്ധര

മാനം, മര്യാദ, മാന്യപ്രണയമധുരമാം ശീല, മൊക്കുന്ന മട്ടിൽ
ദാനം തൊട്ടുള്ള നാനാ ഗുണവിഭവമിണങ്ങീടുമെൻ പ്രാണനാഡി!
ജ്ഞാനധ്യാനൈകരൂപാമൃതമണയുവതിന്നുള്ള നിന്നന്ത്യയാത്ര–
യ്ക്കാനന്ദം കൈവരട്ടേ, തവ വിമല കഥാവസ്തു ശേഷിച്ചിടട്ടെ!

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.859 ജ്വലദക്ഷിപരിക്ഷരത്. . . (ജ്യോതി)[162]

തോടകം

ജ്വലദക്ഷിപരിക്ഷരദുഗ്രവിഷഃ
ശ്വസനോഷ്മഭരഃ സ മഹാഭുജഗഃ
പരിദശ്യ ഭവന്തമനന്തബലം
സമവേഷ്ടയദസ്ഫുടചേഷ്ടമഹോ!

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (55:6)*

## 3.860 പാടീ കല്യാണി ലോലം. . . (ഋഷി)

*പാടീ കല്യാണി* ലോലം *നവരസ*രസികം *മോഹനം* മോടികൂട്ടീ
*തോടി*യ്ക്കും, *ഭൈരവി*യ്ക്കും *തരി*വിതറിയിലത്താളമുത്താളമേളം
തേടീ *കാംബോജി*, *നീലാംബരി*, *ബിലഹരി*യെസ്സദ്*ദ്വിജാവന്തി*യിൽ, കേ–
ട്ടാടീ രാഗപ്രപഞ്ചം ശ്രുതിലയവശഗം, ചേങ്കിലേ മംഗലം തേ!

കവി : **ഉണ്ണികൃഷ്ണൻ ന്യൂ ഡൽഹി** , കൃതി : *കഥകളി ഭ്രാന്ത്*

[162] [*ഉമേഷ്*] ശ്ലോകം **3.859 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ഉറുകണ്ണു ചൊരിഞ്ഞ വിഷാഗ്നി പടും
പരുഷോച്ഛ്വസിതത്തൊടു മൂർഖനവൻ
ഉരുശക്ത, ഭവത്തനു ചുറ്റി മറ–
ച്ചരിശം സഹിയാതെ കടിച്ചു ശഠൻ.

## 3.861 തന്നെത്താൻ നിജചിന്തയാൽ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തന്നെത്താൻ നിജചിന്തയാൽ ബലികഴിച്ചാർജ്ജിച്ച നിക്ഷേപമി–
ങ്ങന്യന്മാർ പകരുന്നകണ്ടു കൃതിയായ്ത്തീരുന്ന വിദ്വാൻ സ്വയം
പിന്നെത്തൽപരിപോഷണശ്രമഫലം പാർത്താലവൻ പൂണ്ടിടും
ധന്യത്വം പറയേണ്ടതില്ലയി ഭവാൻ മോദിച്ചു സത്യം മുനേ!

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.862 പണ്ടേയുണ്ടാക്കിയിട്ടുള്ളൊരു. . . (രാജേഷ്)

സ്രഗ്ദ്ധര

പണ്ടേയുണ്ടാക്കിയിട്ടുള്ളൊരു കവിതകൾ പീയൂഷതുല്യങ്ങളിപ്പോ–
ളുണ്ടല്ലോ വേണ്ടുവോളം പുനരവകൾ സഹസ്രാംശമിങ്ങാരറിഞ്ഞു?
ഇണ്ടൽപ്പെട്ടെന്തിനിപ്പോൾ ഗുണലവമണയാതുള്ള പദ്യങ്ങൾ ഞാൻ കു–
ട്ടുണ്ടാക്കുന്നെന്നുവെച്ചിട്ടൊരു മടിയുളവാ,യായതോ പോയിതിപ്പോൾ

കവി : **മുൻഷി പി. രാമക്കുറുപ്പ്**

## 3.863 ഈറ്റില്ലവും പട്ടടയും. . . (ഋഷി)

ഇന്ദ്രവജ്ര

ഈറ്റില്ലവും പട്ടടയും നിനയ്ക്കി–
ലിങ്ങേതുമങ്ങേതുമിടയ്ക്കുവന്നോ
തൻ ചാൺവയറ്റിൻ കനലിന്നു കത്താൻ
ത്രൈലോക്യമത്രേ വിറകെന്നു ഭാവം

കവി : **ഉള്ളൂർ**

## 3.864 തൊഴിലിനു വഴിമുട്ടീ. . . (കർത്താ)

മാലിനി

തൊഴിലിനു വഴിമുട്ടീ, വിദ്യ ചുമ്മാതെയായീ
അഴിമതി തലപൊക്കീ, നാട്ടിലാസ്വാസ്ഥ്യമായീ;
യുവജനമിവിടെന്തേചെയ്‌വ, തിന്നക്രമത്തിൻ
പൊടിപടലമുയർന്നാൽപോലുമാശ്ചര്യമുണ്ടോ?

കവി : **ഏവൂർ പരമേശ്വരൻ**

## 3.865 യോഗാഭ്യാസങ്ങൾ ചെയ്തും. . . (രാജേഷ്)

സ്രഗ്ദ്ധര

യോഗാഭ്യാസങ്ങൾ ചെയ്തും ഹിതമശനമൊട്ടും പഥ്യമാം ചര്യയോട്ടും
ദേഹം രക്ഷിച്ചുപോരുന്നവരുമൊരസുഖം വന്നു മാറാതെയായാൽ
വൈകാതിംഗ്ലീഷ് മരുന്നേ ഗതിയിനിയിവനെന്നോർത്തിടും പോലെ നേർക്കും
ശോകാശങ്കാദി നീങ്ങാൻ ജഗദധിപതിയെക്കുപ്പിടും നാസ്തികന്മാർ.

കവി : **രാജേഷ് വർമ്മ**

## 3.866 വാരിരാശി ചുഴലുന്ന. . . (കർത്താ)

കുസുമമഞ്ജരി

വാരിരാശി ചുഴലുന്ന ഭൂമിയിൽ നിറഞ്ഞുതിങ്ങിന യശോനിലാ-
വാശു ഊകിനൊരു താരകേശ! പലനാൾ വിളങ്ങുക മഹാമതേ!
ഘോരരാമരിയ വൈരിവാരണമുഖേഷു മേവിന മൃഗേന്ദ്ര, നീ
ധീരവീരവര! മാടഭൃതിലക! വീരകേരളമഹീപതേ!

## 3.867 ഘോരഘോരരവ. . . (ബാലേന്ദു)

കുസുമമഞ്ജരി

ഘോരഘോരരവപൂരിതാഖിലദിഗന്തരാളനടനാന്തരേ
സൂരകോടിസമഭാസുരാനന ലലാടലോചന ജഗത്പതേ
നാരദാദിമുനിഗീയമാനമഹിതാപദാന ഗിരിജാപതേ
കോടിശൈലപുരവാസിതേ ഭവതു സുപ്രഭാതമതി ശോഭനം.

## 3.868 നിഹതാസുരനിവഹേ. . . (ജ്യോതി)

ശങ്കരചരിതം

നിഹതാസുരനിവഹേ!യുധി മഹതാ ഭജമഹസാ
ജഹി തം നൃപമതിദുർമ്മതിമഹിതം മമ സഹസാ
നഹി തേ ശ്രമകണികാ ഗിരിദുഹിതുഃ കിരിമുഖി! മാം
മഹിതേ പദകമലേ തവ വിഹിതാനനതിമവിതും

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ദണ്ഡനാഥാസ്തോത്രം*

## 3.869 നേരോർത്താലൊരു പദ്യം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരോർത്താലൊരു പദ്യമെങ്കിലുമഹോ! തീർക്കാതെ പാരൊക്കെയും
പേരാളുന്നൊരു നീലകണ്ഠധരണീദേവങ്കലാവിർമ്മുദാ
ധാരാളം ധനമുള്ളതോർത്തിഹ കുബേരസ്ഥാനമർപ്പിക്കുകിൽ
പാറായിത്തരകങ്കലാക്കിലതിലും നന്നാകുമെന്നെൻ മനം.

കവി : **മൂലൂർ പദ്മനാഭപ്പണിക്കർ**

## 3.870 ധ്യായേത് പദ്മാസനസ്ഥാം. . . (ഋഷി)

സ്രഗ്ദ്ധര

ധ്യായേത് പദ്മാസനസ്ഥാം വികസിത വദനാം പദ്മപത്രായതാക്ഷീം
ഹേമാംബാം പീതവസ്ത്രാം കരകലിതലസദ്ധേമപദ്മാം വരാംഗീം
സർവ്വാലങ്കാരയുക്താം സതതമഭയദാം ഭക്തനമ്രാം ഭവാനീം
ശ്രീവിദ്യാം ശാന്തമൂർത്തീം സകലസുരനുതാം സർവസമ്പത്പ്രദാത്രീം

## 3.871 സിന്ദൂരാരുണവിഗ്രഹാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സിന്ദൂരാരുണവിഗ്രഹാം ത്രിണയനാം മാണിക്യമൗലീസ്ഫുരത്-
താരാനായകശേഖരാം സ്മിതമുഖീമാപീനവക്ഷോരുഹാം
പാണിഭ്യാമളിപൂർണരത്നചഷകം രക്തോത്പലം ബിഭ്രതീം
സൗമ്യാം രത്നഘടസ്ഥരക്തചരണാം ധ്യായേത് പരാമംബികാം

## 3.872 പാരേപാഥോനിധി കുലപുരീ. . . (കർത്താ)

മന്ദാക്രാന്ത

പാരേപാഥോനിധി കുലപുരീ ക്ഷ്പകക്ഷ്മാപതീനാം
ലക്ഷ്യാ ലക്ഷ്മീവിതരണകലാസമ്പദോ ഹേമകക്ഷ്യാ
ഫേനക്ഷൗമാംബരനിചുളിതാൻ യന്നിഷദ്യാസു ഹൃദ്യാൻ
വീചീഹസ്തൈർവികിരതി മണീൻ നിത്യമംഭോധിരേവ.

കവി : **വാസുദേവൻ നമ്പൂതിരി**

## 3.873 ഫാലനേത്രമതില്ലള്ള. . . (ബാലേന്ദു)

കുസുമമഞ്ജരി

"ഫാലനേത്രമതില്ലള്ള തീപ്പൊരിപടർന്നുകേറി ജട കത്തിടാം
ജ്വാല വേഗമൊടണച്ചിടുന്നതിനു വേണ്ടിയാറു കരുതുന്നതാം"
ശൈലപുത്രിയുടെകോപമാറ്റുവതിനീവിധത്തിലടവോതുമ-
ക്കാലകാലനടെ കാലുതാൻ ശരണമേതു വിഘ്നവുമൊഴിക്കുവാൻ.

കവി : **ബാലേന്ദു**

## 3.874 ശ്ലോകാർണ്ണവം തപ്പിയെടുത്തു. . . (ഋഷി)

ഇന്ദ്രവജ്ര

ശ്ലോകാർണ്ണവം തപ്പിയെടുത്തു വേണ്ടും
പാകത്തിലാമുത്തുകൾ വേർതിരിച്ച്
ആസ്വാദകർക്കായി നിരത്തിവെച്ചോ-
രാചാര്യരേ, ഞാനിത കുമ്പിടുന്നേൻ

കവി : **കുറിച്ചിയത്തു മാധവമേനോൻ** , കൃതി : *'പീജീപി' സപ്തതി*

## 3.875 ആസീത് പുരാ പരമ. . . (കർത്താ)

വസന്തതിലകം

ആസീത് പുരാ പരമപാവനകീർത്തിഭ്രമാ
നാകോപമേ നിഷധനീവൃതി നീതിശാലീ
രാജാ രതീശസുഭഗോ ജഗദേകവീരഃ
ശ്രീവീരസേനതനയോ നളനാമധേയഃ

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.876 രാധയ്ക്കാരാധനയ്ക്കോ. . . (ജ്യോതി)

സ്രഗ്ദ്ധര

രാധയ്ക്കാരാധനയ്ക്കോ, വിമലമതി യശോദയ്ക്കു നിൻ കൈതവം നിർ-
ബ്ബാധം കൈക്കൊണ്ടതിന്നായ് വിബുധമഹിതമാം സദ്യശസ്സേകുവാനോ
നന്ദാനന്ദത്തിനാണോ വിജയനെ വിജയിപ്പിക്കുവാൻ വേണ്ടിയാണോ
ബന്ധം മോക്ഷം തരില്ലെന്നതു പറവതിനോ നീ യുഗാന്ത്യത്തിൽ വന്നൂ?

കവി : **മധുരാജ്**

## 3.877 നീളത്തിലഗ്ഗീതം. . . (ജ്ഞഷി)

ഇന്ദ്രവജ്ര

നീളത്തിലഗ്ഗീതമവന്റെ കണ്ഠ-
നാളത്തിൽ നിന്നങ്ങു വിനിർഗ്ഗളിയ്ക്കേ
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളം പിടിച്ചു നദി മെല്ലെ മെല്ലെ

കവി : **വള്ളത്തോൾ** , കൃതി : *ഒരു തോണിയാത്ര*

## 3.878 ഓട്ടീലൊട്ടിച്ച നാള. . . (കർത്താ)

സ്രഗ്ദ്ധര

ഓട്ടീലൊട്ടിച്ച നാളത്തിരുനടുവെളി പാർത്തങ്കുശൂങ്കെന്നു തട്ടി-
ക്കുട്ടിപ്പൂട്ടിപ്പിടിച്ചക്കുതിരയെ നടുറോട്ടൂടെയോടിച്ചു വേഗം,
ചാട്ടിൻ കുട്ടികളുൾച്ചഞ്ചലതരമിളകും പഞ്ചരാജാക്കൾ പോം മുൻ
കൂട്ടക്കൊട്ടൊട്ടു കോട്ടയ്ക്കമതു കരയേറിസ്സുഖിപ്പാൻ വരം താ.

കവി : **ശ്രീനാരായണഗുരു**, കൃതി : *സുബ്രഹ്മണ്യകീർത്തനം*

## 3.879 ചൊല്ലിക്കേൾക്കമ്പൊഴേയ്ക്കും. . . (വാസുദേവൻ)

സ്രഗ്ദ്ധര

ചൊല്ലിക്കേൾക്കമ്പൊഴേയ്ക്കും ചുരുൾ നിവരുമുദാരാശയശ്രീ, മരന്ദം
വെല്ലും ശബ്ദങ്ങളേലും ശ്രുതിസുഖ, മഴകാം ശയ്യ തൻ മെയ്യൊതുക്കം;
കല്യശ്രീ കൽപനാ സൽപ്രഭ - യിവ തികയും ശ്ലോകമാ ശ്രോതൃചിത്തം
തുള്ളും മട്ടാലപിക്കും കലയൊടു തുലനത്തിന്നു മറ്റെന്തു മന്നിൽ?

കവി : **ടി. എം. വി.**, കൃതി : *അക്ഷരശ്ലോകമഹിമ*

## 3.880 കണ്ണാർക്കും കണ്ടിടാതെ. . . (കർത്താ)

സ്രഗ്ദ്ധര

"കണ്ണാർക്കും കണ്ടിടാതുള്ളിരുളിലിഹ നടക്കുന്നതാരാ?","പുലച്ചി-
പ്പെണ്ണാണേ തമ്പുരാനേ, തടിവിറക പിറക്കീട്ടുവാൻ താമസിച്ചേൻ;
ഉണ്ണാൻ മേടിച്ചൊരിക്കല്ലരിമണിയുരിയാണമ്മയാണച്ഛനാണെൻ
കണ്ണാണേ തീണ്ടിയെന്നാലതടിയനറിയാഞ്ഞാണു കുഞ്ഞാണെ സത്യം".

കവി : **എം. ആർ. കൃഷ്ണവാര്യർ**

## 3.881 ഉത്പന്നമായതു നശിക്കും. . . (ജീവി)

വസന്തതിലകം

"ഉത്പന്നമായതു നശിക്കും; അണുക്കൾ നില്ക്കും;
ഉത്പന്നനാമുടൽവെടിഞ്ഞൊരു ദേഹി വീണ്ടും;
ഉത്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ"
കല്പിച്ചിട്ടുന്നിവിടെയിങ്ങനെയാഗമങ്ങൾ.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

### 3.882 ഉണ്ണിയ്ക്കു തീറ്റിയധികം. . . (കർത്താ)

വസന്തതിലകം

ഉണ്ണിയ്ക്കു തീറ്റിയധികം, കളി നാസ്തിയത്രേ,
വണ്ണിയ്ക്കയാണരലുപോലെയവന്റെ ദേഹം;
ദണ്ഡംകുറച്ചധികമാണു, നടപ്പു കണ്ടാൽ
കണ്ണിൽപ്പെടുന്ന ജനമോ കളിയാക്കിടുന്നു.

കവി : **ഏവൂർ പരമേശ്വരൻ**

### 3.883 ദദ്യാദ്ദയാനുപവനോ. . . (ജ്യോതി)[163]

വസന്തതിലകം

ദദ്യാദ്ദയാനുപവനോ ദ്രവിണാംബുധാരാ-
മസ്മിന്നകിഞ്ചനവിഹംഗശിശൗ നിഷണ്ണേ
ദുഷ്കർമ്മഘർമ്മമപനീയചിരായദൂരാ-
ന്നാരായണപ്രണയിനീ നയനാംബുവാഹാ

കവി : **ശങ്കരാചാര്യർ**, കൃതി : *കനകധാരാസ്തവം*

### 3.884 ദേശേ കാലടിനാമ്നി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ദേശേ കാലടിനാമ്നി കേരളധരാശോഭങ്കരേ സദ്ദ്വിജോ
ജാതശ്ശ്രീപതിമന്ദിരസ്യ സവിധേ സർവജ്ഞതാം പ്രാപ്തവാൻ
ഭൂത്വാ ഷോഡശവത്സരേ യതിവരോ ഗത്വാ ബദര്യാശ്രമം
കർത്താ ഭാഷ്യനിബന്ധനസ്യ സുകവിശ്ശ്രീശങ്കരഃ പാതു വഃ

കവി : **ഗോവിന്ദനാഥൻ**

### 3.885 ഭാരാധിക്യാതിദൂനാ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ഭാരാധിക്യാതിദൂനാ യുവതിയൊരുവളുന്നാത്മഹത്യയ്ക്കൊരുങ്ങി–
ക്കേറീ പൊക്കം പെരുത്തോരിരുനില; യവിടുന്നങ്ങു താഴേയ്ക്കു ചാടീ;
നേരം പിന്നിട്ടു; ബോധം തെളിയവെയരികത്തുള്ളൊരാൾ ചൊല്ലിനാൻ, "നി–
സ്സാരം നിങ്ങൾക്കു പറ്റീ, തവ പതനപഥേ നിന്ന മൂന്നാൾ കഴിഞ്ഞൂ".

കവി : **ബാലേന്ദു**

### 3.886 നിൽക്കട്ടേ പേറ്റുനോവിൻ. . . (കർത്താ)[164]

സ്രഗ്ദ്ധര

നിൽക്കട്ടേ പേറ്റുനോവിൻ കഥ, രുചികുറയും കാല, മേറ്റം ചടപ്പും

---

[163] *[ഉമേഷ്]* ശ്ലോകം **3.883 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

കാരുണ്യമാകുമൊരു കാറ്റിലലഞ്ഞുലഞ്ഞു
നാരായണീനയനമാം മുകിൽമാല മേന്മേൽ
ഈ നിസ്വചാതകമുഴന്നു കരഞ്ഞിടുമ്പോൾ
പെയ്യട്ടെ പൊന്മഴയെ ദുഷ്കൃതിതാപമാറ്റാൻ.

[164] *[ഉമേഷ്]* ശ്ലോകം **3.886 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീ ശയ്യാ ച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയ, സ്തസ്യൈ ജനന്യൈ നമഃ

പൊയ്ക്കോട്ടേ, കൂട്ടിടേണ്ടാ മലമതിലൊരു കൊല്ലം കിടക്കും കിടപ്പും,
നോക്കുമ്പോൾ ഗർഭമാകും വലിയ ചുമടെടുക്കുന്നതിൻ കൂലി പോലും
തീർക്കാവല്ലെത്ര യോഗ്യൻ മകനു, മതു നിലയ്ക്കുള്ളൊരമ്മേ തൊഴുന്നേൻ!

കവി: **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, കൃതി : *ശങ്കരാചാര്യചരിതം*

## 3.887 നക്ഷത്രും വിളയുന്ന മണ്ഡപം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നക്ഷത്രും വിളയുന്ന മണ്ഡപ, മഹങ്കാരത്തെ വാത്സല്യമായ്
ശിക്ഷിക്കും മഹിതത്വ, മന്യകലയിൽക്കണ്ണായ പുണ്യാലയം,
രക്ഷാബന്ധ, മനേകകർമ്മവിരുതിന്നേകത്വ, മാത്മാവിലും
ലക്ഷ്മീദേവിയെടുത്തറിഞ്ഞ കുറി, നീ സൗഭാഗ്യഭാഗ്യക്കുറി!

കവി : **എസ്. രമേശൻ നായർ**, കൃതി : *സ്വാതിമേഘം*

## 3.888 രക്ഷയ്ക്കാളാരുമെന്യേ. . . (കർത്താ)

സ്രഗ്ദ്ധര

രക്ഷയ്ക്കാളാരുമെന്യേ മിഴി കുഴികളിലായ് മെയ്മെലിഞ്ഞാത്മഭാണ്ഡം
കക്ഷത്തിൽ ചേർത്തു നിത്യം ദിശിദിശി ചുട്ടുമുൾത്തട്ടൊട്ടും സഞ്ചരിക്കും
ഭിക്ഷക്കാരായവർക്കാർദ്രതയുടെ നടനപ്പന്തലാമുള്ളമോടീ
ദക്ഷൻ മൃഷ്ടാന്നമേറെത്തെളിവവരിലുടൻ ചേരുമാറേകിടുന്നു.

കവി : **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള**, കൃതി : *ഉപനയന്മംഗളം*

## 3.889 ഭസ്മം തൊട്ട നിലാവു നിന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭസ്മം തൊട്ട നിലാവു നിന്നു വിരലാൽ നാരായണീയം പകു,-
ത്തസ്മത്പ്രാണനെ വേണുവാക്കി, യതു നിൻ ചുണ്ടത്തു നേദിയ്ക്കവേ
സസ്മേരം പുളകാംഗിയാം യമുനപോൽ നെയ്യാറുപാഞ്ഞീടവേ
വിസ്മേരം തവലീല ഗോപകുലമാമമ്പാടിയിദ്ദേശവും

കവി : **രമേശൻ നായർ**, കൃതി : *കൃഷ്ണഗാഥ*

## 3.890 സമ്പൂർണകുംഭോ ന. . . (ജീവി)

ഇന്ദ്രവജ്ര

സമ്പൂർണകുംഭോ ന കരോതി ശബ്ദം
അർദ്ധോ ഘടോ ഘോഷമുപൈതി നൂനം
വിദ്വാൻ കുലീനോ ന കരോതി ഗർവം
മൂഢാസ്തു ജല്പന്തി ഗുണൈർവിഹീനാഃ

## 3.891 വിജയപുരിനിവാസി. . . (കർത്താ)

അപരവക്ത്രം

വിജയപുരിനിവാസി, വർത്തക-
വ്രജപതി, യാവഴി പോന്നവന്നൊരാൾ
സ്വജനമൊട്ട വരിച്ചു ലീലയേ
നിജസുതനായി വധൂകരിക്കുവാൻ.

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.892 സന്ധ്യാനാമങ്ങൾ ചൊല്ലും. . . (വാസുദേവൻ)

സ്രഗ്ദ്ധര

സന്ധ്യാനാമങ്ങൾ ചൊല്ലും പതിവിനിഹ പുനർജ്ജന്മമുണ്ടായിടട്ടേ!
പൊന്താതാവട്ടെയന്തിക്കതിചപല ചലച്ചിത്ര ഗീതങ്ങൾ മേലാൽ
അന്തത്തോടൊട്ടടുത്താപ്പടുകിഴവർ വരെദ്ദീർഘനിശ്വാസപൂർവം
ചിന്തിക്കും കാര്യമിന്നാക്കമനികളുടെ സദ്വൃത്ത, മീശന്റെയല്ല.

കവി : ടി. എം. വി.

## 3.893 അക്ഷരസ്ഫുടതയോടു. . . (ഋഷി)

രഥോദ്ധത

അക്ഷരസ്ഫുടതയോടു കൂടിയും
രാഗതാളലയഭാവമോടെയും
പാട്ടനേകമതു പാടിമേവിടും
യേശുദാസു വിജയിച്ചു വാഴുക

കവി : ഋഷി

## 3.894 പ്രീതിക്കാസ്പദമായ മറ്റു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പ്രീതിക്കാസ്പദമായ മറ്റു വിഷയം സർവ്വം മറന്നംഗകം
പാതിപ്പെ, ട്ടുയിർ മാത്രശേഷനിവനീക്കൈവന്ന കൽത്തുണ്ടുമേൽ
ഊതിക്കൊണ്ടു ചുരുണ്ടു രാപ്പകലൊരേ മട്ടാമിരിപ്പാണു, മേൽ
ഭൂതിക്കുറ്റ നിദാനമായിതൊരു നാൾ മാണിക്യമായെങ്കിലോ!

കവി : ടി. എം. വി.

## 3.895 ഉമ്പർക്കുൾക്കിടിലം വളർത്തും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉമ്പർക്കുൾക്കിടിലം വളർത്തുമസുരന്മാരെത്തുലയ്ക്കാൻ ഭവാ-
നമ്പാടിയ്ക്കുഴകായ്പ്പിറന്നതു മറന്നാൻപോൽ നിലിമ്പേശ്വരൻ
ഡംഭം പൂണ്ടു പൊഴിച്ച പേമഴയിൽ നീ കുന്നേറ്റുമാറായി, ഞാൻ
തുമ്പറ്റോൻ, തവ പൊൽപ്പദങ്ങളെ മറന്നാലും പൊറുക്കേണ്ടയോ?

കവി : വി.കെ. ജി

## 3.896 ഡയറിയിലെഴുതാൻ. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഡയറിയിലെഴുതാനെനിക്കു പുണ്യ-
ക്ഷയമൊഴിവായൊരു വസ്തു പോലുമില്ല;
ദയയിവനിലുദിക്കണേ, കൃതാന്തൻ
ജെയിലിലടയ്ക്കുവതിന്നു മുമ്പു ശംഭോ!

കവി : ഉമേഷ് നായർ

### 3.897 ദോഷജ്ഞശ്രേഷ്ഠ. . . (കർത്താ)

സ്രഗ്ധര

ദോഷജ്ഞശ്രേഷ്ഠ! കേട്ടീടുക ഭവദനുയോഗോത്തരം വിസ്തരിക്കാ-
തീഷന്മാത്രം കഥിക്കാം പ്രതനകൃതിമതം കേട്ടറിഞ്ഞിട്ടു പണ്ടേ
ഭാഷാപദ്യേഷു പാരം മനസി രസമെനിക്കില്ല ദൗശ്ശീല്യമല്ലേ,
തോഷം ഗീർവാണപദ്യേ സതതമതു ചമയ്പ്പാനനൽപാദരോഹം.

കവി : മൂത്തേടത്തു വാസുദേവൻ പോറ്റി

### 3.898 ഭിക്ഷയ്ക്കായ് പാത്രമേന്തി. . . (ബാലേന്ദു)

സ്രഗ്ധര

ഭിക്ഷയ്ക്കായ് പാത്രമേന്തിപ്പലദിനമുഴറീട്ടമ്പലം പള്ളിമുറ്റം
കുക്ഷിത്തീയൊട്ടണയ്ക്കാനൊരു വക തടയാതെത്തിനേൻ മദ്യഷാപ്പിൽ;
ദാക്ഷിണ്യം പൂണ്ടുദാരം മദിരയിൽ മുഴുകുന്നോരെനിക്കേകിയന്നം;
പക്ഷം രണ്ടില്ല, ദൈവം കനിവിനൊടിവിടേയ്ക്കാക്കി തൻ മേൽവിലാസം.

കവി : ബാലേന്ദു

### 3.899 ദേവീ മാങ്കാവിലമ്മേ. . . (ജ്യോതി)

സ്രഗ്ധര

ദേവീ മാങ്കാവിലമ്മേ തവപദയുഗളം കുമ്പിടും ഞങ്ങളിൽ നീ
താവും കാരുണ്യപൂരം ചൊരിയണമനിശം മങ്ഗളം വന്നിടാനായ്
ഭക്ത്യാ നിൻ സേവചെയ്‌വാൻ സതതമിവിടെയിക്കൂപ്പുകൈമൊട്ടുമായി-
ട്ടെത്തീ നിൻ മക്കളമ്മേ കനിയുക വരദേ ദേവി ദുർഗ്ഗേ നമസ്തേ!

കവി : പി. സി. ശ്രീദേവിത്തമ്പാട്ടി (ലക്കിടി)

### 3.900 ഭൂപാളരാഗമതു. . . (ബാലേന്ദു)

വസന്തതിലകം

ഭൂപാളരാഗമതു നിന്നെയുണർത്തുവാനായ്
ആനന്ദഭൈരവി ഭവച്ചരിതങ്ങൾ പാടാൻ
കാംബോജി സാംബശിവകീർത്തനമോതിടാനായ്
നീലാംബരീലഹരി നിദ്രവരുത്തിടാനായ്.

കവി : ബാലേന്ദു

## 3.901 കാതേ നീ കേൾപ്പതുണ്ടോ. . . (കർത്താ)

സ്രഗ്ദ്ധര

കാതേ നീ കേൾപ്പതുണ്ടോ കളമൊരു മുരളീ ഗാനമെങ്ങാൻ, കഥിക്കെൻ
കണ്ണേ നീ കാണ്മതുണ്ടോ കടലൊടിടയുമാറുള്ള കായാമ്പുവർണം
നാസേ നീ ചൊല്ലിടേണം നവമൊരു നവനീതത്തിനുള്ളോരു ഗന്ധം
കിട്ടുന്നാകിൽ ക്ഷണം, ഞാനിവ നുകരുവാനാർത്തിപൂണ്ടാണിരിപ്പൂ.

കവി : **കുഞ്ഞുണ്ണി**

## 3.902 നൂറ്റാണ്ടിൽപ്പാതിയോളം. . . (ജീവി)

നൂറ്റാണ്ടിൽപ്പാതിയോളം പകലിരവുമഹങ്കാരചർക്കയ്ക്കുമേലേ
നൂറ്റേൻ ഹാ! പാപനൂലിൻ കഴികളതു കൃപാലോല! ഞാൻ നെയ്തെടുത്തു;
ചുറ്റിക്കാണന്നൊരിജ്ജീവിതവസനമുപേക്ഷിച്ചു,നിൻ കാൽ തുടയ്ക്കാൻ
പറ്റീടും തോർത്തുമുണ്ടൊന്നിവനിനി വിരചിച്ചീടുവാൻ നേരമുണ്ടോ?

കവി : **വി. കെ. ജി.**

## 3.903 ചോരക്കൈവാളിനൂണാം. . . (ഋഷി)

സ്രഗ്ദ്ധര

ചോരക്കൈവാളിനൂണാമരിയൊരജകിശോരത്തെ മീളാൻ കനിച്ചു–
ള്ളോരക്കണ്ടത്തിൽ നിന്നൂറിന മൃദുകരുണാവായ്പിലാഴമ്പൊഴെല്ലാം,
“ഹാ, രക്ഷയ്ക്കാത്മകർമ്മം ശരണ, മിതരമി, ല്ലില്ല മാ”പ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ, പിന്നെയും പിന്നെയും നീ.

കവി : **ഇടശ്ശേരി** , കൃതി : *മാപ്പില്ല*

## 3.904 ഹാ കഷ്ട, മാ വിബുധ. . . (ജീവി)

വസന്തതിലകം

ഹാ! കഷ്ട, മാ വിബുധകാമിതമാം ഗുണത്താ–
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നോടൊരുമിച്ചു മരിച്ചു; നിത്യ–
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ!

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.905 പാലൊത്തെഴും പുതുനിലാവിലലം. . . (രാജേഷ്)

വസന്തതിലകം

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.906 നിസ്തുല്യോജ്ജ്വല രൂപശില്പ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

നിസ്തുല്യോജ്ജ്വലരൂപശില്പമധുരം നൂലിൻ മൃദുത്വത്തിനാൽ
ഹൃദ്യസ്പർശമരാളത്തുലമദമോടിയ്ക്കും മഹാഡംബരം
വിദ്യുദ്ഭ്രാന്തി കരോല്ലസൽക്കസവെഴും നൽദ്ദിവ്യപട്ടാംബരം
നിത്യം നെയ്യുമൊരാൾ നികൃഷ്ടതരകൗപീനങ്ങൾ നെയ്തീടുമോ?

കവി : **ടി. എം. വി.**

## 3.907 വലത്തുകൈയിൻ നഖര. . . (ജീവി)[165]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വലത്തുകൈയിൻ നഖരശ്മിയേറ്റ
പരുത്തുളവൽ പെട്ടമാശ്ശരത്തിൽ
സന്ധിച്ച കൈയങ്ങനെ നിന്നുപോയി
ചിത്രത്തിലർപ്പിച്ചതുപോലെതന്നെ.

കവി : **(കാളിദാസൻ)**, കൃതി : *രഘുവംശം തർജ്ജമ* (2:31)

## 3.908 സ്ഫാരദ്വാരപ്രഘാണദ്വിരദ. . . (കർത്താ)

സ്രഗ്ദ്ധര

സ്ഫാരദ്വാരപ്രഘാണദ്വിരദമദസമുല്ലോലകല്ലോലഭൃങ്ഗീ–
സങ്ഗീതോല്ലാസഭംഗീമുഖരിതഹരിതസ്സമ്പദഃ കിമ്പചാനാഃ
ഫുല്ലന്മല്ലീമതല്ലീപരിമളലഹരീസമ്പദുദ്ദാമവാചാം
തേഷാം യേഷാം കവീനാമുപരി തവ ദയാ രാമവർമ്മക്ഷിതീന്ദോ!

കവി : **സദാശിവദീക്ഷിതർ**

## 3.909 ഫലം സ്വേച്ഛാലഭ്യം. . . (ജീവി)

ശിഖരിണി

ഫലം സ്വേച്ഛാലഭ്യം പ്രതിവനമഖേദം ക്ഷിതിരുഹാം
പയഃ സ്ഥാനേ സ്ഥാനേ ശിശിരമധുരം പുണ്യസരിതാം
മൃദുസ്പർശാ ശയ്യാ സുലളിതലതാപല്ലവമയീ
സഹന്തേ സന്താപം തദപി ധനിനാം ദ്വാരീ കൃപണാഃ

കവി : **ഭർത്തൃഹരി** , കൃതി : *വൈരാഗ്യശതകം*

## 3.910 മാനത്തമ്മാമനെക്കണ്ട്. . . (ഋഷി)

സ്രഗ്ദ്ധര

മാനത്തമ്മാമനെക്കണ്ടമൃതു പൊഴിയുമക്കണ്ണനുണ്ണിക്കു ചിത്തേ
മാനത്തെക്കൈവളർപ്പാനമൃതകിരണനും മെല്ലെ മേലിന്നിറങ്ങി
മാനിച്ചമ്മയ്ക്കു കാട്ടി പ്രമദപരവശാൽ രണ്ടു കൈകൊണ്ടു മന്ദം
മാനത്തേക്കങ്ങയച്ചീടിനതൊഴിലൊരുനാളാസ്ഥയാ കാണ്മനോ ഞാൻ

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

---

[165] *[ഉമേഷ്]* ശ്ലോകം **3.907 :** മൂലശ്ലോകം **(കാളിദാസൻ)** :

വാമേതരസ്തസ്യ കരഃ പ്രഹർതുർ–
നഖപ്രഭാഭൂഷിതകങ്കപത്രേ
സക്താംഗുലിഃ സായക ഓംഖ ഏവ
ചിത്രാർപിതാരംഭ ഇവാവതസ്ഥേ

## 3.911 മൂലൂർ മേവും പണിക്കർക്കുടയ. . . (കർത്താ)

സ്രഗ്ധര

മൂലൂർ മേവും പണിക്കർക്കുടയ കവിതയെപ്പറ്റിയും മറ്റുമോരോ
മാലോകർക്കഭ്യസൂയാവിവശത പിടിപെട്ടെന്ന കാണിച്ചതീ ഞാൻ
ഹാ! ലേശം സമ്മതിക്കില്ലപനയമൊരുവൻ കാട്ടിയാൽ മറ്റവൻ പി–
ന്നാ ലക്ഷ്യം നോക്കി മറ്റേപ്പുറമൊരപനയം കാട്ടുവാൻ നോക്കിടാമോ?

കവി : **മൂലൂർ**

## 3.912 ഹാ ചൂത, ഹാ ചമ്പക. . . (ഋഷി)[166]

ഇന്ദ്രവജ്റ

“ഹാ ചൂത, ഹാ ചമ്പക, കർണ്ണികാര,
ഹാ മല്ലികേ, മാലതി, ബാലവല്യഃ,
കിം വീക്ഷിതോ നോ ഹൃദയൈകചോര”
ഇത്യാദി താസ്ത്വത്പ്രവണാ വിലേപുഃ

കവി : **മേൽപത്തൂർ** , കൃതി : *നാരായണീയം (67:5)*

## 3.913 കന്ദർപ്പൻ മൂർത്തിമാനോ?. . . (കർത്താ)

സ്രഗ്ധര

കന്ദർപ്പൻ മൂർത്തിമാനോ? കനിവൊടവനിയിൽക്കൽപ്പവൃക്ഷം ജനിച്ചോ?
പൊന്നിൻപൂമാതിനേവം കളിനിലമധുനാ പദ്മനാഭൻ ചമച്ചോ?
ഇന്ദ്രൻ വന്നോ ധരിത്ര്യാം? കലയതു കുറയാതുള്ള പൂർണ്ണേന്ദു താനോ?
മന്യേ താപം ജനാനാം ശമയിതുമുളവായിങ്ങു മാർത്താണ്ഡദേവൻ.

കവി : **ഇരയിമ്മൻ തമ്പി**

## 3.914 ഇമം ഹി നിത്യമേവം. . . (ജ്യോതി)

പഞ്ചചാമരം

ഇമം ഹി നിത്യമേവമുത്തമോത്തമം സ്തവം
പഠൻ സ്മരൻ ബ്രുവൻ നരോ വിശുദ്ധിമേതിസന്തതം
ഹരേ ഗുരൗ സുഭക്തിമാശു യാതി നാന്യഥാ ഗതിം
വിമോഹനം ഹി ദേഹിനാം തു ശങ്കരസ്യ ചിന്തനം

കവി : **രാവണൻ**, കൃതി : *ശിവതാണ്ഡവസ്തോത്രം*

## 3.915 ഹേ പാന്ഥ, പുസ്തകധര, ക്ഷണമൊന്നു. . . (ബാലേന്ദു)[167]

വസന്തതിലകം

ഹേ പാന്ഥ, പുസ്തകധര, ക്ഷണമൊന്നു നിൽക്കൂ,

---

[166] [*ഉമേഷ്*] **ശ്ലോകം 3.912 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :
“തൈവള്ളി, ഹാ ചമ്പക, പിച്ചി, മുല്ലേ,
മാവേ, മണം വീശിന കർണ്ണികാര,
അവൻ കടന്നെങ്ങു മറഞ്ഞിരുള്ളം
കവർന്നുകൊ”ണ്ടെന്നവരാർത്തു വീർത്താർ.

[167] [*ഉമേഷ്*] **ശ്ലോകം 3.915 :** മൂലശ്ലോകം :
ഹേ പാന്ഥ, പുസ്തകധര, ക്ഷണമത്ര തിഷ്ഠ,
വൈദ്യോ ∫ സി വാ ഗണിതശാസ്ത്രവിശാരദോ വാ
കേനൗഷധേന മമ പശ്യതി നക്തമംബാ?
കിം വാഗമിഷ്യതി പതിഃ പരദേശവാസീ?

നീ വൈദ്യനോ ഗണനവിദ്യയിൽ വിജ്ഞനോ ചൊൽ
അന്തിക്കൊരന്ധ മമ ധാത്രി മരുന്നു ചൊല്ലൂ
എന്നെത്തിടും മമ ധവൻ പരദേശവാസി.

കവി : **ബാലേന്ദു**

## 3.916 അതിഭയമൊടു നിത്യം. . . (കർത്താ)

മാലിനി

അതിഭയമൊടു നിത്യം മൂഢലോകം നിറപ്പൂ
മൃതിയുടെ വഴി കല്ലും മുള്ളുമെല്ലാം നിരത്തി
അതിലൊരുവകപോലും ശക്തമായീടുമോ തൽ–
ഗതി തടവതിനെന്നോർക്കാത്തതത്യദ്ഭുതം മേ!

കവി : **ജി. ശങ്കരക്കുറുപ്പ്**, കൃതി : *ഒരു സ്മരണ*

## 3.917 ആകമ്രസ്മിതകാന്തി ചിന്തി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആകമ്രസ്മിതകാന്തി ചിന്തിയുയരും വാർതിങ്കൾ, വാടാസുമ–
വ്യാകീർണ്ണാംബരവീഥി, മാദകമണം ചോരും തുഷാരാനിലൻ,
രാഗം മൂളിയലച്ചലച്ചു പതറിപ്പായുന്ന പൂഞ്ചോല, ഹാ
പോകാനില്ല മനസ്സെനിക്കിവിടെനി, ന്നെൻ നാകമിന്നാടു താൻ!

കവി : **കെ. എൻ. ഡി.**

## 3.918 രേ രേ മാംസികപാശ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

രേ രേ മാംസികപാശ! യത്ത്വമധുനാ ചന്ദ്രസ്യ വന്ദ്യം കുലം
സാക്ഷാന്നിന്ദസി, ഗർവസേ യദപി നഃ, സർവന്തദേതൽ സഹേ;
യത്ത്വേവം ത്രിപുരദ്രുഹോ ഭഗവതഃ കുത്സാം വിധത്സേതരാം
തച്ഛ്രോതാരമഹോ ധിഗദ്യ ബത മാം ധിഗ്ഗാണ്ഡിവം ധിക് ശരാൻ.

കവി : **മേൽപ്പത്തൂർ**, കൃതി : *കിരാതം*

## 3.919 യുവതി ഭവതിയെന്തു. . . (ജീവി)[168]

പുഷ്പിതാഗ്ര

യുവതി ഭവതിയെന്തു വൃദ്ധയെപ്പോൽ
മണികൾ വെടിഞ്ഞു വഹിച്ചു ചീവരത്തെ
ഉഡുശശികൾ വിളങ്ങുമന്തിനേര–
ത്തരുണനുദിപ്പതു ഭംഗിയോ നിശയ്ക്ക്?

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം തർജ്ജമ* (5:44)

## 3.920 ഉണ്ണിക്കണ്ണനു തൊട്ടിടാൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

---

[168] [*ഉമേഷ്*] **ശ്ലോകം 3.919 :** മൂലശ്ലോകം (**കാളിദാസൻ**) :
കിമിത്യപാസ്യാഭരണാനി യൗവനേ
ധൃതം ത്വയാ വാർദ്ധകശോഭി വല്ക്കലം?
വദ പ്രദോഷേ വിനികീർണ്ണതാരകാ
വിഭാവരീ യദ്യരുണായ കല്പതേ.

'ഉണ്ണിക്കണ്ണനു തൊട്ടിടാൻ കഴിയുകി, ല്ലതുയ്ക്കു പൊക്കത്തിലാ–
ണമ്മേ ഗോപികൾ കെട്ടിവച്ചുറി, പാൽ കട്ടില്ലവൻ നിശ്ചയം'
പാ, ലാഴിത്തിരയാകിലെ, ത്തുറിയിലെത്തെല്ലാകിലെ, ന്തീശ! നിൻ
ഗാത്രം താങ്ങുമനന്തൻ; അഗ്രജവചസ്സങ്കാശഹാസം തൊഴാം!

കവി : **മധുരാജ്**

## 3.921 പാലാഴിക്കോളിരമ്പത്തിലുമൊരു. . . (ജീവി)

സ്രഗ്ദ്ധര

പാലാഴിക്കോളിരമ്പത്തിലുമൊരു പൊഴുതും സ്വാപഭംഗം വരില്ലെ–
ന്നാലും മാതാവൃഷസ്സിൽദ്ധധി കടയുമൊലിക്കാഞ്ഞുണർന്നേൽപതെന്തോ?
നീലക്കാർവർണ്ണ! ദേവർക്കനുപമമമൃതം നൽകുമത്താമരക്ക–
യ്യാലേ പാലും നറും വെണ്ണയുമടവിലെടുത്തുണ്മതെന്താരറിഞ്ഞു?

കവി : **വി. കെ. ജി.**

## 3.922 നന്നായുള്ളതനിഷ്ടമായ്. . . (കർത്താ)[169]

ശാർദ്ദൂലവിക്രീഡിതം

നന്നായുള്ളതനിഷ്ടമായ്; സചിവർ മുമ്പേട്ടിന്നു സേവിപ്പതി–
ല്ലെന്നും മെത്തയിലാണ്ടുരുണ്ട നിശ പോക്കീടുന്നു നിർന്നിദ്രനായ്;
ദാക്ഷിണ്യത്തിനു കാന്തമാരുമൊരുമിച്ചാലാപമാർന്നീടുകിൽ
സൂക്ഷിക്കാതിഹ പേരുമാറിയുരചെയ്യൊട്ടൊക്കെ ലജ്ജിച്ചിടും.

കവി : **എ.ആർ. രാജരാജവർമ്മ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.923 ദ്രുമാഃ സപുഷ്പാഃ സലിലം. . . (ജീവി)[170]

ഉപേന്ദ്രവജ്ര

ദ്രുമാഃ സപുഷ്പാഃ സലിലം സപദ്മം
സ്ത്രിയഃ സകാമാഃ പവനഃ സുഗന്ധിഃ
സുഖാഃ പ്രദോഷാഃ ദിവസാശ്ച രമ്യാഃ
സർവം പ്രിയേ ചാരുതരം വസന്തേ

കവി : **കാളിദാസൻ**, കൃതി : *ഋതുസംഹാരം*

## 3.924 സ്തനേഷു ഹാരാഃ. . . (ബാലേന്ദു)[171]

ഉപേന്ദ്രവജ്ര

സ്തനേഷു ഹാരാഃ സിതചന്ദനാർദ്രാ

---

[169] *[ഉമേഷ്]* **ശ്ലോകം 3.922 :** മൂലശ്ലോകം(**കാളിദാസൻ**) :

രമ്യം ദ്വേഷ്ടി, യഥാ പുരം പ്രകൃതിഭിർ ന പ്രത്യഹം സേവ്യതേ,
ശയ്യാപ്രാന്തവിവർത്തനൈർവിഗമയത്യുന്നിദ്ര ഏവ ക്ഷപാഃ
ദാക്ഷിണ്യേന ദദാതി വാചമുചിതാമന്തഃപുരേഭ്യോ യദാ
ഗോത്രേഷു സ്ഖലിതസ്തദാ ഭവതി ച വ്രീഡാവനമ്രശ്ചിരം.

[170] *[ഉമേഷ്]* **ശ്ലോകം 3.923 :** പരിഭാഷ (**വിഷ്ണുനാരായണൻ നമ്പൂതിരി**) :

പൂക്കും മരം, തണ്ടലരാർന്ന നീരം,
കാമം പെടും മങ്ക, മണത്ത തെന്നൽ,
സുഖം ദിനാന്തം, പകലാകെ രമ്യം –
സർവ്വം പ്രിയേ! ചാരുതരം വസന്തേ.

ഭുജേഷു സംഗം വലയാംഗദാനി
പ്രയാന്ത്യനംഗാതുരമാനസാനാം
നിതംബിനീനാം ജഘനേഷു കാഞ്ച്യഃ

കവി : **കാളിദാസൻ**, കൃതി : *ഋതുസംഹാരം*

## 3.925 പല്ലുണച്ച ചെറുവിട്ചരങ്ങളെ. . . (ജീവി)

കുസുമമഞ്ജരി

പല്ലുണച്ച ചെറുവിട്ചരങ്ങളെയുപദ്രവിച്ച വിളയാടുവാൻ
വല്ലഭത്വമെഴുമെത്ര പട്ടികളിരിക്കിലെന്തവ മരിക്കിലും?
നല്ല വന്മലയിലേറി വാണിടണമിച്ഛപോലെവിഹരിക്കണം,
കൊല്ലണം വനഗജങ്ങളെ ശ്രുതി മൃഗേന്ദ്രനെന്നിഹ പരത്തണം.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ** , കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.926 നീവാരാൻ വാരനാരീ. . . (കർത്താ)

സ്രഗ്ധര

നീവാരാൻ വാരനാരീകരസരസിരുഹാൽ സാദരം സ്വീകരോതി
ഗ്രീവാമുന്നമ്യ യസ്മിൻ കുവലയരമണോത്സംഗശായീ കുരംഗഃ
ദേവാധീശഃ പുരാന്യാസുലഭശതമഖീപുണ്യനിർവാഹധന്യോ
യാവത് പാദാരവിന്ദനതസകലസുധാദീദിവിർദ്ദേദിവീതി.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *പ്രലംബവധം ആട്ടക്കഥ*

## 3.927 ദിക്ചക്രം വിറകൊള്ളുമാറു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ദിക്ചക്രം വിറകൊള്ളുമാറു പടഹധ്വാനം മുഴക്കിപ്പട–
ക്കച്ചണ്ഡായുധമേന്തിടും ഭടരിടഞ്ഞെത്തീ പതിമ്മൂന്നുപേർ
മുച്ചാൺ വീശിയടുത്തു മൽക്കളരിയാശാനാം കുറുപ്പേകനായ്
തച്ചോടിച്ചിതു സർവരേയുമൊരു കൊച്ചോടക്കുഴൽക്കമ്പിനാൽ

കവി : **വി. കെ. ജി.** , കൃതി : *(ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴലിനെ അനുസ്മരിച്ച്)*

## 3.928 മിനുപ്പാർന്ന വർണ്ണങ്ങൾ. . . (ജീവി)

ഭുജംഗപ്രയാതം

മിനുപ്പാർന്ന വർണ്ണങ്ങൾ പാളുന്ന ലോകം
നണയ്ക്കുന്ന ചുണ്ടത്തു മാധുര്യപൂരം
മനസ്സിങ്ങു സംതൃപ്ത, മെന്നാലുമാരാൽ
മനുഷ്യൻ ശ്രവിപ്പൂ 'മറക്കു മറക്കു'

കവി : **ബാലാമണിയമ്മ**, കൃതി : *മറക്കു മറക്കു*

---

[171] [*ഉമേഷ്*] **ശ്ലോകം 3.924 :** പരിഭാഷ (**വിഷ്ണുനാരായണൻ നമ്പൂതിരി**) :
വെൺചന്ദനം പറ്റിയ മാല മാറിൽ,
പൊൻകങ്കണം തോൾവളയും ഭുജത്തിൽ,
ചേർക്കുന്നു മാരാർത്തിയിലുള്ളലഞ്ഞോർ
പൊൻഞാണരക്കെട്ടിനമിന്നു നല്ലാർ.

## 3.929 മുക്തകങ്ങളെഴുതുന്ന. . . (കർത്താ)

കുസുമമഞ്ജരി

മുക്തകങ്ങളെഴുതുന്ന വിദ്യയൊരു വിദ്യതാനതു പലർക്കുമി–
ന്നൊക്കുകില്ല, കവികോകിലങ്ങളതു വിട്ടു മറ്റു പണി നോക്കുവിൻ!
ഗദ്ഗദം കവിതയാർക്കുവോർക്കിതെളുതല്ല ; മുറ്റമഴകോലുമെൻ
മുക്തകങ്ങൾ മണിമുത്തുപോലെ കവിതയ്ക്കലങ്കരണമാവണം.

കവി : **ഏവൂർ പരമേശ്വരൻ**

## 3.930 ഗോവിന്ദസ്മരണൈകനിഷ്ഠയൊട്. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഗോവിന്ദസ്മരണൈകനിഷ്ഠയൊടുണർന്നാവൂ തുറന്നാവൂ ഞാൻ
കൈവല്യസ്മൃതിയോടു കൺമിഴികളെക്കണ്ണന്റെ രൂപങ്ങളിൽ,
നാവാദ്യം ഹരിനാമമാധുരി നുകർന്നാവൂ, മറന്നാവൂ ഹൃ–
ദ്ദൈവവശ്യപ്രദമായ മുഗ്ദ്ധവിഷയത്തായംകളിക്കോപ്പുകൾ!

കവി : **വി. കെ. ജി.**

## 3.931 നീ തുമ്പുവിട്ടു മകളേ. . . (കർത്താ)

വസന്തതിലകം

നീ തുമ്പുവിട്ടു മകളേ! പരമെന്തിനിന്നു
പൂതം പിടിച്ചൊരു നടപ്പു? വെടിപ്പു വേണ്ടേ?
ഹേ തന്വി! മേൽക്കഴുകണം ; തിരുമിത്തുടച്ച
മാതങ്ഗിതന്നുടയ ചന്തമനന്തമല്ലോ.

കവി : **വെണ്മണി മഹൻ**, കൃതി : *അംബോപദേശം*

## 3.932 ഹൃദ്യം പൂർണ്ണാനകർമ്പാർണ്ണാവ. . . (ജ്യഷി)[172]

സ്രഗ്ധര

ഹൃദ്യം പൂർണ്ണാനകർമ്പാർണ്ണാവമൃദുലഹരീചഞ്ചലഭ്രൂവിലാസൈ–
രാനീലസ്നിഗ്ദ്ധപക്ഷ്മാവലിപരിലസിതം നേത്രയുഗ്മം വിഭോ, തേ
സാന്ദ്രച്ഛായം വിശാലാരുണകമലദളാകാരമാമുഗ്ദ്ധതാരം
കാരുണ്യാലോകലീലാശിശിരിതഭുവനം ക്ഷിപ്യതാം മയ്യനാഥേ

കവി : **മേൽപത്തൂർ**, കൃതി : *നാരായണീയം (100:3)*

## 3.933 സചേതനാചേതനം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സചേതനാചേതനമിപ്രപഞ്ചം
സർവം വിളക്കുന്ന കെടാവിളക്കേ
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ, തൊഴുന്നേൻ.

കവി : **കുമാരനാശാൻ**, കൃതി : *ആത്മാർപ്പണം-ഒരു പ്രാർത്ഥന*

---

172 *[ഉമേഷ്]* ശ്ലോകം **3.932 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :
കാരുണ്യാബ്ധിത്തിരച്ചാർത്തടി പണിയുമൊരച്ചില്ലിവില്ലാട്ടമോടും
ചാരുത്വം പൂണ്ടൊരോമന്മിഴിയൊടു, മൃദുവാം നീലപക്ഷ്മങ്ങളോടും,
ചേരും ചെന്താമരലർക്കളളിതളിനു സമമായ് നീണ്ട നിൻ നേത്രയുഗ്മം
ചോരുന്നൻപാൽ കുളിർപ്പിച്ചുലകിടമഖിലം, കൃഷ്ണ, ചായ്ച്ചീടുകെങ്കൽ!

### 3.934 സത്തന്മാരപ്പൊഴുതഹിഭുജം. . . (ജീവി)

മന്ദാക്രാന്ത

സത്തന്മാരപ്പൊഴുതഹിഭുജം, നീലകണ്ഠം, ഖഗാനാ–
മുത്തംസത്വം ദധത, മരികിൽകണ്ടുസന്തുഷ്ടരാകം
നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം
ചിത്തംതന്നിൽ ഗുഹനൊടധികപ്രേമവന്തം ഭവന്തം.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

### 3.935 നന്നായ് സുഖിച്ചു കഴിയും. . . (രാജേഷ്)

വസന്തതിലകം

നന്നായ് സുഖിച്ചു കഴിയും സമയത്തു ദൈവം
തന്നെ സ്മരിക്കുവതിനാരു തുനിഞ്ഞിടുന്നു?
എന്നെങ്കിലും മരണമുണ്ടിവനെന്ന ബോധം
വന്നെങ്കിലേ മനുജനീശ്വര ചിന്ത ചെയ്യൂ!

കവി : **ഉമേഷ് നായർ**

### 3.936 ഏണാങ്കചൂഡരമണീം. . . (ഋഷി)

വസന്തതിലകം

ഏണാങ്കചൂഡരമണീം, രമണീയപീന–
ശ്രോണീ നിരസ്തപുളിനാം നളിനായതാക്ഷീം
വീണാധരാമധികബന്ധുരബന്ധുജീവ–
ശോണാധരാമചല രാജസുതാമുപാസേ

### 3.937 വാദാന്തരത്തിൽ വിധി ഗേഹമിയന്ന. . . (ജീവി)

വസന്തതിലകം

വാദാന്തരത്തിൽ വിധി ഗേഹമിയന്ന നിൻ ഹൃദ്–
ഭേദാപഹാരി ഗളകാകളിയാൽ ലഭിപ്പൂ
നാദാന്തസന്ധി പരയോഗിസമാധിസൗഖ്യം
വേദാന്തികദ്വയചിദേകരസാവഗാഹം

കവി : **കുമാരനാശാൻ**, കൃതി : *ഗ്രാമവൃക്ഷത്തിലെ കുയിൽ*

### 3.938 നീ താനെൻ ജീവിതാർത്ഥം. . . (കർത്താ)

സ്രഗ്ദ്ധര

നീ താനെൻ ജീവിതാർത്ഥം നിയതമയി നിശാനായികേ! കായകൽപ–
ശ്രീ താവും വിശ്രമം നീ പരമരുളി മമായുസ്സിരട്ടിച്ചിടുന്നു
വീതാതങ്കം തവാങ്കേ വിനിഹിതശിരസ്സാ വിശ്വസമ്മോഹനേ! ഞാ–
നേതാനും നേരമേൽപ്പൂ ദിനമനു കനകസ്വപ്നസായൂജ്യ സൗഖ്യം.

കവി : **പി. ശങ്കരൻ നമ്പ്യാർ**, കൃതി : *രജനി*

### 3.939 വേഷപ്പകർച്ച ഉരു. . . (ബാലേന്ദു)

വസന്തതിലകം

വേഷപ്പകർച്ച ഉരു കുഞ്ചുവിനൊപ്പമാട്ടം
വാഴേങ്കടയ്ക്കു കിട ഭാവന കൃഷ്ണനൊക്കും;
മദ്യപ്രിയത്തിലതുലൻ കിടയറ്റൊരാട്ട–
ക്കാരൻ - വരട്ടെ, യതിഗോപ്യമതാണു നാമം.

കവി : **ബാലേന്ദു**, കൃതി : *വസന്തതിലകം*

## 3.940 മണ്ണുണ്ണം, വെണ്ണയുണ്ണം. . . (രാജേഷ്)

സ്രഗ്ദ്ധര

മണ്ണുണ്ണം, വെണ്ണയുണ്ണം, കടുതരവിഷസമ്മിശ്രമാം സ്തന്യമുണ്ണം,
മണ്ണം കല്ലും നിറഞ്ഞോരവിലുമരയിലച്ചീരയും തീയുമുണ്ണം,
തിണ്ണം ബ്രഹ്മാണ്ഡമങ്ങേക്കുടവയർ, ഗുരുവായൂരെഴും നാഥ, നീയെ–
ന്തുണ്ണില്ലുണ്ണീ? നിവേദിക്കുവനടിമലരിൽ ക്ലൃപ്തമെൻ തപ്തബാഷ്പം!

കവി : **വി. കെ. ജി.**

## 3.941 തീയന്മാരിലൊരാൾക്കു വമ്പനുടെ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

തീയന്മാരിലൊരാൾക്കു വമ്പനുടെ പേർ കണ്ടിട്ടസൂയാമയ–
ത്തീയെൻ മാനസതാരിൽ വന്നു പിടിപെട്ടിട്ടില്ല പിട്ടല്ല മേ
കയ്യന്മാതിരിയേറിയേറി വരുമാക്കൃഷ്ണന്നു ശുദ്ധം കടും,
കൈയൻമാരുതി പട്ടമിട്ടതു വെടിപ്പല്ലെന്നു മല്ലിട്ടു ഞാൻ

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.942 കൊലനിലമൊടടുക്കും. . . (കർത്താ)

മാലിനി

കൊലനിലമൊടടുക്കും മുൻപപായം ഭവിക്കും
നിലയിലരിയ സാദം ക്രിസ്തുവിൽക്കാൺകമൂലം
ഖലരരികളമന്ദം പാന്ഥനാകും ശിമോനെ–
ബ്ബലമൊടു സുതനീശൻ തൻ സഹായത്തിനാകി.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശു വിജയം*

## 3.943 ഖേദങ്ങളൊക്കെയുമകറ്റി. . . (ഋഷി)

വസന്തതിലകം

ഖേദങ്ങളൊക്കെയുമകറ്റി കൃപാരസം നീ–
യേകീടുകെൻ നളിനലോചന, പത്മനാഭ!
ഈ സാധു തൻ ഹൃദയമാം നവനീതമിന്നി–
ത്തൃപ്പാദപദ്മമതിൽ വച്ചു വണങ്ങിടുന്നേൻ!

കവി : **ഋഷി**

## 3.944 ഇവൾക്കു ദാരിദ്ര്യഹലത്തിൽ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഇവൾക്കു ദാരിദ്ര്യഹലത്തിൽ മേന്മേൽ
ചിന്താവ്യഥക്കാളകൾ ചേർത്തുപൂട്ടി
ദൈവംഉഴുതോരുഴവിന്റെ ചാലു
കാണാം ചുളുക്കാർന്ന കപോലഭൂവിൽ.

കവി : **ഉള്ളൂർ**

## 3.945 ദൂരത്തായി നിരന്ന്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ദൂരത്തായി നിരന്ന സൈനികമുഖം കണ്ടിട്ടു വൻ പാപഭീ–
ഭാരത്താൽ സ്വജനങ്ങൾ തൻ കൊലയിലേ വൈമുഖ്യമാർന്നീടവേ
സ്വൈരം ഫല്ഗുനനാത്മവിദ്യയുപദേശിച്ചാത്മധൈര്യം കൊടു–
ത്തോരപാർത്ഥസഖന്റെ ചേവടികളിൽ പ്രേമം ഭവിക്കാവു മേ!

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.946 സേവിച്ചീടുക പൂജ്യരെ. . . (ഋഷി)[173]

ശാർദ്ദൂലവിക്രീഡിതം

സേവിച്ചീടുക പൂജ്യരെ, പ്രിയസഖിക്കൊപ്പം സപത്നീജനം
ഭാവിച്ചീടുക, കാന്തനോടിടയൊലാ ധിക്കാരമേറ്റീടിലും,
കാണിച്ചീടുക ഭൃത്യരിൽദ്ദയ, ഞെളിഞ്ഞീടായ്ക ഭാഗ്യങ്ങളാൽ,
വാണിട്ടിങ്ങനെ കന്യയാൾ ഗൃഹിണിയാ, മല്ലെങ്കിലോ ബാധതാൻ

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *മലയാളശാകുന്തളം*

## 3.947 കാളം പോലേ കുസുമധനുഷോ. . . (ജീവി)

മന്ദാക്രാന്ത

കാളം പോലേ കുസുമധനുഷോ ഹന്ത പൂങ്കോഴി കൂകി
ചോളം പോലേ ചിതറിവിളറീ താരകാണാം നികായം
താളം പോലേ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളം പോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ.

കൃതി : *ഉണ്ണുനീലി സന്ദേശം*

## 3.948 ഋമണം വിതറിനിന്നിട്ടും. . . (ജ്യോതി)

കുസുമമഞ്ജരി

ഋമണം വിതറിനിന്നിട്ടും കുസുമമഞ്ജരിയ്ക്കമണഞ്ഞിടാൻ
കാമമായിട്ടുമളിക്കു മന്ദമൊരു ഗന്ധവാഹകനമെത്തിയാൽ
പ്രേമമാം പെരിയ കാറ്റടിയ്ക്കെ യൊളികണ്ണിനാൽ കമലലോചനൻ
തന്മുഖത്തെയുമുഴിഞ്ഞിട്ടും, പശുപനാരിയാക മമ ചിത്തമേ!

കവി : **മധുരാജ്**

## 3.949 പരമൊരുടൽ വഹിച്ചുള്ളുത്സവം. . . (ജീവി)

മാലിനി

പരമൊരുടൽ വഹിച്ചുള്ളുത്സവം പോലെ മോദം
തരുമതിമൃദുവാം നിൻ കങ്കണം ചേർന്നഹസ്തം
തരുണി! മമ കരത്തിൽ ശ്രീശതാനന്ദനർപ്പി–
ച്ചൊരു സമയമതിപ്പോഴെന്നു തോന്നുന്നു കാന്തേ!

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

---

[173] [*ഉമേഷ്*] **ശ്ലോകം 3.946 :** മൂലശ്ലോകം (**കാളിദാസൻ**):

ശുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

## 3.950 തദത്ര ഹംസാ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തദത്ര ഹംസാകൃതിമേവ ഹി ത്വാം
നീത്വാ പുരീം രാമമുഖൈഃ സപക്ഷൈഃ
ബാലാം മൃണാളീമിവ ഹാരയിഷ്യേ
കിഞ്ചില്‍ ക്ഷമസ്വേഹ പയോദപീഡാം

കവി : **മേല്‍പത്തൂര്‍**, കൃതി : *സുഭദ്രാഹരണം*

## 3.951 ബിംബോഷ്ഠി, നീ ഗൃഹിണിയായ്. . . (കര്‍ത്താ)

വസന്തതിലകം

ബിംബോഷ്ഠി, നീ ഗൃഹിണിയായ് പുനരമ്മയായി–
ട്ടമ്മൂമ്മയായ് വരുമതേ ഗഡുവുകളെല്ലാം
ധര്‍മ്മം നിജം ചെറുതുമേ പിഴയാതെകണ്ടു
ശര്‍മ്മം വരുത്തുക ചിരം തറവാട്ടിനീഡ്യേ.

കവി : **മൂലൂര്‍**, കൃതി : *ഭര്‍ത്തൃശുശ്രൂഷ*

## 3.952 ധനങ്ങളുള്ളോരിനി. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനങ്ങളുള്ളോരിനി വേണ്ടതിപ്പോ–
ളെനിക്കു തോന്നുന്നതു ഞാനരയ്ക്കാം
ഇദ്ദിക്കില്‍ നിന്നാശു കടത്തി വെയ്പാ–
നുദ്യോഗമദ്യൈവ തുടങ്ങിടേണം

കവി : **കുഞ്ചന്‍ നമ്പ്യാര്‍**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.953 ഇംഗ്ലീഷിന്റെ കഴുത്തു. . . (കര്‍ത്താ)

ശാര്‍ദ്ദൂലവിക്രീഡിതം

ഇംഗ്ലീഷിന്റെ കഴുത്തു ഞെക്കുക! പലേ നാളായി ഞെക്കുന്നു നാം;
ഇല്ലീ രാക്ഷസനല്‍പ്പവും ക്ഷതി; മരിക്കില്ലാ മരിക്കില്ലിവന്‍!
ഇന്നോ 'മീഡിയ'മെന്ന നവ്യധമനീപൂരത്തിനാലിമ്പകന്‍
കുന്നിക്കു, ന്നൊരു ഭീമസേനനെയൊരുക്കുന്നെത്രനാളായി നാം!

കവി : **ഏവൂര്‍ പരമേശ്വരന്‍.**

## 3.954 ഇരിക്കൊലാ പൊങ്ങുക. . . (ജീവി)

വംശസ്ഥം

ഇരിക്കൊലാ പൊങ്ങുക വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ
വരിഷ്ഠമാം തങ്കമുരച്ച രേഖപോ–
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോല്‍.

കവി : **കുമാരനാശാന്‍**, കൃതി : *മിന്നാമിനുങ്ങ്*

## 3.955 വരുമാറു വിധം. . . (കർത്താ)

വിയോഗിനി

വരുമാറു വിധം വികാരവും
വരുമാറില്ലറിവിന്നിതിന്നു നേർ;
ഉരുവാമുടൽ വിട്ടു കീർത്തിയാ–
മുരുവാർന്നിങ്ങനുകമ്പ നിന്നിടും.

കവി : **ശ്രീനാരായണഗുരു**, കൃതി : *അനുകമ്പാദശകം*

## 3.956 ഉടുത്തുള്ള പട്ടൊന്നു. . . (ഉമേഷ്)

ഭുജംഗപ്രയാതം

ഉടുത്തുള്ള പട്ടൊന്നു മേൽപോട്ടൊതുക്കി–
ത്തിടുക്കെന്നരക്കെട്ടു ധൃഷ്ടം മുറുക്കി
മിടുക്കോടിടക്കൈ മടക്കീട്ടു മുട്ടിൽ–
ക്കടുക്കുന്ന കോപത്തൊടാഞ്ഞൊന്നടിച്ചു

കവി : **പന്തളം കേരളവർമ്മ**

## 3.957 മൂഢന്നും പണ്ഡിതന്നും. . . (കർത്താ)

സ്രഗ്ദ്ധര

മൂഢന്നും പണ്ഡിതന്നും പെരിയ ധനികനും പിച്ച തെണ്ടുന്നവന്നും
പ്രൗഢന്നും പ്രാകൃതന്നും പ്രഭുവിനിടയനും കണ്ട നായ്ക്കും നരിക്കും
ബാഢം വ്യാപിക്കുമാറായ്പ്പകലുമിരവിലും ലോകമോർക്കാതെ മായാ–
ഗൂഢക്കയ്യാൽ മയക്കും മഹിതമരണമേ! നിന്റെ ഘോഷം വിശേഷം.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.958 ബാഹുദ്വന്ദ്വേന രത്നോജ്ജ്വല. . . (ഉമേഷ്)[174]

സ്രഗ്ദ്ധര

ബാഹുദ്വന്ദ്വേന രത്നോജ്ജ്വലവലയഭൃതാ ശോണപാണിപ്രവാളേ–
നോപാത്താം വേണുനാളീം പ്രസൃതനഖമയൂഖാംഗുലീസംഗശാരാം
കൃത്വാ വക്ത്രാരവിന്ദേ സുമധുരവികസദ്രാഗമുദ്ഭാവ്യമാനൈഃ
ശബ്ദബ്രഹ്മാമൃതൈസ്ത്വം ശിശിരിതഭുവനൈഃ സിഞ്ച മേ കർണ്ണവീഥിം.

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (100:3)*

## 3.959 കടവിലധിഗൃഹം. . . (കർത്താ)

മാലിനി

കടവിലധിഗൃഹം വാണീടുമന്തോണിയോടാ
മട്ടുസമമൊഴിയഭ്യർത്ഥിക്കയാൽ പാരഭാഗം
ഝടിതിയുപനയിച്ചാൻ യക്ഷിയേ നാവികൻതാ–
നടനവിടെയണഞ്ഞാൻ വേത്രവാൻ കത്തനാരും.

കവി : **മൂലൂർ**, കൃതി : *കടമറ്റത്തു കത്തനാരും യക്ഷിയും*

---

[174] *[ഉമേഷ്]* ശ്ലോകം **3.958 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ചാലേ രത്നങ്ങൾ മിന്നും തരിവള വിലസും ചെന്തളിർപ്പാണിയുഗ്മ–
ത്താലേ നൽത്തുനഖച്ചാർത്തൊളി വിതറിടുമാ വേണു ചെഞ്ചുണ്ടണച്ചും
മോദം മുപ്പാരിനേകം മധുരമധുരമാം രാഗഭേദങ്ങൾ ചോരും
നാദബ്രഹ്മാമൃതത്താൽ ചെവിയിണയിവനും നീ കുളിർപ്പിച്ചിടേണം.

### 3.960 ഝഷകൂർമ്മവരാഹ. . . (ഉമേഷ്)[175]

വസന്തമാലിക

ഝഷകൂർമ്മവരാഹനാരസിംഹാ–
ദ്യവതാരങ്ങളെടുത്തു പദ്മനാഭൻ
പരിണാമവിധേയമാണു ദൈവം
വരെയെല്ലാമിതി ഡാർവിനോടു ചൊല്ലാൻ!

കവി : **ഉമേഷ് നായർ**

### 3.961 പണി തീർപ്പതിനെന്തിനാറുമാസം. . . (ബാലേന്ദു)[176]

വസന്തമാലിക

"പണി തീർപ്പതിനെന്തിനാറുമാസം?
പണിതീ വിശ്വമൊരാഴ്ചകൊണ്ടു ദൈവം"
"പണിയിൽ ധൃതി കൂടിയായതിൻ
പണികുറ്റം പറ, കില്ലയോ ജഗത്തിൽ?"

കവി : **ബാലേന്ദു**

### 3.962 പാനീയം സ്ഫടികോപമം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാനീയം സ്ഫടികോപമം; പരിമളം തിങ്ങുന്ന പങ്കേരുഹം;
ചേണാർന്നോരളിസഞ്ചയം; പുളിനമവ്വണ്ണം മനോമോഹനം;
ഞാനെന്തിന്നധികം പറഞ്ഞു സമയം പോക്കുന്നു? ചിന്തിക്കിലീ–
സ്ഥാനം താൻ രസികർക്കു യോഗ്യതരമായീടും വിഹാരസ്ഥലം.

കവി : **തോട്ടക്കാട്ട് ഇക്കവമ്മ**, കൃതി : *നളചരിതം*

### 3.963 ഞാനിങ്ങു ചിന്താശകലങ്ങൾ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഞാനിങ്ങു ചിന്താശകലങ്ങൾ കണ്ണു–
നീരിൽ പിടിപ്പിച്ചൊരു കോട്ട കെട്ടി
അടിച്ചുടച്ചാൻ ഞൊടികൊണ്ടതാരോ;
പ്രപഞ്ചമേ, നീയിതുതന്നെയെന്നും!

കവി : **നാലാപ്പാട്ടു നാരായണമേനോൻ** , കൃതി : *കണ്ണുനീർത്തുള്ളി*

### 3.964 അടുത്തു പോയ് മൂവടി. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

അടുത്തു പോയ് മൂവടി തെണ്ടി, യെന്നി–
ട്ടൊടുക്കമാ മാബലിയെക്കറോരം
മുടിച്ചവൻ നമ്മുടെയീശ്വരൻ ഹാ!
***കടപ്പമാണീശ്വരലീലയെന്നും!***

കവി : **ഉമേഷ് നായർ**, കൃതി : *(സമസ്യാപൂരണം)*

---

[175] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ഝ ശ്ലോകം)

[176] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (വസന്തമാലികയിൽ പ–പ ശ്ലോകം)

## 3.965 മാനോടൊത്തു വളർന്നു. . . (ഹരി)[177]

ശാർദ്ദൂലവിക്രീഡിതം

മാനോടൊത്തു വളർന്നു മന്മഥകഥാഗന്ധം ഗ്രഹിക്കാത്തൊരാൾ
താനോ നാഗരികാംഗനാരസികനാമെന്നെ ഭ്രമിപ്പിക്കുവാൻ?
ഞാനോരോന്നു വൃഥാ പറഞ്ഞു പരിഹാസാർത്ഥം പരം തോഴരേ!
താനോ ശുദ്ധനതൊക്കെയിന്നു പരമാർത്ഥത്വേന ബോധിക്കൊലാ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ** , കൃതി : *മണിപ്രവാളശാകുന്തളം*

## 3.966 ഞാനോ മാനിനിമാർക്കു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനോ മാനിനിമാർക്കു മന്മഥനഹോ! ശാസ്ത്രത്തിലെന്നോടെതിർ–
പ്പാനോ പാരിലൊരുത്തനില്ല, കവിതയ്ക്കൊന്നാമനാകുന്നു ഞാൻ;
താനോരോന്നിവയോർത്തുകൊണ്ടു ഞെളിയേണ്ടെൻ ചിത്തമേ! നിശ്ചയം
താനോ ജീവനൊരസ്ഥിരത്വമതിനാൽ നിസ്സാരമാണൊക്കെയും.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.967 തളിരുപോലധരം. . . (ഹരി)[178]

ദ്രുതവിളംബിതം

തളിരുപോലധരം സുമനോഹരം
ലളിത ശാഖകൾ പോലെ ഭുജദ്വയം
കിളിമൊഴിക്കുടലിൽ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൗവനം

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ** , കൃതി : *മണിപ്രവാളശാകുന്തളം*

## 3.968 കനകഭൂഷണസംഗ്രഹണോചിതോ. . . (ഉമേഷ്)

ദ്രുതവിളംബിതം

കനകഭൂഷണസംഗ്രഹണോചിതോ
യദി മണിസ്ത്രപുണി പ്രണിധീയതേ
ന സ വിരൗതി ന ചാപി ന ശോഭതേ
ഭവതി യോജയിതുർവചനീയതാ

## 3.969 നവവധൂടിയൊടൊത്തിഹ. . . (ഹരി)

ദ്രുതവിളംബിതം

നവവധൂടിയൊടൊത്തിഹ ജീവിതാ–
സവരസം നുകരുന്നതിലല്ല, തേ

[177] [*ഉമേഷ്*] ശ്ലോകം **3.965 :** മൂലശ്ലോകം (**കാളിദാസൻ**) :

ക്വ വയം, ക്വ പരോക്ഷമന്മഥോ
മൃഗശാബൈഃ സമമേധിതോ ജനഃ
പരിഹാസവിജല്പിതം സഖേ!
പരമാർത്ഥേന ന ഗൃഹ്യതാം വചഃ

[178] [*ഉമേഷ്*] ശ്ലോകം **3.967 :** മൂലശ്ലോകം (**കാളിദാസൻ**) :

അധരഃ കിസലയരാഗഃ / കോമളവിടപാനുകാരിണൗ ബാഹൂ
കുസുമമിവ ലോഭനീയം / യൗവനമംഗേഷു സന്നദ്ധം.

ഭവവിമുക്തിയിലാം കൊതിയെങ്കിലീ–
ബ്ഭവനവും വനവും തവ തുല്യമാം

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.970 ഭവനമാ വനമാക്കി. . . (ഉമേഷ്)

ദ്രുതവിളംബിതം

ഭവനമാ വനമാക്കി വസിച്ചിട്ടു–
ന്നവരുമേവരുമേ തിരയും വിഭോ!
മഹിതമീ ഹിതമീ വിധമാക്കുകെ–
ന്നകമലം, കമലം തൊഴുമക്ഷികൾ.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.971 മധുകരോപമമിങ്ങനെ. . . (ഹരി)

ദ്രുതവിളംബിതം

മധുകരോപമമിങ്ങനെ നിഷ്ഫലം
വിധുരനായുഴലായ്ക വൃഥാ ഭവാൻ
വധുവൊരുത്തിയെ വേൾക്ക, വിവാഹമേ
മധുരബന്ധുരബന്ധമനുത്തമം

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.972 വിവിധനർമ്മഭിരേവമഹർന്നിശം. . . (ഉമേഷ്)[179]

ദ്രുതവിളംബിതം

വിവിധനർമ്മഭിരേവമഹർന്നിശം
പ്രമദമാകലയൻ പുനരേകദാ
ഋജുമതേഃ കില വക്രഗിരാ ഭവാൻ
വരതനോരതനോരതിലോലതാം

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*

## 3.973 ഋഷികുമാരവധത്തിൽ. . . (ഹരി)

ദ്രുതവിളംബിതം

ഋഷികുമാരവധത്തിലനാഥനായ്
മരുവുമാ മുനിശാപവചസ്സിനാൽ
പ്രിയസുതന്റെയഭാവമെരിച്ചുകൊ–
ണ്ടുഴറി നേമി സുരാലയമേറിപോൽ

കവി : **ഹരിദാസ്**

## 3.974 പുകഴുമാ പ്രഭു. . . (ഉമേഷ്)[180]

ദ്രുതവിളംബിതം

പുകഴുമാ പ്രഭു വേ, ട്ടുഗജാതനി–

[179] [*ഉമേഷ്*] ശ്ലോകം **3.972 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

രതിവിധം പലതാൽ സുഖമേകിയാ
രതിസമഗ്ഗിരവും പകലും ഭവാൻ;
ഋജുമതിക്കഥ വക്രവചസ്സിനാ–

മൃഗകളങ്കിയണഞ്ഞതിനൊത്തുതേ
മഗധകേകയകോസലനാഥർ തൻ
മകളരുൾക്കളരുഢരസം തദാ.

കവി : **കുണ്ടൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ*

## 3.975 മധുരസാന്ദ്രധുരം. . . (ഹരി)

ദ്രുതവിളംബിതം

മധുരസാന്ദ്രധുരം ഹി തവാധരം
തരുണി മദ്വദനേ വിനിവേശയ
മമ ഗൃഹാണകരേണ കരാംബുജം
പപ പതാമി ഹഹാ ഭുഭു ഭൂതലേ

കവി : **ജഗന്നാഥ പണ്ഡിതർ**

## 3.976 മലയമാലയമായ. . . (ഉമേഷ്)

ദ്രുതവിളംബിതം

മലയമാലയമായ തപോധനൻ
തല കുനിച്ചധരത്തിനു താഴെയും
ബലമൊടെത്തുമവർക്കിരു കയ്യിലും
വിലസി വേ, ലസി വേറെയുമായുധം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.977 ബാലത്വം പൂണ്ടുമേവുന്നളവൊരു. . . (ഹരി)

സ്രഗ്ദ്ധര

ബാലത്വം പൂണ്ടുമേവുന്നളവൊരു ദിനമങ്ങന്യഗോപാലരോടേ
മോഹത്താൽ വെണ്ണുരിക്കിൻ കുസുമമതിനു തൻ മോതിരം വിറ്റപോൽ നീ
സ്നേഹത്തിൻ ഭംഗഭീത്യാ ബത രമയുമതിന്നപ്രിയം ഭാവിയാതേ
സേവിച്ചാളെന്ന ലോകോത്തരമധുരിമ ഞാൻ കണ്ടിതാവൂ കൃപാബ്ധേ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.978 സോമാർദ്ധത്തിന്നുദിപ്പാൻ. . . (ഉമേഷ്)

സ്രഗ്ദ്ധര

സോമാർദ്ധത്തിന്നുദിപ്പാനുദയഗിരിതടം, ചിത്രകൂടം ഭുജംഗ-
സ്തോമാനാം, വൈധസീനാമരിയ പിണമിടും കാട്ടു മൂർദ്ധാവലീനാം,
വാർമേവീടും നറും കാഞ്ചനമണികലശം ദിവ്യഗംഗാജലാനാം,
കാമാരേ, നിൻ കപർദ്ദം, ജയതി ഘനകൃപാകല്യ, ചെല്ലൂർപിരാനേ!

---

ലുടലിലാടലിലാശ കെട്ടുത്തു നീ.

180 [*ഉമേഷ്*] ശ്ലോകം **3.974 :** മൂലശ്ലോകം (കാളിദാസൻ) :
തമലഭന്ത പതിം പതിദേവതാഃ
ശിഖരിണാമിവ സാഗരമാപഗാഃ
മഗധകോസലകേകയശാസിനാം
ദുഹിതരോ$\int$ഹിതരോപിതമാർഗ്ഗണം.

## 3.979 വെച്ചിട്ടൂട്ടിയുമുണ്ടും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വെച്ചിട്ടൂട്ടിയുമുണ്ടുമൂഴദിവസം പത്നീസപത്നീജനം
മച്ചിന്നുള്ളിലതും കഴിച്ചു തല ചാച്ചീടാൻ കൊതിച്ചെത്തവേ
ഇച്ചിപ്പെണ്ണിനടുത്തുപോയവൾകരിംചുണ്ടാൽപ്പകർന്നേകവോ–
രെച്ചിൽച്ചാറു കുടിച്ചിടുന്ന കൊശവൻ നമ്പൂരി സംപൂജ്യനാം

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.980 ഇത്ഥം രാത്രിഞ്ചരൻ. . . (കർത്താ)

സ്രഗ്ദ്ധര

ഇത്ഥം രാത്രിഞ്ചരൻ താൻ പറയുമളവുടൻ സീതയെപ്പുക്കെടുത്തി–
ട്ടത്യന്തം ഘോരമാകും ഗഹനഭുവി നടക്കുന്ന നേരം സ രാമഃ
ധൃത്വാ ബാണം കരാഗ്രേ ജനകസുതയുടെ രോദനം കേട്ടു ജാതം
തീർത്തും സൗമിത്രി ഖേദം പുനരപി തരസാ രാഘവോ വാചമൂച.

കവി : **കൊട്ടാരക്കരത്തമ്പുരാൻ**, കൃതി : *രാമനാട്ടം*

## 3.981 ധ്യാനിയ്ക്കുന്ന മനസ്സിൽനിന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ധ്യാനിയ്ക്കുന്ന മനസ്സിൽനിന്നു മധുരം ചാലിച്ച ലാവണ്യമായ്,
മോഹിയ്ക്കുന്ന നഭസ്സിൽനിന്നു സുകൃതം പെയ്യുന്ന കാരുണ്യമായ്,
ദാഹിയ്ക്കുന്ന നിലങ്ങൾതേടിയമൃതം പൊഴിയുന്ന വാത്സല്യമായ്,
സ്നേഹത്തിന്റെ വിശുദ്ധിയായൊഴുകിടും ശ്ലോകങ്ങളേ കുമ്പിടാം!

കവി : **പി. എൻ. വിജയൻ** , കൃതി : *ശ്ലോകസ്തോത്രപഞ്ചകം*

## 3.982 ദയയൊരു ലവലേശം. . . (രാജേഷ്)

മാലിനി

ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാർക്കിലത്യന്ത മോശം
പറകിൽ നഹി കലാശം, പാർക്കിലിന്നേകദേശം
സുമുഖി! നരകദേശം തന്നെയാണാപ്രദേശം.

കവി : **വെണ്മണി മഹൻ**

## 3.983 പീലിക്കാർകുന്തൽ കെട്ടിത്തിരുകി. . . (ഋഷി)

സ്രഗ്ദ്ധര

പീലിക്കാർകുന്തൽ കെട്ടിത്തിരുകിയതിൽ മയിൽപ്പീലിയും ഫാലദേശേ
ചാലേ തൊട്ടുള്ള ഗോപിക്കുറിയുമഴകെഴും മാലയും മാർവിടത്തിൽ
തോളിൽച്ചേർത്തുള്ളൊരോടക്കുഴലുമണികരേ കാലി മേയ്ക്കുന്ന കോലും
കോലും ഗോപാലവേഷം കലരുമുപനിഷത്തിന്റെ സത്തേ നമസ്തേ!

കവി : **ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ**

## 3.984 തവ ദധിഘൃതമോഷേ. . . (ജ്യോതി)[181]

മാലിനി

തവ ദധിഘൃതമോഷേ ഘോഷയോഷാജനാനാം
അഭജത ഹൃദി രോഷോ നാവകാശം ന ശോകഃ
ഹൃദയമപി മുഷിത്വാ ഹർഷസിന്ധൗ ന്യധാസ്ത്വം
സ മമ ശമയ രോഗാൻ വാതഗേഹാധിനാഥ!

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം* (45:10)

## 3.985 ഹാ, കാലഭേദം ചെറുതോ?. . . (ഋഷി)

ഇന്ദ്രവജ്ര

ഹാ, കാലഭേദം ചെറുതോ? കരങ്ങ–
ളോരായിരം പൂണ്ട ദിവാകരന്നും
തടുത്തുകൂടാത്ത വിധത്തിലല്ലോ
ജൃംഭിച്ചിടുന്നു ജഡമാം ഹിമൗഘം

കവി : **വള്ളത്തോൾ** , കൃതി : *മഞ്ഞുകാലം*

## 3.986 താക്കോൽ കൊടുക്കാതെ. . . (ജീവി)

ഇന്ദ്രവജ്ര

താക്കോൽ കൊടുക്കാതരുണോദയത്തിൽ
ത്താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴി തൻ പുഷ്കലകണ്ഠനാദം
കേട്ടിങ്ങുണർന്നേറ്റു കൃഷീവലന്മാർ.

കവി : **കുറ്റിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

## 3.987 പാലെന്നോണം വെളുപ്പാർന്നൊരു. . . (ഋഷി)

സ്രഗ്ധര

പാലെന്നോണം വെളുപ്പാർന്നൊരു പകലിൽനിരക്കും പ്രകാശപ്പരപ്പും
പാലപ്പൂവൊത്ത നൽച്ചന്ദ്രിക വിരവിലിണക്കും നിശീഥത്തുടിപ്പും
പാരിൽ പൊൻചെമ്പരത്തിച്ചെടികളുടെ ദിനാന്തത്തുടിപ്പും രചിക്കി–
ല്ലാരിൽ കൗതുഹലത്തിൽ കുളുർമയുമതുലാനന്ദ സാരസ്യവായ്പും.

കവി : **ഡി. ശ്രീമാൻ നമ്പൂതിരി** , കൃതി : *ആനന്ദത്തിന്*

## 3.988 പാരാം പാരിങ്കലെല്ലാം. . . (ഉമേഷ്)

സ്രഗ്ധര

പാരാം പാരിങ്കലെല്ലാം പരമചപലയാണെന്ന നിൻ തോഴിയാകം
താരാർമാതിന്നു ദുഷ്പേരിളകിയതവിടേയ്ക്കൊട്ടു പോരായ്കയെങ്കിൽ,
മാരാരാതിപ്രിയേ, ഞാനൊരു വഴി പറയാം, എങ്കലെന്നും വസിക്കാ-
നാരാൽക്കൽപ്പിക്ക തൃക്കണ്ണുനയുടെ കളിയാലാളിയെ, ക്കാളി, യെന്നും!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

---

181 [*ഉമേഷ്*] **ശ്ലോകം 3.984 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :
ദധി, ഘൃതമിവ നിത്യം കട്ടു നീ തിന്നു; വെന്നാൽ
ക്രുധയുമഴലുമൊട്ടും ഗോപിമാരാർന്നതില്ല;
കരളുമപഹരിച്ചിട്ടാഴ്ത്തി ഹർഷാബ്ധി തന്നിൽ
ഗുരുപവനപുരേശാ, നൽക നീ ദേഹസൗഖ്യം!

## 3.989 മൂന്നാണങ്ങേക്കു പണ്ടേ. . . (ഹരി)

സ്രഗ്ദ്ധര

മൂന്നാണങ്ങേക്കു പണ്ടേ ദയിതക, ളവരിൽ സ്വസ്ഥയായേക കഷ്ടം!
പിന്നീടുള്ളോൾ പുകൾപ്പെ, ണ്ണവളപരപുരാന്തങ്ങളിൽ സഞ്ചരിപ്പൂ,
ഭാഷായോഷിത്തുപെറ്റിപ്രജകൾ വളരെയാ, യാംഗനർത്ഥത്തിലായീ,
വാർദ്ധക്യത്താലവറ്റിൽ ചിലതിനു ചിലവേകാനുമാകാതെയായോ?

കവി : **വി.സി.ബാലകൃഷ്ണപ്പണിക്കർ**

## 3.990 ഭിക്ഷാർത്ഥീ സ ക്വ യാതഃ. . . (ഉമേഷ്)[182]

സ്രഗ്ദ്ധര

"ഭിക്ഷാർത്ഥീ സ ക്വ യാതഃ, സുതനു?" –
"ബലിമഖേ";
"താണ്ഡവം ക്വാദ്യ ഭദ്രേ?" –
"മന്യേ വൃന്ദാവനാന്തേ";
"ക്വ നു സ മൃഗശിശുർ?" –
"നൈവ ജാനേ വരാഹം";
"ബാലേ, കച്ചിന്ന ദൃഷ്ടോ ജരഠവൃഷപതിർ?" –
"ഗ്ഗോപ ഏവാത്ര വേത്താ"
ലീലാസല്ലാപ ഇത്ഥം ജലനിധിഹിമവത്കന്യയോസ്ത്രായതാം വഃ

## 3.991 ബാലാദിത്യൻ കരത്താൽ. . . (ഹരി)

സ്രഗ്ദ്ധര

ബാലാദിത്യൻ കരത്താലരിമയൊടു തലോടീടവേ പാടലശ്രീ–
ലീലാരംഗം പ്രഭാവ പ്രകൃതിയുടെമൃദുസ്നിഗ്ദ്ധഗണ്ഡം കണക്കേ
മേലാലെത്തും വിപത്തിൻ വിപുലതയെ വിചാരിച്ചു നോക്കുന്നതിന്നും
മേലാതേ നിന്നൊട്ടുക്കം പട്ടുചുടലപനീർപ്പൂവു ചുംബിച്ചിടുന്നു.

കവി : **വി.സി.ബാലകൃഷ്ണപ്പണിക്കർ** , കൃതി : *ഒരു വിലാപം*

## 3.992 മമ ഗുരുമിഹ വിത്ത. . . (കർത്താ)

മാലിനി

മമ ഗുരുമിഹ വിത്ത ബ്രഹ്മപൂർവാനുഭൂതിം
സ്തുതിരപി രചിതേയം തൽപ്രസാദന്ന ശക്ത്യാ
ഗുരുവദപി ച ഭക്ത്യാ പദ്മനാഭേ$\int$നുഭൂതി–
ധ്വനിരപി മമ സംജ്ഞാ ദേവദേവേശപൂർവഃ

കവി : **ഈശാനുഭൂതി യതി**

---

[182] [*ഉമേഷ്*] ശ്ലോകം **3.990** : പരിഭാഷ (എൻ. കെ. ദേശം) :

"തെണ്ടിച്ചാരെങ്ങുപോയ് പാർവ്വതി?" – "സഖി, ബലിയാഗത്തി"; "ലെങ്ങിന്നു നൃത്തം?" –
"വൃന്ദാരണ്യത്തി"; "ലെങ്ങാച്ചെറുമൃഗമഗജേ?" – "പന്നിയെ, ഞ്ഞാരറിഞ്ഞൂ?"
"കണ്ടില്ലെങ്ങുണ്ടു കാളക്കിഴവ?" – "നതിടയൻ ചൊല്ലിടും" – നീങ്ങിടാവൂ
നിങ്ങൾക്കിക്കുന്നലപ്പെൺകൊടികളുടെ കളിച്ചൊല്ലിനാലല്ലലെല്ലാം!

മറ്റൊരു പരിഭാഷയ്ക്ക് *പിച്ചക്കാരൻ ഗമിച്ചാൻ. . .* (ശ്ലോകം 3.326, പുറം 69) എന്ന ശ്ലോകം കാണുക.

## 3.993 ഗീതയ്ക്കും നബിവാക്കുകൾക്കുമിവിടെ. . . (ഉമേഷ്)[183]

ശാർദ്ദൂലവിക്രീഡിതം

ഗീതയ്ക്കും നബിവാക്കുകൾക്കുമിവിടെ സ്ഥാനം കൊടുക്കേ, ണ്ടൊരേ
മാതാവാണിരുപേർക്കുമെന്നു കരുതിച്ചേർന്നീടുവിൻ കൂട്ടരേ!
ബോധം വിട്ട നരന്റെ ചെയ്തികളൊരേ നാടായ്ക്കഴിഞ്ഞോരെ നിർ–
ബാധം വേർപിരിയാൻ വിധിച്ചു - പിരിയാൻ വീണ്ടും തുനിഞ്ഞീടൊലാ!

കവി : ഉമേഷ് നായർ

## 3.994 ബാണാംസ്ഥേ പുരഭേദിനോപി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ബാണാംസ്ഥേ പുരഭേദിനോപി ച തനുദ്വൈധീകൃതിപ്രക്രിയാ–
ധൗരേയാന്മയി മാ പ്രയുങ്ക്ഷ്വ ജഗതീനിർദ്വന്ദ്വകേളീഗുരോ,
ലജ്ജന്തേ ന കഥന്വമീ മയി പുനർമ്മുക്ത്വാ പതന്തസ്ത്വയാ
ഫുല്ലന്മല്ലിഗുളുച്ഛകോമളതമസ്വാന്തേ നിതാന്താകുലേ?

കവി : കാക്കശ്ശേരി ഭട്ടതിരി

## 3.995 ലാക്ഷാനിർമ്മിതമന്ദിരത്തിൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ലാക്ഷാനിർമ്മിതമന്ദിരത്തിലിവരെക്കൊണ്ടിട്ടു തീവെച്ചതും
രൂക്ഷത്വം കലരുന്ന ഭീമനെ വിഷച്ചോറൂട്ടിയെന്നുള്ളതും
അക്ഷത്തിൽ ചതിചെയ്തുകൊണ്ടഖിലവും തട്ടിപ്പറിപ്പിച്ചതും
സൂക്ഷ്മത്തോളമെനിക്കുനല്ലൊരറിവുണ്ടെന്നും പറഞ്ഞീടണം

കവി : നടുവത്തച്ഛൻ നമ്പൂതിരി, കൃതി : *ഭഗവദ്ദൂത്*

## 3.996 ആനക്കമ്പമൊരുത്ത, നാനനടയാൾ. . . (ഉമേഷ്)[184]

ശാർദ്ദൂലവിക്രീഡിതം

ആനക്കമ്പമൊരുത്ത, നാനനടയാൾക്കമ്പം പര, ന്നീശ്വര–
ദ്ധ്യാനക്കമ്പമൊരാൾക്കു, നൽക്കഥകളിക്കമ്പം മുറയ്ക്കന്യനും
ഗാനക്കമ്പമതാണു പിന്നെയൊരുവ, ന്നീയുള്ളവന്നക്ഷര–
ശ്ലോകക്കമ്പവുമാട്ടെ, യെന്തപകടം? ഭ്രാന്താലയം കേരളം!

കവി : ടി. എം. വി.

## 3.997 ഗണേശവാണീഗുരു. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഗണേശവാണീഗുരുദക്ഷിണേശാൻ
വന്ദേ ദയാബ്ധീൻ വരദാനശീലാൻ;
ജന്മാദിമൂലാനി നിരസ്യ ചാഘാ–
ന്യമീ ദിശന്ത്വാശു മദാത്മശുദ്ധിം.

കൃതി : *ആശൗചചിന്താമണി*

---

[183] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ഗ–ബ ശ്ലോകം)

[184] ഈ ശ്ലോകം ഗ്രൂപ്പിലേക്ക് ആദ്യമായി അയച്ചതു വാസുദേവൻ ആണ്.

### 3.998 ജലത്തിലെപ്പോളകളെന്നപോലെ. . . (ഹരി)

ഉപേന്ദ്രവജ്റ

ജലത്തിലെപ്പോളകളെന്നപോലെ
ചലം മനുഷ്യർക്കു ശരീരബന്ധം
കുലം ബലം പുത്രകളത്രജാലം
ഫലം വരാ മൃത്യു വരും ദശായാം

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണ ചരിതം മണിപ്രവാളം*

### 3.999 കണവന്റെ കരത്തിൽ. . . (കർത്താ)

വിയോഗിനി

കണവന്റെ കരത്തിലംബുജേ–
ക്ഷണയാമന്യ കൊടുത്ത നന്ദനൻ
ഘൃണയറ്റ ഭടന്റെ കൂർത്തെഴും
കണയേറ്റിട്ടു മരിച്ചിതഞ്ജസാ.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശുവിജയം*

### 3.1000 ഘ്രാണിക്കാൻ കുസുമം സഹസ്രദളം. . . (ഉമേഷ്)[185]

ശാർദ്ദൂലവിക്രീഡിതം

ഘ്രാണിക്കാൻ കുസുമം സഹസ്രദള, മത്യുഗ്രാന്ധകാരത്തിലും
കാണിക്കാൻ വഴിയാ സഹസ്രകിരണൻ, സംസാരപീഡാർത്തരായ്
കേണാൽ വീണിടുവാൻ സഹസ്രപദപാദാംഭോജ, മാറ്റീടുവാൻ
ക്ഷീണം ശ്ലോകസഹസ്ര, മിത്ര സുകൃതം നമ്മൾക്കു കൈവന്നുവോ?

കവി : **ഉമേഷ്**

[185] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം. ആയിരം ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയതു്.